# PAURASTYA VIDYAPITHAM

THEOLOGY CORRESPONDENCE COURSE (ONLINE)

## INTRODUCTION TO LITURGY AND THE LITURGY OF THE HOURS

Fr. Thomas Karintholil

www.malankaralibrary.com

# ആരാധനാക്രമത്തിന് ഒരു ആമുഖം

ഗ്രീക്ക് ഭാഷയിലെ ലാവോസ് (ജനങ്ങൾ) എർഗോൺ (ജോലി/ സേവനം) എന്നീ പദങ്ങളിൽ നിന്നാണ് ലിറ്റർജി (ആരാധനാക്രമം) എന്ന ഇംഗ്ലീഷ് വാക്ക് ഉത്ഭവിച്ചത്. ജനങ്ങളുടെ പൊതു നന്മയ്ക്കുവേണ്ടി ചെയ്യുന്ന ഒരു ജോലി അല്ലെങ്കിൽ രാഷ്ട്രം വിഭാവനം ചെയ്യുന്ന ഏതെങ്കിലും പദ്ധതികൾ എന്നിവയെയാണ് ഈ വാക്ക് അർത്ഥമാക്കിയിരിക്കുന്നത്. ഒരാൾ ഏറ്റെടുക്കുന്ന പൊതുസ്വഭാവമുള്ള ഉദ്യോഗം/ ജോലി എന്നതിനെയും ഈ വാക്ക് സൂചിപ്പിക്കുന്നുണ്ട്. യവനകാലഘട്ടത്തിൽ ഈ വാക്കിന് അല്പം കൂടി വിശാലമായ അർത്ഥതലങ്ങൾ ലഭിക്കുകയും അടിമകൾ തങ്ങളുടെ യജമാനനുവേണ്ടി ചെയ്തിരുന്ന ജോലികളെയും ഒരു വ്യക്തി തന്റെ സ്നേഹിതർക്കും പ്രിയപ്പെട്ടവർക്കും വേണ്ടി ചെയ്തിരുന്ന നന്മപ്രവൃത്തികളെയും സൂചിപ്പിക്കാൻ ഈ പദം വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ഗ്രീക്ക് സഭയിൽ ഈ വാക്ക് പൊതുആരാധനയെ പ്രത്യേകിച്ചും വിശുദ്ധകുർബാനയെ സൂചിപ്പിക്കാനായി ഉപയോഗിച്ചിരുന്നു. ക്രിസ്തീയആരാധനാമണ്ഡലത്തിലേക്ക് ഈ പദത്തെ കടമെടുത്തപ്പോൾ ഒരു പരിധിവരെ സേവനാർത്ഥം ചെയ്യുന്ന പ്രവൃത്തി എന്ന അർത്ഥം നിലനിർത്തുകയും ദൈവാരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സൂചിപ്പിക്കാനായി ഈ പദം ഉപയോഗിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടോടെ ഈ പദം മേൽപ്പറഞ്ഞ അർത്ഥത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടാൻ തുടങ്ങി. പഴയനിയമത്തിൽ (LXX) സെപ്ത്വജിന്ത് പുരോഹിത/ലേവി ഗണത്തിന്റെ ശുശ്രൂഷകളെ സൂചിപ്പിക്കുവാനായി 170 തവണ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ ദൈവാരാധന കൂടാതെ സുവിശേഷപ്രഘോഷണം, ഉപവിപ്രവൃത്തികൾ ചെയ്യൽ തുടങ്ങിയവയെക്കൂടി സൂചിപ്പിക്കുവാൻ 15 തവണ ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

ഹെബ്രായ 8, 2 - 6 മിശിഹായുടെ പൗരോഹിത്യ ശുശ്രൂഷയെയും; റോമ 15, 16 ആത്മീയ ശുശ്രൂഷയെയും, അപ്പസ്തോല പ്രവർത്തനങ്ങൾ 13,2 കർത്തൃശുശ്രൂഷയെയും, ലൂക്കാ 1, 23 സഖറിയായുടെ പുരോഹിത ശുശ്രൂഷയെയും 2 കോറി 9, 12 വി. പൗലോസിന്റെ പ്രേഷിത പ്രവർത്തനങ്ങളെയും, ഫിലിപ്പി 2, 25-30 ക്രിസ്തുവിനുവേണ്ടിയുള്ള ശുശ്രൂഷയെയും സൂചിപ്പിക്കാനായി ഈ പദം വിശാലമായ അർത്ഥതലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യങ്ങളിലെല്ലാം ലിറ്റർജി എന്ന പദം ദൈവത്തിനും മനുഷ്യർക്കും ചെയ്യുന്ന സേവനത്തെ തന്നെയാണ് സൂചിപ്പിക്കുന്നത് (CCC 1070). 20 -ാം നൂറ്റാണ്ടിനു മുൻപ് വളരെ അപൂർവ്വമായി മാത്രമെ സഭയുടെ ഔദ്യോഗികരേഖകളിൽ ഈ പദം പ്രത്യക്ഷപ്പെടുന്നുള്ളു. മധ്യകാലഘട്ടത്തിൽ ആരാധനാക്രമത്തെ (ലിറ്റർജിയെ) സൂചിപ്പിക്കുവാനായി ഉപയോഗിച്ചിരുന്ന വാക്കുകൾ ദൈവികപ്രാർത്ഥനകൾ ( Divine Office)സഭാത്മക/സഭാപരമായ പ്രാർത്ഥനകൾ (ecclesiastical rites) എന്നിവയാണ്. 16-ാം നൂറ്റാണ്ടുമുതൽ സഭാപരമായ കർമ്മങ്ങൾ (ecclesiastical rites) അല്ലെങ്കിൽ വിശുദ്ധകർമ്മങ്ങൾ (Sacred rites) എന്നിവ ഉപയോഗിച്ചിരുന്നതായി കാണാം. ദൈവത്തിന്റെ രക്ഷണീയകർമ്മത്തിൽ (യോഹ 17,4) ദൈവജനം പങ്കുചേരുന്നതിനെ സൂചിപ്പിക്കാനായിട്ടാണ് ക്രിസ്തീയപാരമ്പര്യത്തിൽ ഈ പദം വ്യാപകമായി ഉപയോഗിച്ചിരുന്നത്. ഗ്രീക്ക്സഭയിൽ മിക്കവാറും വിശുദ്ധകുർബാനയെ സൂചിപ്പിക്കുമ്പോൾ, 19-ാം നൂറ്റാണ്ടുവരെ ലത്തീൻസഭയിൽ ഈ പദം അവഗണിക്കപ്പെടുകയും പകരം ദൈവികമായപ്രാർത്ഥനകൾ, ദൈവികകർമ്മങ്ങൾ, വിശുദ്ധകർമ്മവിധികൾ എന്നിവ ഉപയോഗിച്ചുവരികയും ചെയ്തിരുന്നു. ആദ്യകാല ക്രൈസ്തവചിന്തകർ ആരാധനാക്രമത്തിന്റെ കർമ്മപരതയെ നിലനിർത്തിക്കൊണ്ട് തങ്ങളുടെ കൃതികളിൽ ഈ പദം ഉപയോഗിച്ചിരുന്നതായി കാണാം. ഡിഡാക്കെ 15,1 ൽ മെത്രാന്മാരും ഡീക്കന്മാരും പ്രവാചകരും, പ്രബോധകരും നിർവഹിച്ചിരുന്ന അതേ

www.malankaralibrary.com

ശുശ്രൂഷ തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് ഊന്നിപ്പറയുന്നു. അപ്പസ്തോലിക പാരമ്പര്യം (Apostolic Tradition) 10-ാം അധ്യായം തിരുപ്പട്ടം നൽകൽ ശുശ്രൂഷയാണ് യഥാർത്ഥ ആരാധനാക്രമം (Propter Liturgiam) എന്ന് എടുത്തു പറയുന്നു. പൗരസ്ത്യസഭകളിൽ പൊതുവായി എല്ലാ വിശുദ്ധകർമ്മങ്ങളെയും സൂചിപ്പിക്കാനും വളരെ പ്രത്യേകിച്ച് വിശുദ്ധകുർബാനയെ സൂചിപ്പിക്കാനും ഈ പദം ആദിമകാലം മുതൽ തന്നെ സ്ഥിരമായി ഉപയോഗിച്ചിരുന്നു. മാർ ജോൺ ക്രിസോസ്തോമിന്റെ ആരാധനാക്രമം, മാർ ബേസിലിന്റെയും മാർ മാർക്കോസിന്റെയും മാർ യാക്കോബിന്റെയും ആരാധനാക്രമങ്ങൾ എന്ന് കേൾക്കുമ്പോഴെല്ലാം വിശുദ്ധ കുർബാനയെ വിവരിക്കുന്ന രണ്ടാമത്തെ അർത്ഥമാണ് നമ്മുടെ മനസ്സിലേക്ക് കടന്നുവരേണ്ടത്.

നാം ഇന്ന് മലയാളത്തിൽ ഉപയോഗിക്കുന്ന ആരാധനാക്രമം എന്ന പദം ലിറ്റർജിയുടെ/ ആരാധനയുടെ എല്ലാ മാനങ്ങളെയും പ്രതിഫലിപ്പിക്കുവാൻ പ്രാപ്തമല്ല. മലയാളത്തിലെ ക്രമം എന്ന വാക്ക് ആരാധനയിലും ആഘോഷങ്ങളിലും പാലിക്കേണ്ട വ്യവസ്ഥകളെ/ക്രമത്തെ മാത്രം സൂചിപ്പിക്കുന്നതിനാൽ വിശുദ്ധകുർബാനയുടെയും മറ്റ് ഭക്താനുഷ്ഠാനങ്ങളുടെയും പുസ്തകത്തെ/കർമ്മക്രമത്തെ (Text) മാത്രമെ ഈ പദം സൂചിപ്പിക്കുന്നുള്ളൂ എന്ന് കാണാം. ദൈവാരാധന ( Divine Worship) എന്ന പദമാണ് ഏറ്റവും സ്വീകാര്യമായിട്ടുള്ളത് എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും ശുശ്രൂഷയുടെ മാനം ഈ പദത്തിൽ ഉൾച്ചേരുന്നില്ല എന്നതും ഒരു കുറവുതന്നെയാണ്. നാം നടത്തിയ ഈ അപഗ്രഥനങ്ങളുടെ വെളിച്ചത്തിൽ സ്വീകാര്യവും തൃപ്തികരവുമായ ഒരു മലയാള പദം ലിറ്റർജി (Liturgy) എന്ന വാക്കിന് കണ്ടെത്താനാകുന്നില്ലെങ്കിലും ആരാധനാക്രമം എന്ന് ഒരു സ്നേഹ/ ഉപവിപ്രവൃത്തിയാണെന്നും അതേസമയം അത് ഒരു ശുശ്രൂഷയാണെന്നും നമുക്ക് കണ്ടെത്താനാകും. ദൈവാരാധന, ദൈവഭക്തി എന്നിവയിൽ ഉപവിപ്രവൃത്തികൾ, ശുശ്രൂഷ എന്നിവ ഉൾച്ചേരുമ്പോൾ മാത്രമാണ് ആരാധനാക്രമത്തിന് സവിശേഷവും പൂർണ്ണവുമായ അർത്ഥം കൈവരുന്നത്. അതുകൊണ്ടുതന്നെ ക്രിസ്തീയആരാധന എന്നത് ഒരു സ്നേഹശുശ്രൂഷയാണ്. സ്നേഹവും ശുശ്രൂഷയും ഇടകലരുന്ന ദൈവാരാധനയാണ്.

2. ആരാധനാക്രമം സഭാപ്രബോധനങ്ങളിൽ

a . മെദിയാത്തോർ ദെയി : "സഭാഗാത്രത്തിന്റെ ശിരസ്സ് എന്ന നിലയിൽ നമ്മുടെ രക്ഷകനായ മിശിഹാ പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന പൊതുആരാധനയും ദൈവജനം തങ്ങളുടെ സ്ഥാപകനും സ്ഥാപകനിലൂടെ സ്വർഗ്ഗീയപിതാവിനും സമർപ്പിക്കുന്ന ആരാധനയാണ് വിശുദ്ധആരാധനാക്രമം. ചുരുക്കത്തിൽ മിശിഹായുടെ മൗതികശരീരമായ സഭ അതിന്റെ ശിരസ്സായ മിശിഹായോടും അവയവങ്ങളായ ദൈവജനത്തോടും ചേർന്ന് ദൈവത്തിന് സമർപ്പിക്കുന്ന പൊതുആരാധനയാണിത്". (മെദിയാത്തോർ ദെയി 20. പന്ത്രണ്ടാം പീയൂസ് പാപ്പായുടെ ചാക്രികലേഖനം, നവംബർ 20, 1947).

ബ. ദൈവാരാധനയെക്കുറിച്ചുള്ള പ്രമാണരേഖ (Sacrosanctum Concilium): ഈശോമിശിഹായുടെ പുരോഹിതധർമ്മത്തിന്റെ പരികർമ്മം എന്ന് ആരാധനാക്രമത്തെ വിളിക്കുന്നത് തികച്ചും അന്വർത്ഥമാണ്. അതിൽ ഇന്ദ്രിയ ഗോചരമായ അടയാളങ്ങൾ വഴി മനുഷ്യന്റെ വിശുദ്ധീകരണം നിർവഹിക്കപ്പെടുന്നു. ഈശോമിശിഹായുടെ മൗതികശരീരത്തിൽ, അതായത് അതിന്റെ ശിരസ്സാലും അവയവങ്ങളാലും സമ്പൂർണ്ണമായ പരസ്യാരാധന അർപ്പിക്കപ്പെടുന്നു" (SC No. 7 Para 3). "നമ്മുടെ പരിത്രാണകർമ്മം പ്രാവർത്തികമാകുന്നത് ആരാധനാക്രമം, പ്രത്യേകിച്ച് വിശുദ്ധ കുർബാന വഴിയാണ് വിശ്വാസികൾ മിശിഹായുടെ രഹസ്യവും സഭയുടെ യഥാർത്ഥസ്വഭാവവും ജീവിതത്തിൽ പ്രകടിപ്പിക്കുകയും മറ്റുള്ളവർക്ക് വെളിപ്പെടുത്തുകയും ചെയ്യുന്നത്" (SC No.2). "ആരാധനാക്രമമാണ് സഭയുടെ

www.malankaralibrary.com

മുഴുവൻ പ്രവർത്തനങ്ങളും ലക്ഷ്യം വച്ചിരിക്കുന്ന അത്യുച്ചസ്ഥാനവും അതോടൊത്ത് അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്ന ഉറവിടവും" (SC 10). "ഭൗമികാരാധനാക്രമത്തിൽ നാം ലാവോസികളായി ലക്ഷ്യം വയ്ക്കുന്ന പരിശുദ്ധ ജറുസലെമിലുള്ള സ്വർഗ്ഗീയാരാധനയെ മുൻകൂട്ടി ആസ്വദിച്ചുകൊണ്ട് ആഘോഷിക്കുകയാണ്. അവിടെയാണ് മിശിഹാ ദൈവത്തിന്റെ വലതുഭാഗത്ത് വിശുദ്ധകാര്യങ്ങളുടെയും സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായി ഉപവിഷ്ടനായിരിക്കുന്നത് (SC 8). നമ്മുടെ മഹാപുരോഹിതനും രക്ഷകനുമായ മിശിഹാ ആരാധനാക്രമത്തിലൂടെ തന്റെ സഭയോടൊത്ത് തന്റെ മൗതികശരീരമായ സഭയിലൂടെ തന്റെ രക്ഷണീയകർമ്മം തുടർന്നുകൊണ്ടുപോകുന്നു".

2 . കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC): രക്ഷയുടെ അനുഭവം എല്ലാ വിശ്വാസികൾക്കും സാലഭ്യമാകുന്നതിനുവേണ്ടിയാണ് ആരാധനാക്രമം രൂപീകൃതമായിരിക്കുന്നത്. ആരാധനാക്രമത്തിലൂടെ തിരുസ്സഭ എല്ലാത്തിനുമുപരിയായി മിശിഹാ പൂർത്തീകരിച്ച രക്ഷാകരപദ്ധതിയുടെ രഹസ്യങ്ങളെ ആഘോഷിക്കുന്നു (C-C-C1067). ക്രൈസ്തവ പാരമ്പര്യപ്രകാരം ആരാധനാക്രമം എന്നത് ദൈവത്തിന്റെ രക്ഷണീയകർമ്മത്തിൽ ദൈവജനം ഒന്നുചേർന്ന് പങ്കുചേരുന്നതാണ് ( യോഹ. 17,4) (CCC1069).

3 ആരാധനാക്രമത്തിന്റെ ഘടകങ്ങൾ

1. ആരാധനാക്രമവത്സരം: സ്ഥല സമയ പരിധികളിൽപ്പെട്ട് ഉഴലുന്നവനാണെങ്കിലും തന്റെ അന്വേഷണപരിധിക്ക് അപ്പുറമുള്ള ഒരു ദൈവത്തെ അന്വേഷിക്കാനും അനുഭവിച്ചറിയുവാനുമുള്ള ഒരു അന്തർദാഹം മനുഷ്യനിൽ എപ്പോഴും ദൃശ്യമാണ്. ഈ ദൈവാനുഭവം നേടുന്നതിനും തന്റെ ചരിത്രത്തിൽ ദൈവം എപ്രകാരം ഇടപെടുന്നു എന്നതിനെ അനുസ്മരിക്കുന്നതിനും മനുഷ്യന് വ്യത്യസ്തമായൊരു കാഴ്ചപ്പാട് സമയത്തേക്കുറിച്ച് ആവശ്യമുണ്ട്. ദൈവത്തിന്റെ രക്ഷാകരപദ്ധതികളുമായി ബന്ധപ്പെടുത്തി തന്റെ ജീവിതത്തെ പുനർനിർവചിക്കുന്നതിനായി, ആണ്ടുവട്ടത്തിലെ നിശ്ചിത സമയങ്ങളിൽ ആഘോഷിക്കാനും അനുസ്മരിക്കുവാനുമായി മിശിഹാരഹസ്യങ്ങളെയും തിരുനാളുകളെയും ക്രമീകരിച്ചിരിക്കുന്നതിനെയാണ് ആരാധനാക്രമവത്സരം എന്നുവിളിക്കുന്നത്.

ആദിമകാലത്ത് മനുഷ്യൻ പ്രകൃതിയോട് ഏറ്റവുമടുത്ത് ഇണങ്ങിയാണ് ജീവിച്ചിരുന്നത്. ജീവിതത്തിന്റെ വൃദ്ധിക്ഷയങ്ങളെ അടുത്തറിയാനും മനസ്സിലാക്കാനും ഈ ബന്ധം അവനെ സഹായിച്ചു. വൃദ്ധിക്ഷയങ്ങളിലൂടെ അനസ്യൂതം തുടരുന്ന ഒരു ചാക്രികമുന്നേറ്റമായി, തുടക്കത്തിലേക്ക് തന്നെ മടങ്ങിയെത്തുന്ന ഒരുക്കമായി ജീവിതത്തെ നോക്കികാണാൻ ഇത് അവനെ പ്രേരിപ്പിച്ചു. എന്നാൽ മരണമെന്ന സുനിശ്ചിതമായ അന്ത്യമുള്ള മനുഷ്യന്, അവന്റെ ജീവിതത്തിന് ഒരു അവസാനമുണ്ട്. എങ്കിലും അവന്റെ ഭൗമികജീവിതത്തെ വിലയിരുത്തി അവന് പ്രതിഫലം നല്കുകയും മുടിചൂടിക്കുകയും ചെയ്യുന്ന ഒരു അതിഭൗതികതലംകൂടി അവന്റെ ജീവിതത്തിനുണ്ട്. ഇതിനെ മനസ്സിലാക്കണമെങ്കിൽ തുടക്കത്തിലെ ബിന്ദുവിലേക്ക് മടങ്ങിയെത്തുന്ന അന്ത്യബിന്ദു എന്ന ചാക്രികമുന്നേറ്റത്തെക്കാളുപരി, ഭൗതികതലത്തിനുമപ്പുറത്തേക്ക് ഉയരുന്ന, ദൈവത്തിങ്കലേക്ക് മനുഷ്യനെ എത്തിക്കുന്ന ഒരു സർപ്പിളാകൃതിയിലുള്ള മുന്നേറ്റമായി സമയത്തെ മനസ്സിലാക്കേണ്ടതുണ്ട്.

മനുഷ്യചരിത്രത്തിനകത്തേക്ക് സമയത്തിനും കാലങ്ങൾക്കുമപ്പുറത്തുനിന്ന് പ്രവേശിക്കുകയും അവന്റെ (മനുഷ്യന്റെ) കാലത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും അതിനെ മറികടക്കുകയും ചെയ്തതിലൂടെ മനുഷ്യന്റെ ചരിത്രത്തെ/മനുഷ്യകുലത്തെ പ്രത്യാശാഭരിതമായൊരു ഭാവികാലത്തിലേക്ക് ഉയർത്തിയത് മിശിഹായാണ്. തന്റെ മനുഷ്യാവതാരത്തിലൂടെ ക്രിസ്തു ഭൗമികസമയത്തിലേക്ക് കടന്നുവരികയും തന്റെ ജീവിതം വഴി അതിനെ

www.malankaralibrary.com

വിശുദ്ധീകരിക്കുകയും ഭൗമികവും ആത്മീയവുമായ ഒരു നവജന്മം നേടുന്നതിനും അതിൽ വളർച്ചയും പക്വതയും പ്രാപിക്കാനുള്ള മാധ്യമമായി ഈ ഭൗമികസമയത്തെ വിശുദ്ധീകരിക്കുകയും ചെയ്തു. ആരാധനാക്രമവത്സരത്തിലൂടെ മിശിഹായുടെ ജീവിതത്തിലേക്ക് വ്യക്തിപരമായി കടന്നുചെല്ലാനും പടിപടിയായി മിശിഹായോട് അനുരൂപപ്പെടാനും മനുഷ്യന് സാധിക്കുന്നു.

2. കൂദാശകൾ: മിശിഹായാൽ സ്ഥാപിതവും തിരുസ്സഭയെ ഭരമേൽപ്പിച്ചിരിക്കുന്നതുമായ, നമുക്ക് ദൈവികജീവൻ പ്രദാനം ചെയ്യുന്ന ദൈവകൃപയുടെ ഫലദായകമായ അടയാളങ്ങളാണ് കൂദാശകൾ. ഓരോ കൂദാശയും പരികർമ്മം ചെയ്യപ്പെടുന്ന കർമ്മക്രമത്തിലൂടെ അതാത് കൂദാശകൾ പ്രതിനിധാനം ചെയ്യുകയും സംവഹിക്കുകയും ചെയ്യുന്ന ദൈവികകൃപയെ വ്യക്തമായി സൂചിപ്പിക്കുകയും അതിനെ സന്നിഹിതമാക്കുകയും ചെയ്യുന്നു. മതിയായ ഒരുക്കത്തോടും ആഗ്രഹത്തോടും കൂടി കൂദാശകളെ സ്വീകരിക്കുന്നവരിൽ അത് ഫലം ചൂടുന്നു (CCC 1131). കൂദാശകൾ സ്വഭാവത്താലും ഉദ്ദേശ്യലക്ഷ്യങ്ങളാലും തിരുസ്സഭയുടെ ആഘോഷങ്ങളാണ്. നിയതമായ കർമ്മക്രമവും, വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ പ്രാർത്ഥനകളും അടയാളങ്ങളും പ്രതീകങ്ങളും ഭൗതികവസ്തുക്കളും ഓരോ കൂദാശയിലും ഉൾച്ചേരുന്നു. ഇവയുടെ പരികർമ്മത്തിലൂടെ തിരുസ്സഭ അതിന് ഭരമേൽപ്പിക്കപ്പെട്ട വിശ്വാസത്തെ വിശദീകരിക്കുകയും ഏറ്റുപറയുകയും പഠിപ്പിക്കുകയും അതിന് അടിവരയിട്ട് ഊന്നിപ്പറയുകയും ചെയ്യുന്നു. ആരാധനാക്രമമെന്നത് പ്രധാനമായും കൂദാശകളുടെ വളരെ പ്രത്യേകിച്ച് കൂദാശകളുടെ കൂദാശ എന്നുവിളിക്കപ്പെടുന്ന വിശുദ്ധ കുർബാനയുടെ ആഘോഷവും അനുഷ്ഠാനവുമാണ്. ഓരോ കൂദാശയും വിശ്വാസത്തിന്റെ കൂദാശയാണ് കാരണം കൂദാശകൾ അതിന്റെ അടിസ്ഥാനമായി വിശ്വാസത്തെ നിർദ്ദേശിക്കുകയും അതിനെ പരിപോഷിപ്പിക്കുകയും വളർത്തുകയും അതിനെ പ്രകടിപ്പിക്കാൻ വേദിയൊരുക്കുകയും ചെയ്യുന്നു. ഇവയിലൂടെ തിരുസ്സഭ ഓരോ കൂദാശയും വേണ്ടത്ര യോഗ്യതയോടെ സ്വീകരിക്കാൻ വിശ്വാസികളെ ഒരുക്കുന്നതിനായി വിശ്വാസത്തെ പ്രഘോഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

3. യാമപ്രാർത്ഥനകൾ: പകലിന്റെയും രാത്രിയുടെയും യാമങ്ങളെ ദൈവസ്തുതികൾ കൊണ്ട് വിശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ തിരുസ്സഭ ചിട്ടപ്പെടുത്തിയിരിക്കുന്ന ഔദ്യോഗിക പ്രാർത്ഥനകളാണ് യാമപ്രാർത്ഥനകൾ. മണവാളനായ മിശിഹായെ സ്നേഹത്തോടെ വിളിക്കുന്ന മണവാട്ടിയായ തിരുസ്സഭയുടെ സ്വരമാണ് ഇവയിൽ നിഴലിക്കുന്നത്. തന്റെ മൗതികശരീരമായ സഭയോട് മിശിഹായും ചേരുകയും അവർ ഒരുമിച്ച് പിതാവായ ദൈവത്തിന് യാമപ്രാർത്ഥനകളിലൂടെ സ്തുതിയും കൃതജ്ഞതയും അർപ്പിക്കുന്നു. മനുഷ്യസമൂഹത്തെ മുഴുവൻ അവിടുന്ന് തന്നോട് സംയോജിപ്പിച്ച് ഈ ദിവ്യസ്തുതി കീർത്തനാലാപനത്തിൽ തന്നോട് ഒന്നാക്കിത്തീർക്കുന്നു. ഈ പൗരോഹിത്യധർമ്മം തന്റെ സ്വന്തമായ സഭ വഴി തുടർന്നുകൊണ്ടിരിക്കുന്നു. സഭയാകട്ടെ വിശുദ്ധ കുർബാനയാഘോഷിച്ചു കൊണ്ടുമാത്രമല്ല, മറ്റുമാർഗ്ഗങ്ങളിലൂടെയും പ്രത്യേകിച്ച് യാമപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് കർത്താവിനെ അനസ്യൂതം സ്തുതിക്കുകയും ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനായി മധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു (SC 83 ).

4. കൂദാശാനുകരണങ്ങൾ: കൂദാശകളോട് പ്രത്യക്ഷത്തിൽ ഏറെ സാമ്യമുള്ള വിശുദ്ധമായ അടയാളങ്ങളാണ് കൂദാശാനുകരണങ്ങൾ. അവ സഭയുടെ മാധ്യസ്ഥ്യം വഴി ആത്മീയസ്വഭാവമുള്ള ഫലങ്ങൾ വിശ്വാസികൾക്ക് പ്രദാനം ചെയ്യുന്നു. അവ അനുദിനജീവിതത്തിലെ വ്യത്യസ്തമായ അവസരങ്ങളെ വിശുദ്ധീകരിക്കാനും കൂദാശകളോടെ യോഗ്യതയോടെ സ്വീകരിക്കാനും വിശ്വാസികളെ പ്രാപ്തരാക്കുന്നു (വ്യക്തികളുടെ,വസ്തുക്കളുടെ മേലുള്ള ആശീർവാദപ്രാർത്ഥനകൾ, ചെറുപട്ടക്രമങ്ങൾ, കന്യകമാരുടെ വ്രതവാഗ്ദാന നവീകരണങ്ങൾ,

www.malankaralibrary.com

ദൈവാലയകൂദാശ, തുടങ്ങിയവ ഉദാഹരണങ്ങളാണ്). കൂദാശകളിൽ നിന്ന് കൂദാശാനുകരണങ്ങൾ പ്രധാനമായും വ്യത്യസ്തത പുലർത്തുന്നത് അവയുടെ സ്ഥാപനസ്വഭാവത്താലാണ്. കൂദാശകളെ മിശിഹാ സ്ഥാപിച്ചതാണെങ്കിൽ കൂദാശാനുകരണങ്ങളെ മിശിഹായുടെ മൗതികശരീരമായ സഭ സ്ഥാപിച്ചതാണ്. കൂടാതെ കൂദാശകൾ പ്രദാനം ചെയ്യുന്നതുപോലെ പരിശുദ്ധാരൂപിയെയും ദൈവികകൃപകളെയും കൂദാശാനുകരണങ്ങൾ നേരിട്ട് പ്രദാനം ചെയ്യുന്നില്ല; മറിച്ച് സഭ നിർദ്ദേശിക്കുകയും നല്കുകയും ചെയ്തിരിക്കുന്ന പ്രാർത്ഥനകളിലൂടെ കൂദാശകളെ യോഗ്യതയോടെ സ്വീകരിക്കാൻ കൂദാശാനുകരണങ്ങൾ ഒരു വിശ്വാസിയെ പരിശീലിപ്പിക്കുന്നു.

5. ഭക്താനുഷ്ഠാനങ്ങൾ : തിരുസ്സഭയുടെ ആരാധനക്രമപരമായ ജീവിതത്തിന്റെ പ്രകടനങ്ങളാണ് ജപമാല, കുരിശിന്റെ വഴി, ദിവ്യകാരുണ്യആരാധന, തിരുശേഷിപ്പുകളുടെ വണക്കം, ഉത്തരീയംധരിക്കൽ, തീർത്ഥാടനങ്ങൾ, പ്രഭാഷണങ്ങൾ തുടങ്ങിയ ഭക്താനുഷ്ഠാനങ്ങൾ. ഇവ ഒരിക്കലും ആരാധനാക്രമത്തിനു പകരം നിൽക്കുന്നവയല്ല. ആരാധനാക്രമത്തിനു പുറത്ത് ഇവയ്ക്ക് സ്വന്തമായ അർത്ഥവുമില്ല. ഭക്താനുഷ്ഠാനങ്ങളുടെ ആചരണം/നിർവ്വഹണം എപ്പോഴും അതാതു സമയത്തെ ആരാധനാക്രമവത്സരത്തിന്റെ ചൈതന്യത്തിലായിരിക്കണമെന്നും ആരാധനാക്രമത്തിൽ നിന്നു ഉത്ഭവിച്ചവ എന്ന നിലയിൽ വിശ്വാസികളെ ആരാധനാക്രമത്തിന്റെ അവികലമായ അനുഷ്ഠാനത്തിലേക്ക് നയിക്കാനും ഇവയ്ക്ക് കടമയുണ്ട്. സ്വഭാവത്താൽ ആരാധനാക്രമം ഭക്താനുഷ്ഠാനങ്ങളിൽ നിന്നും വളരെ വിശിഷ്ടമായ സ്ഥാനത്താണ് നിലകൊള്ളുന്നതെന്നും താരതമ്യം ചെയ്യാനാവാത്തവിധം ഉള്ളടക്കത്തിൽ ബഹുദൂരത്തിലാണുള്ളതെന്നും ( SC 13,3 ; CCC 1674, 1675) തിരുസ്സഭ പഠിപ്പിക്കുന്നു. വിശ്വാസികളുടെ സാധാരണ ജീവിതത്തെ സഹായിക്കുന്നവ എന്ന നിലയിൽ ഭക്താനുഷ്ഠാനങ്ങളെ പരിഗണിക്കണമെന്നും ഈ പരിഗണന ഒരു കാരണവശാലും ഒരു വ്യക്തിസഭയുടെ പൈതൃകത്തിന് വിരുദ്ധമായി നിലകൊള്ളാൻ പാടില്ലെന്നും, ഇവയോട് അജപാലനപരമായി താത്പര്യക്കുറവ് കാണിച്ച് അവയെ പരിപൂർണ്ണമായി അവഗണിക്കുന്നതും അവയെ തുടച്ചുനീക്കുന്നതും അവിവേകമായിരിക്കുമെന്നും തിരുസ്സഭ അജപാലകരെ ഓർമിപ്പിക്കുന്നുണ്ട്. ഓരോ ആരാധനാക്രമപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ അതാതു സഭകളുടെ ആരാധനാക്രമാനുഷ്ഠാനങ്ങളെക്കുറിച്ചും അവയുടെ ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചും വിശ്വാസികൾക്ക് അനുഷ്ഠാനപരമായ വിശ്വാസപരിശീലനം നല്കാൻ സഭാനേതൃത്വത്തിന് വിശിഷ്യ, അജപാലകർക്ക് വലിയ കടമയുണ്ട്.

6.ആരാധനാക്രമവുംവിശുദ്ധഗ്രന്ഥവും:

വിശുദ്ധഗ്രന്ഥത്തിന് ആരാധനാക്രമാനുഷ്ഠാനങ്ങളിൽ അദ്വിതീയമായസ്ഥാനമുണ്ട്. അവയിൽ നിന്നാണ് വിശുദ്ധഗ്രന്ഥപാഠങ്ങൾ പാരായണം ചെയ്യപ്പെടുന്നതും സുവിശേഷപ്രസംഗത്തിൽ വിശദീകരിക്കപ്പെടുന്നതും സങ്കീർത്തനങ്ങളിൽ ആലപിക്കപ്പെടുന്നതും ഇവയുടെ പ്രചോദനത്താലും ഉൾപ്രേരണയാലുമാണ് പ്രാർത്ഥനകളും യാചനകളും ആരാധനാക്രമകീർത്തനങ്ങളും നിർഗ്ഗളിക്കുന്നത്. ഇവയിൽ നിന്നാണ് ആംഗ്യങ്ങളും അടയാളങ്ങളും അർത്ഥദ്യോതകമായിത്തീരുന്നത് (SC 24). വായിക്കപ്പെടുന്ന വിശുദ്ധഗ്രന്ഥങ്ങളെ ആത്മീയാർത്ഥത്തിൽ മനസ്സിലാക്കാൻ വിശ്വാസികളുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് ഒരുക്കുന്നു. തുടർന്ന് വാക്കുകളിലൂടെയും ആംഗ്യങ്ങളിലൂടെയും അടയാളങ്ങളുടെയും, പ്രതീകങ്ങളുടെയും സഹായത്തോടെ മിശിഹാരഹസ്യങ്ങളെ ധ്യാനിക്കാനും പരികർമ്മം ചെയ്യാനും അവർക്ക് സാധിക്കുന്നു.

ആരാധനാക്രമത്തിൽ, പ്രത്യേകിച്ച് കൂദാശകളിൽ മാറ്റം വരുത്താവുന്ന ഭാഗങ്ങളും, ദൈവികമായി സ്ഥാപിക്കപ്പെട്ടത് എന്നതുകൊണ്ട് മാറ്റം വരുത്താൻ

www.malankaralibrary.com

പാടില്ലാത്തതുമായ ഭാഗങ്ങളുണ്ട്. അവയുടെ വിശ്വസ്തയായ സംരക്ഷകയായി തിരുസ്സഭ നിലകൊള്ളുന്നു. അതേസമയം തന്നെ സാംസ്കാരികവും കാലാനുസൃതവുമായ അനുരൂപണങ്ങളിലൂടെ ആരാധനാക്രമത്തെ കാലാനുസൃതമാക്കാനും സാംസ്കാരികാനുരൂപണം വഴി സമ്പന്നമാക്കാനും തിരുസ്സഭയ്ക്ക് അധികാരമുണ്ട്. അവ ഒരിക്കലും മാറ്റങ്ങൾക്ക് വേണ്ടിയുള്ള വെറും ശ്രമങ്ങളായിക്കൂടാ മറിച്ച് ആരാധനാക്രമത്തെ സമ്പന്നമാക്കാനും, കാലാനുസൃതമാക്കാനും കൂടുതൽ വ്യക്തതയോടെ പ്രചരിപ്പിക്കുവാനുമായി അതീവസംയമനത്തോടെ സ്വീകരിക്കുന്ന നടപടികൾ ആയിരിക്കണം.

4. ആരാധനാക്രമം പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തി (CCC 1077- 1109).

1. പിതാവായ ദൈവത്തിന്റെ പ്രവൃത്തി : ആരാധനാക്രമത്തിന്റെ സ്രോതസ്സും ലക്ഷ്യവും പിതാവായ ദൈവമാണ്. ആരാധനാക്രമത്തിൽ എപ്പോഴും മുൻകൈ എടുക്കുന്നത് പിതാവാണ്. പിതാവായ ദൈവം വർഷിച്ച അനുഗ്രഹങ്ങൾക്കുള്ള പ്രതികരണം എന്ന നിലയിലാണ് വിശ്വാസിസമൂഹം ആരാധനാക്രമാനുഷ്ഠാനങ്ങളിൽ പങ്കുചേരുന്നത്. പിതാവായ ദൈവവും മക്കളായ വിശ്വാസികളും പരസ്പരം അനുഗ്രഹങ്ങളും സ്തുതികളും കൈമാറുന്ന വേളയാണ് ആരാധനാക്രമം. സൃഷ്ടിയുടെ ആരംഭംമുതൽ സകലത്തിന്റെയും വീണ്ടെടുപ്പുവരെ പിതാവ് ചെയ്തുകൊണ്ടിരിക്കുന്ന ജോലി സകലത്തേയും അനുഗ്രഹിക്കുക എന്നതാണ്. പിതാവിന്റെ അനുഗ്രഹങ്ങളിൽ സൃഷ്ടികർമ്മവും, തിരുവചനവും സഹായകനായ പരിശുദ്ധാരൂപിയും ഉൾപ്പെടുന്നു. അങ്ങനെ സൃഷ്ടികർമ്മവും, രക്ഷാകരപദ്ധതിയും അനുദിനം തുടർന്നുകൊണ്ടുപോകുന്ന വിശുദ്ധീകരണവും പിതാവിന്റെ അനുഗ്രഹങ്ങളാണ്. മനുഷ്യരക്ഷയും മനുഷ്യവർഗ്ഗത്തിന്റെ വിശുദ്ധീകരണവും അടിസ്ഥാനപരമായി മനുഷ്യകുലത്തിനുവേണ്ടി പിതാവായ ദൈവം ചെയ്ത ഏറ്റവും വലിയ പ്രവൃത്തികളാണ്. പിതാവായ ദൈവം ചെയ്ത മഹത്തായ പ്രവൃത്തികളെ അംഗീകരിച്ച് ഏറ്റുപറഞ്ഞ് എല്ലാറ്റിന്റെയും സ്രോതസ്സും സൃഷ്ടാവുമെന്ന നിലയിൽ അവിടുത്തേക്ക് നിരന്തരം സ്തുതികളും കീർത്തനങ്ങളും കൃതജ്ഞതയും സമർപ്പിക്കുകയാണ് ഓരോ ആരാധനാക്രമത്തിന്റെയും ലക്ഷ്യം. വിശുദ്ധകുർബാനയർപ്പണത്തിൽ ഈ അനുഗ്രഹങ്ങളുടെയും സ്തുതികളുടെയും കൈമാറൽ നമുക്ക് നേരിട്ട് ദർശിക്കാനാകും. മനുഷ്യനായി മാംസം ധരിക്കുകയും നമുക്കായ് മരിക്കുകയും ഉയിർക്കുകയും ചെയ്ത തന്റെ പുത്രനിലൂടെയും തന്റെ പരിശുദ്ധാരൂപിയിലൂടെയും പിതാവായ ദൈവം തന്റെ അനുഗ്രഹങ്ങൾ തന്റെ മക്കളിലേക്ക് വർഷിക്കുന്നു. എല്ലാ ദാനങ്ങളുടെയും ഉപരിദാനമായ തന്റെ പുത്രൻ വഴി/വചനം വഴി അവിടുന്ന് നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുന്നു. വിശ്വാസിസമൂഹം പ്രത്യേകമായി ശ്ഹാന്ത (ghantha) പ്രാർത്ഥനയിലൂടെ മിശിഹായിലൂടെ പിതാവായ ദൈവം നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി അർപ്പിച്ച ബലിയെ വിശുദ്ധകുർബാനയിലൂടെ കൗദാശികമായി പുനരവതരിപ്പിക്കുന്നു.

2. ആരാധനാക്രമം: പുത്രനായ മിശിഹായുടെ പ്രവൃത്തി: മിശിഹാ തന്റെ രക്ഷാകരപദ്ധതിയെ പുനരാവിഷ്ക്കരിക്കുന്നത് ആരാധനാക്രമത്തിലൂടെയാണ്. പ്രത്യേകിച്ച് വിശുദ്ധകുർബാനയിലൂടെയാണ് തന്റെ രക്ഷാകരരഹസ്യങ്ങളെ അവിടുന്ന് നമുക്കായി സന്നിഹിതമാക്കുന്നത്. മിശിഹായുടെ രക്ഷാകരമായ രഹസ്യങ്ങൾ ഭൗമികമായ സമയത്തെ കടന്ന് ദൈവത്തിന്റെ നിത്യതയുമായി പങ്കുചേരുന്നു. ഈ നിത്യതയെ തന്റെ രക്ഷാകര രഹസ്യങ്ങളിലൂടെ അവിടുന്ന് വിശുദ്ധകുർബാനയിൽ സന്നിഹിതമാക്കുന്നു. ആരാധനാക്രമത്തിൽ രണ്ടുവിധത്തിലുള്ള ദൗത്യങ്ങളാണ് മിശിഹാ പൂർത്തിയാക്കുന്നത്. ഒന്ന്, പുത്രൻ എന്ന നിലയിൽ അവിടുന്ന് പിതാവായ ദൈവത്തെ പ്രതിനിധീകരിക്കുകയും ഏവർക്കും രക്ഷ പകരുകയും പരിശുദ്ധാത്മാവിലൂടെ എല്ലാവരെയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. രണ്ട്, തന്റെ മൗതിക ശരീരമായ സഭയുടെ ശിരസ്സ് എന്ന നിലയിൽ മിശിഹാ ആരാധനാസമൂഹത്തോട് ഒന്നുചേർന്ന് പിതാവിലേക്ക്

www.malankaralibrary.com

തിരിഞ്ഞ് തന്നെത്തന്നെ ബലിയർപ്പിക്കുന്നു. തന്റെ സഭയേയും അവിടുന്ന് തന്നോടൊപ്പം സമർപ്പിക്കുന്നു. സഭയ്ക്കുവേണ്ടി അവിടുന്ന് പിതാവായ ദൈവത്തിന് കൃതജ്ഞത (eucaristia) സമർപ്പിക്കുന്നു.

3. ആരാധനാക്രമം: പരിശുദ്ധറൂഹായുടെ പ്രവൃത്തി: പരിശുദ്ധ റൂഹാ ദൈവത്തെ അഭിമുഖീകരിക്കുന്നതിനായി ദൈവജനത്തെ/സഭയെ ഒരുക്കുന്നു. അവിടുന്ന് നമ്മെ തിരുവചനങ്ങൾ ഓർമ്മിപ്പിക്കുകയും ആരാധനാസമൂഹത്തിന്റെ വിശ്വാസത്തിന് മുൻപിൽ മിശിഹായെ തന്റെ പ്രവർത്തനം വഴി സന്നിഹിതനാക്കുകയും ചെയ്യുന്നു (CCC 1092). പരിശുദ്ധാരൂപിയുടെ കൃപകൾ നമ്മെ പിതാവായ ദൈവത്തിന്റെ തിരുഹിതത്തിന് ചെവിയോർക്കുവാനും ഹൃദയങ്ങളിൽ മാനസാന്തരം ഉളവാക്കുവാനും വിശ്വാസത്തെ ഉണർത്താനും സഹായിക്കുന്നു (CCC 1098). റൂഹാ സഭയുടെ ചിന്തകളെ ഉണർത്തുകയും അതുവഴി സ്തുതികളും കൃതജ്ഞതയും അർപ്പിക്കാൻ അവളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതുവഴി തിരുസ്സഭയുടെ സജീവമായ സ്മരണയായി റൂഹാ മാറുന്നു. എല്ലാ ആരാധനാക്രമാനുഷ്ഠാനങ്ങളിലും മിശിഹായുമായി നമ്മെ ഒന്നിപ്പിക്കുന്നതിനും അവന്റെ മൗതികശരീരത്തെ പടുത്തുയർത്തുന്നതിനുമായി പരിശുദ്ധറൂഹാ അയയ്ക്കപ്പെടുന്നു. ആരാധനാക്രമത്തിലെ തന്റെ വിശുദ്ധസാന്നിധ്യം വഴി ദിവ്യരഹസ്യങ്ങളുടെ വിശുദ്ധീകരണം, ആരാധനാസമൂഹത്തിന്റെ വിശുദ്ധീകരണം എന്നിങ്ങനെ രണ്ട് തരത്തിലുള്ള വിശുദ്ധീകരണം അവിടുന്ന് സാധ്യമാകുന്നു. ദിവ്യരഹസ്യങ്ങളിൽ നമ്മെ പങ്കുകാരാക്കിക്കൊണ്ടാണ് ആരാധനാസമൂഹത്തിന്റെ വിശുദ്ധീകരണം അവിടുന്ന് സാധിതമാകുന്നത്. പരിശുദ്ധത്രിത്വവുമായുള്ള കൂട്ടായ്മയും സഭാംഗങ്ങൾ തമ്മിലുള്ള സാഹോദര്യകൂട്ടായ്മയും ആരാധനാക്രമാനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധറൂഹാ ഉളവാക്കുന്ന ഒരിക്കലും വേർപിരിക്കാനാവാത്ത രണ്ട് ഫലങ്ങളാണ്.

4. ആരാധനാക്രമം: തിരുസ്സഭയുടെ പ്രവൃത്തി: ആരാധനാക്രമം മിശിഹായുടെ പ്രവൃത്തി ആകയാൽതന്നെ അവന്റെ മൗതികശരീരമായ സഭയുടെയും പ്രവൃത്തിയാണ്. ആരാധനാക്രമാനുഷ്ഠാനം സഭയെ പ്രത്യക്ഷയാക്കുകയും ദൈവവും ദൈവജനവും തമ്മിൽ ക്രിസ്തുവിലൂടെ സംസ്ഥാപിതമായ കൂട്ടായ്മയുടെ ദൃശ്യമായ അടയാളമായി അവളെ അവതരിപ്പിക്കുകയും ചെയ്യുന്നു. ആരാധനയ്ക്കായി പ്രത്യേകിച്ച് വിശുദ്ധകുർബാനയർപ്പണത്തിനായി ഒന്നുചേർന്നിരിക്കുന്ന ആരാധനാസമൂഹത്തിൽ തിരുസ്സഭ സ്വയം സന്നിഹിതയാവുകയും തന്റെ അസ്ഥിത്വം കണ്ടെത്തുകയും ചെയ്യുന്നു. ഈ അർത്ഥത്തിലാണ് വിശുദ്ധകുർബാന സഭയെ പടുത്തുയർത്തുന്നു എന്ന് പറയുന്നത്. ലംബവും തിരശ്ചീനവുമായ (Vertical and Horizontal) മാനങ്ങളിൽ ഈ കൂട്ടായ്മയെ ആഘോഷിച്ചുകൊണ്ടാണ് ആരാധനാസമൂഹം തിരുസ്സഭയെ പടുത്തുയർത്തുന്നത്.സഭയാണ് വിശുദ്ധകുർബാനയെ നിർമ്മിക്കുന്നത്/ സാധ്യമാക്കുന്നത്. ആരാധനാക്രമം ഒരു വ്യക്തിപരമായ അനുഷ്ഠാനമല്ല മറിച്ച് അത് മൗതികശരീരമായ സഭയുടെ പൊതുവായ പ്രവൃത്തിയാണ്. അതിനാൽത്തന്നെ അതിനെ ഒരിക്കലും വ്യക്തിപരമായ തലത്തിൽ വീക്ഷിക്കാനാവില്ല. ലംബമാനത്തിൽ ദൈവജനം ഒന്നുചേർന്ന് പിതാവായ ദൈവത്തിന് സ്തുതികളും കൃതജ്ഞതയും അർപ്പിക്കുന്നു. തിരശ്ചീനതലത്തിൽ വിശുദ്ധ കുർബാന പരസ്പരം അനുരജ്ഞനപ്പെടാനും പരസ്പരം നന്ദിപറയാനും അതുവഴി സഭാഗാത്രത്തെ പടുത്തുയർത്താനും ആരാധനാസമൂഹത്തെ സഹായിക്കുന്നു.

5. സജീവഭാഗഭാഗിത്വം (SC 14 - 20): എല്ലാ വിശ്വാസികളെയും ആരാധനാക്രമാഘോഷത്തിലെ ബോധപൂർവ്വകവും സജീവവുമായ ഭാഗഭാഗിത്വത്തിലേക്ക് ആനയിക്കാൻ സഭാമാതാവ് തീവ്രമായി അഭിലഷിക്കുന്നു. ആരാധനാക്രമത്തിന്റെ സ്വഭാവം ഇത് ആവശ്യപ്പെടുന്നു. ഇതിലേക്ക് ക്രൈസ്തവ ജനത, തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും

www.malankaralibrary.com

വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവും മാമോദീസയുടെ ശക്തിയാൽ അവകാശവും കടമയും ഉള്ളവരാണ് (SC 14).

SC 14 വൈദികസമൂഹത്തിന് ആരാധനാക്രമപരമായ പരിശീലനം

SC 15 സെമിനാരികളിൽ ആരാധനാക്രമവിഷയങ്ങൾ പഠിപ്പിക്കുവാൻ യോഗ്യരായ അധ്യാപകരെ നിയമിക്കണം

SC 16 ദൈവശാസ്ത്ര വിഷയങ്ങളിൽ ആരാധനാക്രമത്തിന് സവിശേഷമായ സ്ഥാനം നല്കി പഠനം നിർബന്ധിതമാക്കണം.

SC 17 വൈദികവിദ്യാർത്ഥികൾക്ക് ആരാധനാക്രമപരമായ പരിശീലനവും ഏറ്റവും അർത്ഥപൂർണ്ണമായ പരികർമ്മവും സുലഭ്യമാക്കണം.

SC 18 വൈദികർക്ക് ആരാധനാക്രമവിഷയങ്ങളിൽ മതിയായ തുടർപരിശീലനം നൽകണം

SC 19 ദൈവജനത്തിന് ആവശ്യമായ മതബോധനം ആരാധനാക്രമത്തെ സംബന്ധിച്ച് നൽകണം.

SC 20 ആരാധനാക്രമവും മാധ്യമങ്ങളും തമ്മിലുള്ള ബന്ധത്തെ വിവേകത്തോടും സൂക്ഷ്മതയോടും കൂടെ കൈകാര്യം ചെയ്യണം.

സജീവമായ ഭാഗഭാഗിത്വം വളർത്തുന്നതിന് ആരാധനാക്രമ പുസ്തകങ്ങളോടും രീതികളോടുമുള്ള നിരന്തര സമ്പർക്കം അനിവാര്യമാണ്. ഈ ചിരപരിചിതത്വം ഇല്ലെങ്കിൽ അത് വെറും പൊള്ളയായ ആശയവും വെറും ബാഹ്യമായ പ്രകടനങ്ങളുമായി അധ:പതിക്കും. വിശുദ്ധകുർബാനയിലും ഇതര ആരാധനാക്രമാനുഷ്ഠാനങ്ങളിലും സജീവമായി പങ്കെടുക്കുന്നതിന് ആരാധനാക്രമപരിശീലനം അത്യന്താപേക്ഷിതമാണ്. കൂടാതെ ഒറ്റ സമൂഹമായി ഈ കടമനിർവ്വഹിക്കാൻ ദൈവജനത്തെ പഠിപ്പിക്കുക എന്നതും ഏറെ പ്രാധാന്യമർഹിക്കുന്നു.

6. ആരാധനാക്രമ മതബോധനം (ദിവ്യരഹസ്യ സംബന്ധിയായ മതബോധനം/Mystagogical Catechesis):

ദൃശ്യമായവയിൽനിന്നും അദൃശ്യമായവയിലേക്കും, പ്രതീകങ്ങളിൽ നിന്ന് അവയുടെ അർത്ഥതലങ്ങളിലേക്കും, കൂദാശകളിൽ നിന്ന് ദിവ്യരഹസ്യങ്ങളിലേക്കും ഒരു വ്യക്തിയെ നയിക്കുക വഴി മിശിഹായുടെ രക്ഷാകരരഹസ്യങ്ങളിൽ അവനെ പങ്കുകാരനാക്കുക എന്നതാണ് ആരാധനാക്രമപരമായ മതബോധനത്തിന്റെ സുപ്രധാന ലക്ഷ്യം (CCC 1075).

>ദൈവജനത്തിന് ആവശ്യമായ മതബോധനം നല്കാൻ പറ്റിയ ഏറ്റവും യോഗ്യമായ സ്ഥലം ആരാധനാക്രമ പരികർമ്മ വേദികളാണ്.

>ദിവ്യരഹസ്യ സംഹിതകളാണ് ആരാധനാക്രമദൈവശാസ്ത്രത്തിന്റെയും മതബോധനത്തിന്റെയും ഹൃദയം

>വിശുദ്ധഗ്രന്ഥ പഠനത്തിന് വ്യാഖ്യാനം എന്നതുപോലെ തന്നെയാണ് ആരാധനാക്രമത്തിന് ദിവ്യരഹസ്യ സംബന്ധിയായ മതബോധനം.

>വി.ലിഖിതങ്ങൾ എന്നതുപോലെ തിരുക്കർമ്മാദികളും സഭ അവയെ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും കാത്തുനിൽക്കുന്നു.

ദൈവാരാധനയിലെ ആന്തരികപങ്കുചേരൽ/പങ്കാളിത്തം: ദിവ്യരഹസ്യമതബോധനം തിരുസ്സഭയുടെ മഹത്തായ പാരമ്പര്യമാണ് (Sacramentum Caritatis 64). ആരാധനാക്രമത്തിൽ സജീവവും ഫലദായകവുമായ ഒരു ഭാഗഭാഗിത്വം സാധിതമാകണമെങ്കിൽ ഒരു വ്യക്തി പരിപൂർണ്ണമായും ആഘോഷിക്കപ്പെടുന്ന മിശിഹാരഹസ്യങ്ങളിലേക്ക് ഉൾച്ചേരുകയും മിശിഹായുടെ ബലിയോട് ചേർത്ത് ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ തന്നെ ജീവിതത്തെ പിതാവായ ദൈവത്തിന് സമർപ്പിക്കുവാൻ പരിശീലിപ്പിക്കപ്പെടണം. ഇക്കാരണത്താലാണ് സിനഡ് പിതാക്കൻമാർ ദൈവജനം അവർ ഉച്ചരിക്കുന്ന വാക്കുകൾക്കും പ്രദർശിപ്പിക്കുന്ന

www.malankaralibrary.com

ആംഗ്യങ്ങൾക്കുമൊപ്പം അവരുടെ ആന്തരിക നിലപാടുകളെകൂടി ഉൾച്ചേർക്കാൻ കഴിവുള്ളവരായിത്തീരുന്നതിനായി അവരെ ഒരുക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നത്. ഇപ്രകാരമൊരു പരിശീലനം നല്കപ്പെടുന്നില്ലെങ്കിൽ എത്രഭംഗിയായി ചിട്ടപ്പെടുത്തിയതാണെങ്കിലും നമ്മുടെ ആരാധനാക്രമങ്ങൾ വെറും കർമ്മബന്ധിയായ പ്രവൃത്തികൾ മാത്രമായി ചുരുങ്ങിപ്പോകും. തങ്ങൾ എന്താണ് അർപ്പിക്കുന്നത് അതിനെ പൂർണ്ണമായും ജീവിക്കാനുതകുന്ന വിധത്തിൽ ദൈവജനത്തിന് വി.കുർബാനയെക്കുറിച്ച് മതബോധനം നൽകുക എന്നത് ഈ സാഹചര്യത്തിൽ അനിവാര്യമായിത്തീരുന്നു. വ്യക്തിപരവും ബോധപൂർവ്വവുമായ ഒരു ഭാഗഭാഗിത്വം എന്നതിനേക്കാൾ ഈ ലക്ഷ്യം നേടുന്നതിനായി മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കേണ്ടത്? ഇതിന് സിനഡിൽ പങ്കെടുത്ത പിതാക്കന്മാർ ഒറ്റക്കെട്ടായി/ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടത് തങ്ങൾ ആഘോഷിക്കുന്ന ദിവ്യരഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ അവരെ പര്യാപ്തരാക്കുന്ന ഒരു ദിവ്യരഹസ്യപരമായ മതബോധനത്തെക്കുറിച്ച് ചിന്തിക്കാൻ സമയമായി എന്നാണ്. സജീവഭാഗഭാഗിത്വവും ആഘോഷത്തിന്റെ കലയും (art of celebration) തമ്മിലുള്ള ബന്ധത്തിനുമപ്പുറം ഏറ്റവും മഹത്തായ മതബോധനം എന്നത് ഏറ്റവും നന്നായി അതിന്റെ പൂർണ്ണതയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലി തന്നെയാണ്. വി.കുർബാന അതിന്റെ സ്വഭാവത്തിൽ തന്നെ ആഘോഷിക്കപ്പെടുന്ന ദിവ്യരഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് അതിൽ പങ്കുചേരുന്നവരെ നയിക്കുവാൻ മാത്രം പ്രബോധന സ്വഭാവമുള്ളതാണ്. ഇക്കാരണത്താലാണ് ആദിമകാലം മുതൽ ക്രൈസ്തവവിശ്വാസത്തിൽ പരിശീലനം നേടിയിരുന്നവർക്ക് അനുഭവപരമായ ഒരു തലം എപ്പോഴും ഉറപ്പുവരുത്തിയിരുന്നത്. വിശ്വാസരഹസ്യങ്ങളേക്കുറിച്ച് ശാസത്രീയമായ പഠനസാധ്യതകളെ അവഗണിക്കാതെ തന്നെ, ആധികാരികതയുള്ള ദൃക്സാക്ഷികളിലൂടെ പ്രഖ്യാപിക്കപ്പെട്ട വിശ്വാസരഹസ്യങ്ങളിലൂടെ സജീവവും വിശ്വാസബോധ്യം നൽകുന്നതുമായ ഒരു കൂടിക്കാഴ്ച മിശിഹായുമായി നടത്താൻ സഭ എപ്പോഴും വിശ്വാസികൾക്ക് അവസരമൊരുക്കിയിരുന്നു. മറ്റുള്ളവരെ ഈ ദിവ്യരഹസ്യങ്ങളിലേക്ക് ആനയിക്കുന്ന ഏറ്റവും വിശ്വസനീയസാക്ഷി തിരുസ്സഭ തന്നെയാണ്. തിരുസ്സഭ ഒരുക്കുന്ന ഈ കൂടിക്കാഴ്ചയിലൂടെ ദിവ്യരഹസ്യപ്രബോധനങ്ങളുടെ ആഴങ്ങളിലേക്കും എല്ലാ മതബോധനങ്ങളുടെയും അത്യുച്ചകോടിയും ലക്ഷ്യവുമായ വി.കുർബാനയെ ആഴത്തിൽ അനുഭവിക്കാനും സാധിക്കുന്നു. ദിവ്യരഹസ്യപ്രബോധനപ്രക്രിയ എപ്പോഴും താഴെപ്പറയുന്ന മൂന്നു ഘടകങ്ങളെ പരിഗണിച്ചുകൊണ്ടുവേണം മുന്നോട്ടുപോകാനെന്ന് തിരുസഭ ഓർമ്മിപ്പിക്കുന്നു.

സഭയുടെ സജീവപാരമ്പര്യത്തിന്റെയും രക്ഷാകരരഹസ്യങ്ങളുടെയും വെളിച്ചത്തിൽ മാത്രം ആരാധനാക്രമ തിരുക്കർമ്മങ്ങളെ വിശദീകരിക്കുക: വി.ബലിയർപ്പണം അതിന്റെ അപാരമായ സമ്പന്നതയിൽ എപ്പോഴും രക്ഷാകപദ്ധതിയോട് അഭേദ്യമായ ബന്ധം പുലർത്തുന്നു. കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തേയും തന്നിൽ ഒന്നിപ്പിച്ച (എഫേ.1,10), മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്ത മിശിഹായെതന്നെയാണ് നാം ദിവ്യബലിയിൽ ആഘോഷിക്കുന്നത്. സഭ അതിന്റെ ആരംഭകാലം മുതൽതന്നെ മിശിഹായുടെ ജീവിതത്തിൽ അരങ്ങേറിയ സകല സംഭവങ്ങളെയും മുഴുവൻ രക്ഷാകര പദ്ധതിയുമായി പ്രത്യേകിച്ച് പഴയനിയമ ചരിത്രവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുവാൻ ബദ്ധശ്രദ്ധയായിരുന്നു.

ദിവ്യരഹസ്യപ്രബോധനം എപ്പോഴും തിരുക്കർമ്മങ്ങളിൽ ഉപയോഗിക്കുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം ശരിയായി പറഞ്ഞുകൊടുക്കുന്നതിൽ ശ്രദ്ധിക്കണം. അടയാളങ്ങളെയും പ്രതീകങ്ങളെയും അവഗണിക്കാൻ പ്രലോഭനങ്ങളേറുന്ന ഈ ശാസ്ത്രയുഗത്തിൽ മേൽപ്പറഞ്ഞ കാര്യത്തിൽ പ്രസക്തിയേറുന്നു. സാങ്കേതികമായി അറിവ് പകരുക എന്നതിനപ്പുറം ദിവ്യബലിയിൽ വാക്കുകൾക്കൊപ്പം ചേരുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും

www.malankaralibrary.com

ഭാഷ കൂടി മനസ്സിലാക്കാൻ വിശ്വാസികളെ പര്യാപ്തരാക്കും വിധം പരിശീലനം നല്കാൻ ദിവ്യരഹസ്യപ്രബോധനത്തിന് സാധിക്കണം.

അവസാനമായി ക്രിസ്തീയജീവിതത്തിന്റെ സമസ്ത മേഖലകളെയും- ചിന്ത, വികാരങ്ങൾ, ഉത്തരവാദിത്വങ്ങൾ, പ്രവൃത്തികൾ, കടമകൾ, വിശ്രമം എന്നിവയെ ദിവ്യരഹസ്യങ്ങളുടെ വെളിച്ചത്തിൽ കാണാൻ ദൈവജനത്തെ പ്രാപ്തരാക്കാൻ ഈ വിധത്തിലുള്ള മതബോധനത്തിന് കഴിയണം. കൂടാതെ തങ്ങൾ ഭാഗഭാക്കുകളാകുന്ന ദിവ്യരഹസ്യങ്ങൾ തങ്ങളെ ഭരമേൽപ്പിക്കുന്ന മിഷനറി ദൗത്യത്തേക്കുറിച്ചും അവരെ ബോധവാൻമാരാക്കണം. ചുരുക്കത്തിൽ എല്ലാക്രിസ്തീയ മതബോധനങ്ങളുടെയും ലക്ഷ്യം ഒരു വിശ്വാസിയെ വിശ്വാസത്തിൽ പക്വതയുള്ളവനും അതുവഴി തന്റെ എല്ലാ ചുറ്റുപാടുകളിലും തന്നെ പ്രചോദിപ്പിക്കുന്ന ക്രിസ്തീയമായ പ്രത്യാശയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു 'പുതിയ സൃഷ്ടിയാക്കിത്തീർക്കുക' എന്നതാണ്.

ദൈവികതയും ലൗകികതയും (സ്ഥലകാലങ്ങൾ ആരാധനാക്രമത്തിൽ) (Liturgical spacetime)- : മതങ്ങളുടെ ചരിത്രത്തിൽ എക്കാലവും വിശുദ്ധവും അശുദ്ധവും എന്നൊരു വേർതിരിവ് എല്ലാക്കാര്യങ്ങളിലും ഉണ്ടായിരുന്നതായികാണാം. പുരാതനമനുഷ്യൻ വിശുദ്ധമായ കാര്യങ്ങളോട്, അത്ഭുതജനകമായ കാര്യങ്ങളോട്, അനിതരസാധാരണമായ ശക്തികളോട്, ആധികാരത്തോട് വിധേയത്വവും ഭയവും ഭക്തിയും പുലർത്തിയിരുന്നതായി കാണാം. മനസ്സിനെ, ചിന്തകളെ ഭ്രമിപ്പിക്കുന്ന രഹസ്യങ്ങളോടും നിഗൂഢതകളോടും തോന്നിയിരുന്ന ആത്മീയഭയമായിരുന്നു ഇങ്ങനെ ചെയ്യാൻ അവനെ പ്രേരിപ്പിച്ചത്. ആർ. ഓട്ടോ എന്ന ദൈവശാസ്ത്രജ്ഞൻ ഇത്തരം അനുഭവങ്ങളെ ദൈവികം/ഈശ്വര ചൈതന്യമുള്ള അനുഭവങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത്. ദൈവികമായ ഈ അനുഭവങ്ങൾ അവനിൽ നിന്നും പരിപൂർണ്ണമായും അടിസ്ഥാനപരമായും വ്യത്യസ്തമായ ഒന്നിനെയാണ് അവന് മുൻപിൽ അവതരിപ്പിച്ചിരുന്നത്. മാനുഷികമോ പ്രാപഞ്ചികമോ ആയ ഒന്നിനോടും ഇവയ്ക്ക് ബന്ധവുമില്ലായിരുന്നു. ഇത്തരം അനുഭവങ്ങളെ/പ്രതിഭാസങ്ങളെ നിരന്തരം അഭിമുഖീകരിക്കുന്നതിലൂടെയാണ് മനുഷ്യൻ അവന്റെ നിസ്സാരതകളെയും (അബ്രഹാം ദൈവസന്നിധിയിൽ ഏറ്റുപറയുന്നതുപോലെ "ഞാൻ വെറും പൊടിയും ചാരവുമാണ്." (ഉൽപത്തി 18, 27) വെറും സൃഷ്ടി മാത്രമായ തന്റെ അസ്ഥിത്വത്തേയും തിരിച്ചറിഞ്ഞത്. വിശുദ്ധിയും അശുദ്ധിയും തമ്മിലുള്ള വൈജാത്യങ്ങളെക്കുറിച്ചുള്ള ഈ തിരിച്ചറിവാണ് മതപരമായ/ആത്മീയമായ എല്ലാ ചിന്തകളുടെയും അടിത്തറ. ദൈവികമായ കാര്യങ്ങളെക്കുറിച്ച് മനുഷ്യൻ കൂടുതൽ ബോധവാനാകാനുള്ള കാരണം ഇത് സ്വയം അവനുമുൻപിൽ അവതരിക്കുന്നു, ലൗകികമായതിൽ നിന്നും വളരെ വ്യത്യസ്തമായി തന്നെ അവന് കാണിച്ചുകൊടുക്കുന്നു എന്നതിനാലാണ്. എം. എലിയാദെ (M. Eliade) ഇത്തരം പ്രത്യക്ഷീകരണങ്ങളെ വിളിക്കുന്നത് വിശുദ്ധവെളിപാടുകൾ എന്നാണ്. മതങ്ങളുടെ ചരിത്രം ആത്മീയ/ദൈവികയാഥാർത്ഥ്യങ്ങളുടെ ഇത്തരം നിരവധി വെളിപ്പെടുത്തലുകളുടെ ചരിത്രം/വിവരണങ്ങൾ ഉൾക്കൊള്ളുന്നു.

യ. ദൈവികമായ സ്ഥല-കാല സങ്കൽപ്പങ്ങൾ: ആത്മീയനായ മനുഷ്യന് എല്ല ഇടങ്ങളും ഒരുപോലെയല്ല. സ്ഥലങ്ങളെ അവൻ വിശുദ്ധമായ ഇടങ്ങളെന്നും ലൗകികമായ ഇടങ്ങൾ എന്നും എപ്പോഴും വേർതിരിച്ചു കാണാറുണ്ട്. ഒരു പള്ളിയോ അമ്പലമോ നഗരത്തിലെ മറ്റ് ലൗകികമായ സ്ഥലങ്ങളിൽ നിന്ന് അവന് തീർത്തും വ്യത്യസ്തമയ ഒരിടമാണ്. അവന് ചുറ്റുമുള്ള സ്ഥലങ്ങളിൽ ചിലത് അതിന്റെ അടിസ്ഥാന സ്വഭാവത്തിൽ തന്നെ പുണ്യപ്പെട്ടതും മറ്റു സ്ഥലങ്ങളിൽ നിന്ന് അവനെ സംബന്ധിച്ചിടത്തോളം തികച്ചും വ്യത്യസ്തവുമാണ്. " അടുത്ത് വരരുത്. നിന്റെ പാദങ്ങളിൽനിന്ന് പാദരക്ഷകൾ അഴിച്ചു മാറ്റുക; എന്തെന്നാൽ നീ നില്ക്കുന്ന ഈ സ്ഥലം പരിശുദ്ധമാണ്" (പുറപ്പാട് 3,5). ഇതിൽ നിന്നും ദൈവികമായ മേഖലകൾ ഉണ്ടെന്നും അവ മറ്റുമേഖലകളിൽ നിന്നും ഇടങ്ങളിൽ നിന്നും വ്യത്യസ്തവും പ്രധാന്യമർഹിക്കുന്നവയും ആണെന്ന് അനുമാനിക്കാനാകും. ഇതിന്റെ വെളിച്ചത്തിൽ

www.malankaralibrary.com

ആത്മീയാഭിമുഖ്യമുള്ള മനുഷ്യൻ മേൽപ്പറഞ്ഞ ദൈവികമേഖലയെ മാത്രം യാഥാർത്ഥ്യമായി കാണുകയും മറ്റ് ഇടങ്ങളെയെല്ലാം ലൗകികമോ അശുദ്ധമോ ആയ ഇടങ്ങളായി പരിഗണിക്കുകയും ചെയ്യുന്നു. എം. എലൈഡിന്റെ വീക്ഷണത്തിൽ സാധാരണ അല്ലെങ്കിൽ ലൗകികമായ ഇടങ്ങൾക്ക് വ്യക്തമായ ഘടനയോ നിയതമായ രൂപമോ ഇല്ലാത്തതിനാൽ അത് അരൂപസ്ഥിതിയിലായിരിക്കും ഇടങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിൽ അദ്ദേഹം. സ്ഥൂലപ്രപഞ്ചം, ശൂന്യപ്രപഞ്ചം (cosmos and chaos) എന്നൊരു വിഭജനം കൂടി കൊണ്ടുവരുന്നുണ്ട്. സ്ഥലം എന്ന് വിളിക്കപ്പെടുന്ന വിശ്വം ദൈവങ്ങളുടെ പ്രവർത്തനഫലമായി രൂപംകൊണ്ടതും അധിവാസമേഖലയുമാണ്. ക്രമവത്കൃതമായ ഇടമാണിത്. എന്നാൽ ഇതിനു പുറമേയുള്ള യാതൊരു അടുക്കും ചിട്ടയുമില്ലാത്ത അതിരുകളില്ലാത്ത ഇടമാണ് ശൂന്യമായ ഇടങ്ങൾ.

ആത്മീയ മനുഷ്യനെ സംബന്ധിച്ചിടത്തോളം സമയവും ഇതുപോലെ തന്നെയാണ്. സമയം എപ്പോഴും ഒരുപോലെ അല്ല നേർരേഖയിൽ സഞ്ചരിക്കുന്ന ഒരു തുടർച്ചയുമല്ല. നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു ദേവാലയം അതിനുചുറ്റുമുള്ള ഇടങ്ങളിൽ നിന്ന് ഒരു ദൈവാലയ പരിസരത്തെ പവിത്രമാക്കുന്നതുപോലെ ആ ദേവാലയത്തിൽ നടത്തപ്പെടുന്ന ആത്മീയ ശുശ്രൂഷകൾ അതിനെ പൊതിഞ്ഞു നിൽക്കുന്ന ഭൗമിക സമയക്രമത്തിൽ ഇടവേള സൃഷ്ടിക്കുകയും ആ ഇടവേളകളെ ദൈവികതലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം (രണ്ട് തരത്തിലുള്ള ദൈവീക സമയ-സ്ഥലമേഖലകൾ ഉണ്ട്) ഉത്ഭവത്തിൽ തന്നെ ദൈവികമായതും സ്വന്തം പ്രവൃത്തികളിലൂടെ ദൈവികമാക്കിയതും എന്നിങ്ങനെ. വൃക്ഷങ്ങൾ, ശിലകൾ, ജലം, അഗ്നി, സൂര്യൻ, നക്ഷത്രങ്ങൾ, ചന്ദ്രഗ്രഹണം, വായു തുടങ്ങിയ പ്രാപഞ്ചിക പ്രതിഭാസങ്ങളെ അഭിമുഖീകരിക്കുകയും അവയെ ദൈവികമായി അല്ലെങ്കിൽ മാനുഷികതലത്തിൽ നിന്നും ഉയർന്നു നില്ക്കുന്നവയായി അവയെ പരിഗണിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. അതേ സമയം പൂജാഗിരികൾ, പൂജാസമയക്രമം, തിരുനാളുകൾ, ദൈവാലയങ്ങൾ എന്നിവ ക്രമീകരിക്കുന്നതിലൂടെ അവൻ പൂജ്യമായ സമയ മേഖലകളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ആദിമമനുഷ്യൻ പരിശുദ്ധമായ ശിലകൾകൊണ്ട് നിർമ്മിച്ച ചുറ്റുമതിലുകളും ഭിത്തികളും വലയങ്ങളും എല്ലാം മനുഷ്യനിർമ്മിതമായ ദൈവീക മേഖലകളുടെ ഏറ്റവും പഴക്കം ചെന്ന ഉദാഹരണമാണ് (ഉദാ: സ്റ്റോൺ ഹെൻജ്/ഇംഗ്ലണ്ട്). അതിപുരാതനമായ ഇത്തരം നിർമ്മിതികൾ വൃക്ഷങ്ങളും ശിലകളും ഭൂപ്രകൃതിയുമടങ്ങിയ ഒരു സൂക്ഷ്മപ്രപഞ്ചത്തിന്റെ പതിപ്പിനെയാണ് ആവിഷ്ക്കരിച്ചിരുന്നത്. പ്രകൃതിയിലുള്ളവയെ അതേപടി പ്രതിഫലിപ്പിക്കാൻ ഈ നിർമ്മിതികൾക്ക് തങ്ങളുടെ സ്വഭാവത്താലും രൂപത്താലും സാധിച്ചതുകൊണ്ടാണ് വിശ്വത്തിന്റെ (ബ്രഹ്മാണ്ഡത്തിന്റെ) ഒരു ചെറുപതിപ്പായി (സൂക്ഷ്മപ്രപഞ്ചം) ആയി നിലകൊള്ളാൻ ഇവയ്ക്ക് കഴിഞ്ഞത്. പിൽക്കാലത്ത് പണിതുയർത്തപ്പെട്ട ബൃഹത്തായ ദൈവാലയങ്ങളും അവയിലെ ബലിപീഠങ്ങളും ഇതേ സ്ഥാനത്തുതന്നെ നിലകൊള്ളുന്നു. വിശ്വപ്രപഞ്ചത്തിന്റെ ഹൃദയഭാഗത്ത് നിന്നുകൊണ്ട് ഒരു വിശ്വബിംബം/പ്രതിബിംബം ചമച്ചുകൊണ്ട് അത് പ്രപഞ്ചത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നു.

ആരാധനാ സ്ഥലങ്ങളും സമയവും പൗരസ്ത്യ ദൈവശാസ്ത്രദർശനത്തിൽ

സമയത്തെ സാധാരണ സമയമെന്നും പവിത്രമായ സമയമെന്നും രണ്ടായി തരംതിരിക്കാം. സാധാരണ സമയമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് നേർരേഖയിൽ തുടർച്ചയായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചരിത്രപരമായ ഭൗമികസമയത്തെയാണ്. 'മുൻപ്' 'ശേഷം' എന്നീ രണ്ട് വാക്കുകൾകൊണ്ട് ഇതിനെ അടയാളപ്പെടുത്താനും കഴിയും. എന്നാൽ പവിത്രമായ സമയം/ആരാധനാക്രമപരമായ സമയം ഒരുവനെ മുൻപുകളോ ശേഷങ്ങളോ ഇല്ലാത്ത നിത്യതയിലേക്ക് ആഴ്ന്നിറങ്ങാൻ സഹായിക്കുന്നു. ഇതിന്റെ അടിസ്ഥാനമായി സ്വീകരിച്ചിരുന്നത് ഭൗമികമോ ചരിത്രപരമോ ആയ ഒരു കാലബിന്ദുവിനെയല്ല മറിച്ച് അതിന്റെ ഉള്ളടക്കത്തെയാണ് ഇത് ആധാരമാക്കുന്നത്.

www.malankaralibrary.com

ആരാധനാക്രമപരമായ സ്ഥലത്തിലും കാലത്തിലും എല്ലാ സംഭവങ്ങളും എപ്പോഴും സന്നിഹിതവും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന പദ്ധതിയോട് എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നതുമാണ്. തത്ഫലമായി മിശിഹാ സംഭവത്തിലെ എല്ലാ മുഹൂർത്തങ്ങളും അവിടുത്തെ ജനനം, ജ്ഞാനസ്നാനം, പരസ്യജീവിതം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ ആരാധനാസമയത്തിൽ ഒന്നുചേരുകയും അതുവഴി ആ സംഭവങ്ങളുടെ പൊതുവായ രക്ഷാകരഫലത്തെ/ഉള്ളടക്കത്തെ മേൽപ്പറഞ്ഞ ഏതെങ്കിലുമൊരു സംഭവത്തിൽ കേന്ദ്രീകരിക്കാനും നമ്മെ സഹായിക്കുന്നു. ഉദാഹരണത്തിന്, പൗരസ്ത്യ ദൈവശാസ്ത്രമനുസരിച്ച് മിശിഹായുടെ മരണത്തിനും ഉത്ഥാനം മുൻപ് സംഭവിച്ച അവിടുത്തെ മാമ്മോദീസയെയാണ് ക്രിസ്തീയ മാമ്മോദീസയുടെ ഉറവിടമായി കാണുന്നത്.

ആരാധനാക്രമപരമായ സമയത്തിന് ദിവസം/ആഴ്ച/വർഷം എന്നിവയെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയ ഒരു താളമുണ്ട്. ഇതിൽ ദിവസം പ്രകൃതിയുടെ നിയമത്തിനും സൂര്യന്റെ ഭ്രമണത്തിനും വിധേയമായതിനാൽ ദിവസത്തിനൊരു പ്രപഞ്ചിക/ഭൗമികമാനമുണ്ട്. എന്നാൽ ആഴ്ച എന്നത് ബൈബിൾ അധിഷ്ഠിതമാകയാൽ (സൃഷ്ടികർമ്മംപൂർത്തിയാക്കാനെടുത്ത 7 ദിവസങ്ങൾ) അതിനൊരു രക്ഷാകരമാനമുണ്ട്. സൂര്യന്റെ ഭ്രമണത്തെ ആധാരമാക്കി സായാഹ്നം മുതൽ സായാഹ്നം വരെ ഒരു ആരാധനാദിനം ക്രമീകരിച്ചിരിക്കുന്നത്. പ്രഭാത പ്രദോഷങ്ങളെ അടിസ്ഥാനമാക്കിയാണ് ഓരോ ദിവസത്തെയും ശുശ്രൂഷകളെ ക്രമീകരിക്കാറ്. ആരാധനാവാരത്തിന്റെ മകുടമായ ഞായറാഴ്ചയാണ് ദിവ്യബലിയർപ്പണത്തിനായി നിശ്ചയിക്കപ്പെട്ടിരുന്നത്. കലണ്ടറിനെ ഒൻപത് കാലങ്ങളായിത്തിരിച്ചാണ് ആരാധനാക്രമവത്സരം ക്രമീകരിച്ചിരിക്കുന്നത്. ഉയിർപ്പുതിരുനാളിനെ കേന്ദ്രബിന്ദുവാക്കിയും വിശുദ്ധവാരത്തെ കേന്ദ്രീകരിച്ചുമാണ് ഈ ഒൻപതുകാലങ്ങളെ വിഭജിച്ചിരിക്കുന്നത്.

f. ഞായറാഴ്ചയുടെ/കർത്താവിന്റെ ദിനത്തിന്റെ ദൈവശാസ്ത്രം: ഭാഗ്യസ്മരണാർഹനായ വിശുദ്ധ ജോൺപോൾ രണ്ടാമന്റെ അപ്പസ്തോലിക ലേഖനമായ 'കർത്താവിന്റെ ദിവസം'(Dies Domini)മാണ് ഞായറാഴ്ചയുടെ ദൈവശാസ്ത്രത്തെ സമഗ്രമായി വിവരിക്കുന്നത്. സൃഷ്ടി ആരംഭിച്ചദിനം, സമാഗമകൂടാരം പ്രതിഷ്ഠിച്ചദിനം, തിരുപ്പിറവിയുടെ ദിനം, ഉത്ഥാനദിനം, പെന്തക്കുസ്താ ദിനം, മിശിഹായുടെ രണ്ടാമത്തെ ആഗമനദിനം എന്നീ നിലകളിലാണ് ഞായറാഴ്ചയെ കാണേണ്ടത്.

g. ആരാധനാ ദിക്ക് - കിഴക്കിന് അഭിമുഖമായി പ്രാർത്ഥിക്കുക (അറ ചര്യശലിലോ) എന്നതാണ് പൗരസ്ത്യ ആരാധനാ ദൈവശാസ്ത്രം ആദിമകാലം മുതലേ പിന്തുടരുന്ന ശൈലി. യരുശലേം ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലത്തേക്ക് (കിഴക്ക് ദിക്കിലേക്ക്) തിരിഞ്ഞു നിന്ന് പ്രാർത്ഥിച്ചിരുന്ന യഹൂദരുടെ ശൈലിയെയാണ് പൗരസ്ത്യ ആരാധനാക്രമ ദൈവശാസ്ത്രം ഇതിന് ആധാരമായി സ്വീകരിച്ചിരിക്കുന്നത്.
കിഴക്കിന്റെ ദൈവശാസ്ത്രപരമായ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്.

കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നതിനു കാരണം സൃഷ്ടിയുടെ ആദ്യപ്രകാശകിരണം പുറപ്പെട്ടത് ആ ദിക്കിൽ നിന്നാണ്. ഈ ആദ്യപ്രകാശകിരണം മിശിഹായുടെ വെളിപാടിനെ സൂചിപ്പിക്കുന്നു കിഴക്ക് നിന്നാണ് മിശിഹാ വരുന്നതും അവിടേക്കാണ് നാമെല്ലാവരും പോകേണ്ടതും. നീതിസൂര്യനായ മിശിഹാ നമ്മെ പ്രകാശിപ്പിക്കുകയും ജീവന്റെ വഴി നമുക്ക് കാണിച്ചു തരികയും മരണശേഷം നാമെല്ലാവരും എവിടേക്കാണ് സംവഹിക്കപ്പെടുകയെന്നും കിഴക്കുദിക്കിൽനിന്നു വന്ന് നമുക്ക് പറഞ്ഞു തരികയും ചെയ്തു. ആദിമനുഷ്യനായ ആദത്തിനുവേണ്ടി ദൈവം പറുദീസാ ഒരുക്കിയത് കിഴക്കുദിക്കിലാണ്, ഇവിടെ നിന്നുതന്നെയാണ് അവനെ പുറത്താക്കിയതും, പാപത്തിന്റെ ഫലമായി കിഴക്കുദിക്കിൽ നിന്ന് മനുഷ്യൻ പുറംതള്ളപ്പെട്ടു. കിഴക്ക് ജീവന്റെ ദിക്കാണ്. നാമോരുരുത്തരുടെയും ഉയിർപ്പുവരെ

www.malankaralibrary.com

നമുക്ക് അഭയം തരുന്ന ഭവനവുമാണത്. കിഴക്കോട്ട് തിരിയുക എന്നത് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും അടയാളവും പ്രതീകവുമാണ്.നാം കിഴക്കോട്ട് തിരിഞ്ഞുനിന്നു പ്രാർത്ഥിക്കാൻ കാരണം തന്റെ രണ്ടാമത്തെ ആഗമനം കിഴക്കുനിന്നായിരിക്കുമെന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാണ് (മത്തായി 24,27). ഉദയസൂര്യനിൽ ക്രൈസ്തവർ ഉത്ഥാനത്തിന്റെ പ്രഭ ദർശിക്കുന്നു.

കിഴക്കിനഭിമുഖമായി പ്രാർത്ഥിക്കുന്നത് അബ്നീശോ നൽകുന്ന വ്യാഖ്യാനങ്ങൾ താഴെപ്പറയുന്നവയാണ്:- സൃഷ്ടിയുടെ വെളിച്ചം ഉത്ഭവിച്ചത് കിഴക്കുനിന്നാണ്. പ്രകാശദീപങ്ങൾ പ്രകാശിച്ചുതുടങ്ങിയതും ആ ദിക്കിൽ നിന്നുതന്നെ. പ്രകാശദീപങ്ങൾ പ്രകാശിച്ചുതുടങ്ങിയതും ആ ദിക്കിൽനിന്നു തന്നെ. സകല വിശുദ്ധന്മാരുടെ ഭവനവും സന്തോഷം നിറഞ്ഞു തുളുമ്പുന്ന, എല്ലാ നീതിമാൻന്മാരും വിശുദ്ധാത്മാക്കളും ഒന്നിച്ചുചേരുന്ന) പറുദീസ സ്ഥാപിതമായത് ഈ ദിക്കിലാണ്. അവസാനമായി നമ്മുടെ കർത്താവ് അവിടുത്തെ സമർവ്വമഹത്വത്തോടും കൂടി വീണ്ടും ആഗതനാകുന്നതും ഈ ദിക്കിൽ നിന്നു തന്നെ. 'കിഴക്കുനിന്നും പടിഞ്ഞാറോട്ട് പായുന്ന മിന്നൽപ്പിണർ പോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം' (മത്തായി 24,27).

വ.ബേമയ്ക്ക് അഭിമുഖമായി നിൽക്കൽ: ബേമയ്ക്കോ അതിൽ സ്ഥാപിച്ചിരിക്കുന്ന സ്ലീവായ്ക്കോ അഭിമുഖമായി ആരാധനാവേളയിൽ നിൽക്കുന്നതിന് ദൈവശാസ്ത്രപരമായി നിരവധി അർത്ഥങ്ങളുണ്ട്. ദൈവാലയത്തിൽ നടക്കുന്ന ശുശ്രൂഷകളെല്ലാം ഭൗമികനായ മനുഷ്യനെയും ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനു വേണ്ടിയുമാണെന്ന് ഇത് സൂചിപ്പിക്കുന്നു. ലോകത്തിലായിരിക്കുന്ന സഭയുടെ ദൗത്യവും ഇത് വിളംബരം ചെയ്യുന്നു. മനുഷ്യന്റെ അനുദിനജീവിതക്ലേശങ്ങളും കുരിശും നമ്മിലുള്ള അഭേദ്യമായ ബന്ധത്തെയും ഇത് സൂചിപ്പിക്കുന്നു. ബേമയിൽ സ്ഥാപിതമായിരിക്കുന്ന മേശയിൽ നിന്നുമാണ് ദൈവാലയശുശ്രൂഷകൾ ആരംഭിക്കുന്നത്. ബേമ മുഴുവനായും മദ്ബഹായ്ക്ക് അഭിമുഖമായിട്ടാണ് നിലകൊള്ളുന്നത് എന്നത് നമ്മുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നുണ്ട്. ദൈവാലയത്തിന്റെ മധ്യഭാഗത്തായി സ്ഥാപിച്ചിരിക്കുന്ന ബേമ ആരാധനാക്രമത്തിന്റെ 'കടന്നുപോകൽ' സ്വഭാവത്തെ ദൃശ്യവത്കരിക്കുന്നു. ബേമയിൽ വച്ച് നടക്കുന്ന ശുശ്രൂഷകളെല്ലാം പറുദീസയിൽ നിന്നു പുറത്താക്കപ്പെട്ട/ഭൂമിയിൽ ആയിരിക്കുന്ന ജനത്തിന്റെ ശുശ്രൂഷകളാണ്. ഈ വിപ്രവാസ അവസ്ഥയാണ് അനുദിന ബലികളെയും പ്രാർത്ഥനകളെയും അർത്ഥപൂർണ്ണമാക്കുന്നത്. ഈ രീതിയിൽ ബേമയിൽ അർപ്പിക്കപ്പെടുന്ന എല്ലാ ശുശ്രൂഷകളും മദ്ബഹയിലേക്കും വി.കുർബാനയിലേക്കും ഓരോ വിശ്വാസിയെയും കൂട്ടിക്കൊണ്ടുപോകുന്നു.

8. ആരാധനാക്രമം ആധ്യാത്മികതയുടെയും ദൈവശാസ്ത്രത്തിന്റെയും സ്രോതസ്സ്

a. ആരാധനാക്രമ ദൈവശാസ്ത്രം/ആരാധനാക്രമത്തിന്റെ ദൈവശാസ്ത്രം: എന്താണ് ആരാധനാക്രമദൈവശാസ്ത്രം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്? ആരാധനാക്രമത്തെ നിയന്ത്രിക്കുന്ന ദൈവശാസ്ത്രതത്ത്വങ്ങളുടെ ശാസ്ത്രീയപഠനമാണോ അത്? ആരാധനാക്രമത്തിന് ദൈവശാസ്ത്രപരമായ ഒരു അടിത്തറ നല്കുക എന്നതാണോ ഇതിന്റെ ലക്ഷ്യം. ആരാധനാക്രമം എന്നത് യാതൊരുവിധ ദൈവശാസ്ത്ര അടിത്തറയുമില്ലാത്ത ഒന്നായതിനാൽ ഇതിനൊരു ദൈവശാസ്ത്രപശ്ചാത്തലം കണ്ടുപിടിക്കേണ്ടത് അടിയന്തിരാവശ്യമായി ചിലരെങ്കിലും കരുതിപ്പോന്നു. അമ്മയുടെ ഉദരത്തിൽ നിന്നും പുറത്തുവരുന്ന ഒരു ശിശുവിനെപ്പോലെ ആരാധനാക്രമത്തിൽ നിന്നും രൂപം പ്രാപിക്കുന്ന ഒരു ദൈവശാസ്ത്രമാണോ ഇത്? ആരാധനാക്രമ ദൈവശാസ്ത്രമെന്നത് ആരാധനാക്രമത്തെ ദൈവശാസ്ത്ര സമീപനങ്ങളോടെ സമീപിക്കലോ, ആരാധനാക്രമത്തിൽ നിന്നും രൂപം പ്രാപിക്കുന്ന ഒരു ദൈവശാസ്ത്രമോ അല്ല മറിച്ച് ആരാധനാക്രമത്തിലെ എല്ലാ പ്രവൃത്തികളിലും പ്രാർത്ഥനകളിലും

www.malankaralibrary.com

അന്തർലീനമായിരിക്കുന്ന ഒരു ദൈവശാസ്ത്രമാണ്. ഈ അർത്ഥത്തിൽ ഇതിനെ ആരാധനാദൈവശാസ്ത്രം അല്ലെങ്കിൽ ആരാധനാക്രമ ദൈവശാസ്ത്രം എന്നു വിളിക്കാം.

ആരാധനാക്രമദൈവശാസ്ത്രം ആരാധനാക്രമത്തിൽ നിന്നും വരുന്നതല്ല മറിച്ച് അത് ആരാധനാക്രമം തന്നെയാണ്. ആരാധനാക്രമത്തിൽ തന്നെയാണത് സ്ഥിതിചെയ്യുന്നത്. ആരാധനാക്രമപരമായ തിരുക്കർമ്മങ്ങളിൽ നിന്നും അതിനെ ഒരിക്കലും വേർപെടുത്താനുമാവില്ല. പ്രവർത്തനിരതമായ ദൈവശാസ്ത്രമാണ് ആരാധനാക്രമം. അല്ലാതെ ദൈവശാസ്ത്രജ്ഞർക്ക് കീറിമുറിച്ച് പഠിക്കാനുള്ള ഒരു കർമ്മവിധികളുടെ സമാഹാരമല്ല ഇത്. ആരാധനക്രമപരമായ ഓരോ പ്രവൃത്തിയും ദൈവശാസ്ത്രപരമായ പ്രവൃത്തിയാണ്. ഈ അർത്ഥത്തിലാണ് അശറമി ഗമ്മിമഴവ ആരാധനാക്രമ ദൈവശാസ്ത്രത്തെ പ്രഥമദൈവശാസ്ത്രം (theologia prima) എന്നും ആരാധനാക്രമത്തെ ദൈവശാസ്ത്രപരമായി ധ്യാനിക്കുന്നതിനെ ദ്വിദീയ ദൈവശാസ്ത്രം (theologia secunda) എന്നും വിളിക്കുന്നത്.

എല്ലാ ആരാധനാക്രമപരമായ തിരുക്കർമ്മങ്ങളും അതിൽതന്നെ ഒരു അതിഭൗതികയാഥാർത്ഥ്യമായതിനാൽ അത് അതിൽതന്നെ അർത്ഥപൂർണ്ണമായ ദൈവശാസ്ത്രത്തെ ഉൾക്കൊള്ളുന്നു. ആരാധനാക്രമത്തിൽ സംഭവിക്കുന്ന ദൈവവുമായുള്ള കൂടിക്കാഴ്ച, അതിനെത്തുടർന്ന് ആ കൂടിക്കാഴ്ചയെക്കുറിച്ചുള്ള ധ്യാനം/വിചിന്തനം കടന്നുവരുന്നു. ആരാധനാക്രമദൈവശാസ്ത്രം ജന്മമെടുക്കുന്നതും ദൈവജനം ഒന്നുചേർന്ന് അർപ്പിക്കുന്ന ആരാധനാക്രമപരമായ തിരുക്കർമ്മങ്ങളിലാണ്. ആരാധനദൈവശാസ്ത്രത്തിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ അത് ഒരിക്കലും ഏതെങ്കിലുമൊരു വ്യക്തിയുടെ ചിന്തയിലോ ബുദ്ധിയിലോ ഉദിക്കുന്നതോ നിലനിൽക്കുന്നതോ അല്ല മറിച്ച് അതെപ്പോഴും ഓരോ തിരുക്കർമ്മത്തിന്റെയും ഘടനയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ട് തന്നെ ഓരോ തിരുക്കർമ്മത്തേയും കുറിച്ചുള്ള ആഴമേറിയ പഠനം തന്നെയാണ് ആരാധനാക്രമദൈവശാസ്ത്രത്തിന്റെ ആദ്യപടി.

നാം എങ്ങിനെ ആരാധിക്കുന്നുവോ അതുപോലെ വിശ്വസിക്കുന്നു അങ്ങിനെ തന്നെ ജീവിക്കുന്നു (Lex Orandi, Lex Credendi and Lex Vivendi): ‘പ്രാർത്ഥനയുടെ നിയമം തന്നെ വിശ്വാസത്തിന്റെയും നിയമം’ (Lex Orandi, Lex Credendi) എന്ന ചൊല്ല് നമുക്ക് സുപരിചിതമാണ്. പ്രാർത്ഥനയുടെ ശൈലിയാണ്/ഉള്ളടക്കമാണ് വിശ്വാസത്തെ രൂപീകരിക്കുന്നത്. കൂടാതെ ഇത് ജീവിതനിയമരൂപീകരണത്തിലേക്ക് കൂടി വളരുന്നുവെന്നൊരു കൂട്ടിച്ചേർക്കൽ കൂടി കണ്ടുവരുന്നുണ്ട്. നാം എപ്രകാരമോ ആരാധിക്കുന്നത്/പ്രാർത്ഥിക്കുന്നത് അത് നാം എന്താണോ വിശ്വസിക്കുന്നത് എന്നതിനെ പ്രതിഫലിപ്പിക്കുകയും നാം എപ്രകാരം ജീവിക്കണം എന്നതിനെ നിശ്ചയിക്കുകയും ചെയ്യുന്നു. ആരാധനാക്രമമാണ് വിശ്വാസത്തിന്റെ സ്രോതസ്സ്. അതേസമയംതന്നെ അത് വിശ്വാസത്തിന്റെ ആഘോഷവേദി കൂടിയാണ്. ആരാധനാക്രമത്തിൽ വിശ്വാസം ഏറ്റുപറയപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. പൗരസ്ത്യ ദൈവശാസ്ത്രം വിശ്വാസത്തെ ശരിയായി മനസ്സിലാക്കാനും നിർവ്വചിക്കുവാനുമായി ഏറ്റവും ആദ്യം ചെയ്യുന്നത് ആരാധനാക്രമത്തിലേക്ക് തിരിയുകയാണ്. ആരാധനാക്രമത്തിലെ സൂത്രവാക്യങ്ങൾ/ആശയങ്ങൾ മാറ്റപ്പെടുന്നിടത്ത് അതേ മാറ്റം വിശ്വാസത്തിലും സംഭവിക്കും. ആരാധനാക്രമപരമായ ആരാധന എന്നത് ഒരു ക്രൈസ്തവന്റെ ജീവതത്തോട് എപ്പോഴെങ്കിലും കൂട്ടിച്ചേർക്കപ്പെടുന്ന ഒന്നല്ല മറിച്ച് അവന്റെ ക്രൈസ്തവാസ്ഥിത്വത്തിന്റെ അടിസ്ഥാനവും അവന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യത്തിന്റെ പ്രകടനവുമാണത്. നാം അർപ്പിക്കുന്ന ആരാധന നാം എന്തുവിശ്വസിക്കുന്നുവെന്നും എപ്രകാരമാണ് നാം ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നത് എന്നും, നാം മിശിഹായുടെ രക്ഷണീയ ദൗത്യം തുടർന്നുകൊണ്ടുപോകേണ്ട ലോകത്തോടും,

www.malankaralibrary.com

മറ്റുള്ളവരോടുമുള്ള നമ്മുടെ ബന്ധങ്ങളെയും വെളിവാക്കുന്നു. മാതാവും ഗുരുനാഥയും എന്ന നിലയിൽ ആരാധനയെ ശ്രദ്ധാപൂർവ്വം വീക്ഷിക്കാനും താൻ ശുശ്രൂഷിക്കുന്ന ദൈവത്തോട് ദൈവജനം എന്നും അനുസരണയുള്ളവരായിരിക്കാൻ പാകത്തിൽ അവരെ ഒരുക്കാനും നിത്യസ്സഭ എന്നും ബദ്ധശ്രദ്ധ പ്രദർശിപ്പിച്ചിട്ടുണ്ട്. നാം എപ്രകാരം ആരാധിക്കുന്നു എന്നത് നാം എന്തു വിശ്വസിക്കുന്നു എന്നതിനെ വെളിപ്പെടുത്തുകയും സംരക്ഷിക്കുകയും മാത്രമല്ല നാം എപ്രകാരമാണ് ക്രൈസ്തവവിശ്വാസം ജീവിക്കുന്നതെന്നും മിശിഹായുടെ തുടർസാന്നിധ്യം എപ്രകാരമാണ് നമ്മുടെ ജീവിതങ്ങൾ വഴി ലോകത്തിന് മുൻപിൽ പ്രദർശിപ്പിക്കുന്നത് എന്നതുകൂടി വെളിപ്പെടുത്തുന്നു.

ക്രിസ്തീയ ആദ്ധ്യാത്മികത എന്നത് ആരാധനാക്രമ ബന്ധിയായ ആദ്ധ്യാത്മികതയാണ്

ആരാധനാക്രമത്തിൽ ആഘോഷിക്കുന്ന വിശ്വാസത്തെ ജീവിക്കുന്നതിനെയാണ് ആദ്ധ്യാത്മികത എന്നു വിളിക്കുന്നത്. ആരാധനാക്രമത്തോട് ചേർന്നുപോകുന്ന ഒരു ജീവിതശൈലിയാണിത്. തിരശ്ചീന തലത്തിലുള്ള ഒരു കൂട്ടായ്മയെ അനുഭവിക്കലും ജീവിക്കലുമാണത്. ദൈവത്തിന്റെ കൂദാശയായ വി.കുർബ്ബാനയും മനുഷ്യന്റെ കൂദാശയായയും (ദൈവത്തോടും സഹോദരങ്ങളോടുമുള്ള കൂട്ടായ്മയും) അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ആഘോഷിക്കുക വഴി മനുഷ്യജീവിതം ഒരു നവീനമായ ആരാധനാക്രമപരമായ സ്ഥലകാലങ്ങളിലേക്ക് ഉയർത്തപ്പെടുന്നു. മണ്ണിന്റെയും (Katabatic) വിണ്ണിന്റെയും (anabatic) കുർബാനകൾ അർപ്പിക്കപ്പെടുന്ന ബലിപീഠമായി ജീവിതം ഇവിടെ മാറുന്നു. ആദ്ധ്യാത്മികത എന്നത് ലംബതലത്തിലുള്ള നന്ദിയർപ്പണമാണ്/ ആരാധനായർപ്പണമാണ്. ഇത് ലംബമാനത്തിലുള്ള കൃതജ്ഞതാപ്രകാശനവും കൂദാശയും ബലിയർപ്പണവുമാണ്. ചുരുക്കത്തിൽ ക്രിസ്തീയ ആദ്ധ്യാത്മികത വി.കുർബാനയിൽ കേന്ദ്രീകൃതമാണ് (SC 10, LG II). അതുകൊണ്ടുതന്നെ ഈ ആദ്ധ്യാത്മികതയെ വി.കുർബാനകേന്ദ്രീകൃതആദ്ധ്യാമികത എന്നു വിളിക്കുന്നു.

൧. പൗരസ്ത്യ റീത്തുകളുടെ ഉത്ഭവം: ആദ്യനൂറ്റാണ്ടുകളിൽതന്നെ റോമാ സാമ്രാജ്യത്തിനകത്തുള്ള രണ്ട് സുപ്രധാന ക്രൈസ്തവകേന്ദ്രങ്ങളായ സിറിയയിലെ അന്ത്യോക്യയും ഈജിപ്റ്റിലെ അലക്സാണ്ട്രിയയും കേന്ദ്രമാക്കി രണ്ട് പ്രബല സഭാസമൂഹങ്ങൾ രൂപംകൊണ്ടു. റോമിന്റെ പൗരസ്ത്യസാമ്രാജ്യത്തിലെ വലിയ പട്ടണങ്ങൾ എന്ന നിലയിൽ മാത്രമല്ല അപ്പസ്തലന്മാരിൽ നിന്ന് നേരിട്ടു വിശ്വാസം സ്വീകരിച്ച രണ്ട് സമൂഹങ്ങൾ എന്ന നിലയിലും ഇവ പ്രസിദ്ധിയാർജ്ജിച്ചു. റോമിലേക്ക് യാത്രതിരിക്കും മുൻപ് വി.പത്രോസ് അന്ത്യോക്യയിലെ സഭയെ ഭരിച്ചിരുന്നു. വി.മർക്കോസിൽ നിന്നാണ് അലക്സാണ്ട്രിയ വിശ്വാസം സ്വീകരിച്ചത്. അപ്പസ്തോലിക സഭകൾ എന്ന നിലയിൽ ഈ സമൂഹങ്ങൾക്ക് കൈവന്ന വൈശിഷ്ട്യവും ആഭിജാത്യവും അവർ അനുഷ്ഠിച്ചുപോന്ന ആരാധനാക്രമവും മറ്റ് മാമൂലുകളും അവരുടെ സ്വാധീനത്തിന്റെ പരിധിയിൽ വരുന്ന താരതമ്യേന ചെറിയ സഭകളിൽ വലിയ സ്വാധീനം ചെലുത്തി. റോമാസാമ്രാജ്യത്തിലെ വൻ നഗരങ്ങളിലാണ് ആദ്യം സുവിശേഷം പ്രഘോഷിക്കപ്പെട്ടത്. തുടർന്ന് സമീപപ്രദേശങ്ങളിലേക്കും സുവിശേഷം പ്രചരിക്കപ്പെട്ടു. പ്രധാന ക്രൈസ്തവകേന്ദ്രങ്ങളിലെ മെത്രാന്മാർ തങ്ങളുടെ ശ്ലൈഹിക പാരമ്പര്യമുപയോഗിച്ച് മെത്രാന്മാരെ വാഴിക്കുകയും മിഷനറിമാരായ അവരെ ലോകത്തിന്റെ പലഭാഗങ്ങളിലേക്കും അയച്ചു. ഇപ്രകാരം അയയ്ക്കപ്പെട്ട മെത്രാന്മാർ തങ്ങളുടെ മാതൃസഭയിലെ ആരാധനാക്രമരീതികളും പതിവുകളും തങ്ങൾ ചെന്ന ഇടങ്ങളിലും പ്രചരിപ്പിച്ചു. ജെറുസലേമിൽ ഉത്ഭവിച്ച മൂന്നാമത്തെ ക്രൈസ്തവ സമൂഹത്തിന്റെ സാന്നിധ്യം കൂടി എടുത്തു പറയേണ്ടതായിട്ടുണ്ട്. വിശുദ്ധനഗരവും മിശിഹായോട് ബന്ധപ്പെട്ട പുണ്യസ്ഥലങ്ങളും ഉൾപ്പെടുന്ന പ്രദേശത്ത് ഉത്ഭവിച്ച സഭ എന്ന നിലയിലും ഈ പ്രദേശം തീർത്ഥാടനങ്ങളുടെയും സന്ന്യാസജീവിതശൈലികളുടെയും വിളഭൂമിയായി മാറി. തത്ഫലമായി ജറുസലേം

www.malankaralibrary.com

സഭയിലെ ആചാരങ്ങളും ആരാധനാക്രമതിരുക്കർമ്മങ്ങളും ലോകമെമ്പാടും പ്രചരിക്കാനും ഇടയായി. ഇന്ന് ജറുസലെം സഭ ഒരു സഭയും പാരമ്പര്യവുമായി നിലനിൽക്കുന്നില്ലെങ്കിലും ഇതിന്റെ അംശങ്ങളെ ഇന്ന് നിലവിലുള്ള എല്ലാ റീത്തുകളിലും കണ്ടെത്താനും കഴിയും. അന്ത്യോക്യ, ജെറുസലെം, അലക്സാണ്ട്രിയ എന്നീ മൂന്ന് അടിസ്ഥാന സ്രോതസ്സുകളിൽ നിന്നാണ് നാം ഇന്ന് കാണുന്ന പൗരസ്ത്യ റീത്തുകൾ ആവിർഭവിച്ചത്.

അലക്സാണ്ട്രിയൻ പാരമ്പര്യത്തിന്റെ പ്രധാന സവിശേഷതയായിരുന്ന പുരാതനഗ്രീക്ക് ശൈലികൾ ശക്തമായ സന്ന്യാസാശ്രമ & സുറിയാനി സ്വാധീനങ്ങളിലൂടെ കടന്നുപോയതിന്റെ ഫലമായി ഈ റീത്തിൽ നിന്നും ഇന്ന് ഈജിപ്തിൽ കണ്ടുവരുന്ന കോപ്റ്റിക് റീത്തും എത്യോപ്യായുടെ ദേശീയ പാരമ്പര്യമായ എത്യോപ്യൻ റീത്തും ജന്മമെടുത്തു.

ജറൂസലേം, അന്ത്യോക്യൻ പാരമ്പര്യങ്ങളിൽ നിന്നും ഉടലെടുത്ത സുറിയാനി പാരമ്പര്യത്തിന്റെ ചരിത്രം വളരെ സങ്കീർണ്ണമാണ്. സിറിയയിലുണ്ടായിരുന്ന സഭാസമൂഹം അന്ത്യോക്യൻ ഗ്രീക്ക് ആരാധനാക്രമമാണ് സ്വീകരിച്ചതെങ്കിലും പിന്നീട് ജെറുസലേം പാരമ്പര്യത്തിൽ നിന്നും പലതും സ്വീകരിച്ചതുവഴി പാശ്ചാത്യ സുറിയാനി റീത്ത് (ണലെ ട്യ്യശമി ഞശലേ) ജന്മമെടുത്തു. ഇന്ത്യയിലെ സീറോ-മലങ്കര സമൂഹം ഇതിന്റെ ഉദാഹരണമാണ്. ലെബനോനിലെ മാറോണൈറ്റ് സഭ രൂപീകരിക്കപ്പെട്ടത് അവിടെയുണ്ടായിരുന്ന പാശ്ചാത്യസുറിയാനിസഭ ശക്തമായ ലത്തീൻ സ്വാധീനങ്ങളിലൂടെ കടന്നുപോയതിന്റെ ഫലമാണ്. റോമൻ സാമ്രാജ്യത്തിനുമപ്പുറത്തായിരുന്ന പേർഷ്യയിലെ സുറിയാനി പാരമ്പര്യത്തിന് വ്യത്യസ്തമായൊരു ചരിത്രമാണുള്ളത്. മൊസപ്പൊട്ടേമിയയിലെ എദേസ്സയിൽ നിന്നുമാണ് പേർഷ്യയിലേക്ക് ആദ്യം സുവിശേഷം എത്തിയത് എദേസ്സ അന്ത്യോക്യയിലെ സഭയുടെ മകളും സെമിറ്റിക് സംസ്കാരത്തിന്റെ ഒരു സുപ്രധാനകേന്ദ്രവുമായിരുന്നു. അന്ത്യോക്യാ, അലക്സാണ്ട്രിയ, ജെറുസലേം എന്നീ സഭകൾ സംസ്ക്കാരികമായും ഭാഷാപരമായും ഗ്രീക്ക് സ്വാധീനത്തിലേർപ്പെട്ടവരായതിനാൽ അവരുടെ ആരാധനാക്രമഭാഷ ഗ്രീക്ക് ആയിരുന്നു. കോപ്റ്റിക്, സുറിയാനി ഭാഷകൾ രംഗപ്രവേശനം ചെയ്തത് പിന്നീടാണ്. ഇതിനു വഴിതെളിച്ചത് സഭ ഈജിപ്റ്റിലെയും സിറിയയിലേയും ഉൾപ്രദേശങ്ങളിലേക്ക് കടന്നുചെന്നപ്പോൾ അവിടെ നിലനിന്നിരുന്ന പതിവുകളും ആചാരങ്ങളും, അവിടുണ്ടായിരുന്ന സന്ന്യാസാശ്രമങ്ങളും ഇതിനുമേൽ ശക്തമായ സ്വാധീനം ചെലുത്തിയത് വഴിയാണ്. എന്നാൽ എദേസ്സയിൽ ജന്മമെടുത്ത പൗരസ്ത്യ സുറിയാനി പാരമ്പര്യം അതിന്റെ പ്രാരംഭനാളുകൾ മുതൽ തന്നെ ആദ്യ യഹൂദ ക്രൈസ്തവസമൂഹം എന്ന നിലയിൽ അതിന്റെ സെമിറ്റിക് ശൈലി കാത്തുസൂക്ഷിച്ചിരുന്നു. ഇന്ന് ഈ പാരമ്പര്യം നിലനിൽക്കുന്നത് മധ്യപൂർവ്വദേശത്തുള്ള കൽദായ-നെസ്തോറിയൻ സഭകളിലും ഇന്ത്യയിലെ സീറോമലബാർ സഭയിലുമാണ്.

അർമ്മേനിയയിലെ ക്രൈസ്തവസഭയ്ക്കും സമാനമായ ചരിത്രമാണുള്ളത്. ജറുസലേം പാരമ്പര്യത്തിൽ നിന്നും കടംകൊണ്ട സുറിയാനി-കപ്പദോച്ചിയൻ ഘടകങ്ങളും ധാരാളമായി സ്വീകരിച്ച അർമേനിയൻ പാരമ്പര്യം പ്രത്യക്ഷത്തിൽ ബൈസന്റയിൻ ആരാധനാക്രമത്തിന്റെ പഴയശൈലിയോട് ഏറെ സാമ്യം പുലർത്തുന്നു. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അർമേനിയൻ സഭ കപ്പദോച്ചിയൻ സഭയിലെ കേസറിയായിലെ മെത്രാപ്പോലീത്തയിൽ നിന്ന് സ്വാതന്ത്ര്യം നേടുകയും തങ്ങളുടെ ദേശീയ ഭാഷയിൽ ആരാധനാക്രമം അനുഷ്ഠിക്കുകയും ചെയ്തുപോന്നു പിന്നീട് ഇത് ബൈസെന്റയിൽ ലത്തീൻ സ്വാധീനങ്ങളിൽപ്പെട്ട് പല മാറ്റങ്ങളിലൂടെയും കടന്നുപോവുകയുണ്ടായി. ലോകമെമ്പാടുമുള്ള അർമ്മേനിയൻ ക്രൈസ്തവർ ഈ ആരാധനാക്രമവും ആചാരങ്ങളും പിന്തുടരുന്നു.

a) ദിവ്യസരഹസ്യങ്ങളുടെ ഐക്യവും ആരാധനാക്രമപാരമ്പര്യങ്ങളുടെ നാനാത്വവും:-

www.malankaralibrary.com

എല്ലാ ആരാധനാക്രമ പാരമ്പര്യങ്ങളുടെയും അവരുടെ ആരാധനയു ടെയും ശൈലികളുടെയും കേന്ദ്രബിന്ദുവായ മിശിഹാരഹസ്യങ്ങൾ ഒന്നു തന്നെയാണെങ്കിലും അതിനെ ആഘോഷിക്കുന്നതിലുള്ള വൈവിധ്യം വിവിധ ആരാധനാക്രമപാരമ്പര്യങ്ങളെ സൃഷ്ടിക്കുന്നു. എന്താണ് ഈ നാനാത്വത്തിന് കാരണം?. ലളിതമായി പറഞ്ഞാൽ മിശിഹാരഹസ്യത്തിന്റെ അത്യഗാധത പൂർണ്ണമായും ഉൾക്കൊള്ളാനും പ്രകടിപ്പിക്കാനും ഒരു പാരമ്പര്യത്തിനു തനിച്ച് സാധിക്കാത്തതുകൊണ്ടാണെന്ന് നിസ്സംശയം പറയാൻ കഴിയും. സഭയുടെ ആരംഭകാലം മുതൽ തന്നെ വ്യത്യസ്തങ്ങളും എന്നാൽ പരസ്പരം പൂരകങ്ങളുമായ ആരാധനാക്രമ പാരമ്പര്യങ്ങളായി നിലകൊള്ളാൻ അതാതു പാരമ്പര്യങ്ങൾ പാദമൂന്നിയ മണ്ണും അവിടത്തെ സാംസ്കാരിക പശ്ചാത്തലങ്ങളും വ്യത്യസ്തരായ ജനവിഭാഗങ്ങളും വലിയ പങ്ക് വഹിച്ചു. വ്യത്യസ്തങ്ങളായ ഈ പാരമ്പര്യങ്ങൾ സാർവ്വത്രിക സഭയുടെ കാതോലികതയ്ക്ക് മാറ്റുകൂട്ടുന്നു. അപ്പസ്തോലന്മാരിൽ നിന്ന് സ്വീകരിച്ച പൈതൃകവും, കൂദാശകളും അപ്പസ്തോലികമായ പിന്തുടർച്ച വഴി അഭംഗുരം പാലിക്കപ്പെട്ട കൂട്ടായ്മയും ഒരേ വിശ്വാസത്തിലുള്ള കൂട്ടായ്മയും, അപ്പസ്തോലിക പാരമ്പര്യത്തോടുള്ള പരിപൂർണ്ണ വിശ്വസ്തതയുമാണ് നാനാത്വങ്ങൾക്കിടയിലെ ഏകത്വത്തെ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ. സാർവ്വത്രികസഭ കാതോലികമായതിനാൽ അവൾക്ക് തന്റെ മടിത്തട്ടിലേക്ക് ആധികാരികമായ വിശ്വാസപൈതൃകം പേറുന്ന എല്ലാ സംസ്കാരങ്ങളേയും സ്വീകരിക്കാൻ കഴിയും.

b. കിഴക്കും പടിഞ്ഞാറുമുള്ള ആരാധനാക്രമകുടുംബങ്ങൾ

a. റോമൻ/ലത്തീൻ ആരാധനാക്രമകുടുംബം 'പാത്രിയർക്കൽ & പേപ്പൽസഭ) റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ട്രിയ, അന്ത്യോക്യ, ജെറുസലേം എന്നീ അഞ്ച് പുരാതന പാത്രിയർക്കൽ (Pentarchy) സഭകളിൽ ഒന്ന്.

മൊസ്സറബിക്: സ്പെയിൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന ഇബേരിയൻ ഉപഭൂഖണ്ഡത്തിൽ നിലനിന്നിരുന്നതും പിന്നീട് റോമൻ റീത്തിന് 11-ാം നൂറ്റാണ്ടിൽ വഴിമാറുകയും ചെയ്ത റീത്താണിത്. സ്പെയിനിലെ ടൊളേദോ അതിരൂപതയിലെ കത്തീഡ്രൽ ദൈവാലയത്തിലും അതിനോട് അനുബന്ധിച്ചുള്ള 6 ഇടവകകളിലും മാത്രമാണ് ഈ റീത്ത് ഇന്ന് പാലിച്ചു പോരുന്നത്.

അംബ്രോസിയൻ: ഇറ്റലിയിലെ മിലാൻ അതിരൂപതയിൽ നിലവിലുള്ള ആരാധനാക്രമശൈലി.

h) അന്ത്യോക്യൻ കുടുംബം പാത്രിയർക്കൽ സഭ); മാറോണൈറ്റ് (പാത്രിയർക്കൽ ലെബനൻ), പാശ്ചാത്യസുറിയാനിസഭ (പാത്രിയർക്കൽ സഭ, 1781-ൽ റോമിലേക്ക് മടങ്ങിച്ചെന്ന സുറിയാനിക്രൈസ്തവർ പിന്തുടരുന്ന ക്രമം), മലങ്കരസഭ (മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ) 1930 ൽ പരിശുദ്ധ സിംഹാസനത്തോടെ പുനരൈക്യപ്പെട്ട സഭ.

c) പൗരസ്ത്യസുറിയാനി കുടുംബം: കാൽദിയൻ സഭ (പാത്രിയർക്കൽ സഭ, 1692-ൽ റോമിലേക്ക് മടങ്ങിയെത്തിയ ബാബിലോണിയൻ കത്തോലിക്കരുടെ സഭ) സീറോ മലബാർ സഭ (മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ: പൗരസ്ത്യസഭകളിൽ വിശ്വാസികളുടെ എണ്ണംകൊണ്ട് രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സഭ.)

d. അർമേനിയൻ കുടുംബം - (പാത്രിയാർക്കൽ സഭ)

e.ബൈസന്റയിൻകുടുംബം-
അൽബേനിയൻ-ബെലറൂസ്സിയൻ/ബൈലോഗൃസിയൻ-ബൾഗേറിയൻ-ചെക്-ക്രിസേയ് സി-ഗ്രീക്ക് ഹംഗേറിയൻ, ഇത്താലോ-അൽബേനിയൻ-മെൽക്കൈറ്റ് തുടങ്ങിയ ഉൾപ്പെടുന്ന പാത്രിയർക്കൽ സഭ, റൊമേനിയൻ (മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ) ഉക്രേനിയൻ (മേജർ ആർക്കി എപ്രിസ്കോപ്പൻ സഭ- പൗരസ്ത്യ സഭകളിൽ വലിപ്പംകൊണ്ട് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സഭ).

f. അലക്സാണ്ട്രിയൻ കുടുംബം :- കോപ്റ്റിക് (1741-ൽ റോമാ സിംഹാസനത്തോട്

www.malankaralibrary.com

പുനരൈക്യപ്പെട്ട പാത്രിയർക്കൽ സഭ) എത്തിയോപ്യൻ (അബിസ്സീനിയൻ 1846ൽ പുനരൈക്യപ്പെട്ട മെത്രാപ്പോലീത്തൻ സഭ) എറിത്രിയൻ സഭ (2015-ൽ എത്യോപ്യൻ കത്തോലിക്കാ സഭയിൽ നിന്നും സ്വാതന്ത്ര്യം നേടിയ മെത്രാപ്പോലീത്തൻ സഭ).

10. പൗരസ്ത്യ ആരാധനാക്രമത്തിന്റെ അനന്യത

a. ആരാധനാക്രമത്തിന് കൊടുക്കുന്ന സവിശേഷമായ സ്ഥാനം. മറ്റേതൊരു പാരമ്പര്യത്തേയും അപേക്ഷിച്ച് പൗരസ്ത്യസഭകൾ തങ്ങളുടെ സഭാജീവിതത്തിൽ മറ്റെന്തിനേക്കാളുമുപരിയായ ഒരു സ്ഥാനം ആരാധനാക്രമത്തിന് കൊടുക്കുന്നുണ്ട്. ആരാധനാക്രമമാണ് ക്രിസ്തീയ ജീവിതത്തിന്റെ സ്രോതസ്സും ലക്ഷ്യവും എന്ന തിരിച്ചറിവാണ് ഇതിനു കാരണം. സഭയുടെ മുഴുവൻ ജീവിതവും ആരാധനയുടെ ക്രമത്തിൽ വിജയം പ്രാപിച്ചിരിക്കുന്നു.

ദൈവികരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനവും അവയിലുള്ള ഭാഗഭാഗിത്വവും ആത്മീയ നിലപാടുകളെ ജ്യോതിപ്പിക്കാൻ താഴെപ്പറയുന്ന പ്രകടനപരമായ ഘടകങ്ങളിലൂടെ പ്രകാശിപ്പിക്കാൻ സഭ എപ്പോഴും ശ്രദ്ധിക്കുന്നു. 1. ദൈവസ്തുതികൾ (doxology)കൃതജ്ഞത കലർന്ന സ്തുതികളും ദൈവത്തിന് ഏറ്റവും പ്രീതികരവുമായ ആരാധനയുമായ ദൈവസ്തുതികൾ പൗരസ്ത്യ ആരാധനാക്രമത്തിൽ സുലഭമാണ്. 2. രക്ഷാകര പദ്ധതിയിലൂടെ ചുരുൾ നിവർന്ന ദിവ്യരഹസ്യങ്ങളുടെ അനുസ്മരണവും (മിമ്മിലശെ) ആ അനുസ്മരണത്തിൽ നിന്നും സ്വാഭാവികമായി ഉയരുന്ന കൃതജ്ഞത പ്രകാശനവും 3. റൂഹാക്ഷണം (Epiclesis) ദൈവരാജ്യത്തിന്റെയും തിരുസ്സഭയുടെയും എല്ലാ യാഥാർത്ഥ്യങ്ങളെയും പൂർണ്ണതയിലെത്തിക്കുന്ന പരിശുദ്ധാത്മാവിനെ ക്ഷണിക്കൽ.
4. അയോഗ്യതയുടെ മനോഭാവം: ഭയഭക്തി ജനകമായ ദിവ്യരഹസ്യങ്ങളിലൂടെ മനുഷ്യകുലത്തിന് സ്വയം വെളിപ്പെടുത്തിയ ദൈവീകസത്തയ്ക്കുമുൻപിൽ നിൽക്കാനുള്ള തങ്ങളുടെ അയോഗ്യതയെയും മർത്യസ്വഭാവത്തേയും എടുത്തു പറഞ്ഞ് പ്രാർത്ഥിക്കുക എന്നത് പൗരസ്ത്യ സഭകളുടെ സവിശേഷമായൊരു പ്രത്യേകതയാണ്. അത്ഭുതത്തിന്റെയും രഹസ്യത്തിന്റെയും ഒരു തിരശീലയ്ക്ക്കപ്പുറമാണ് എപ്പോഴും ദൈവീകയാഥാർത്ഥ്യങ്ങൾ നിലകൊള്ളുന്നത്. അതിനെ ആരാധിക്കാനും ഉൾക്കൊള്ളാനും സമീപിക്കാനും മർത്യൻ അയോഗ്യനാണ്.

വിശ്വാസത്തിന്റെ മാംസമെടുക്കൽ എന്ന അനുഭവത്തിന്റെ സാക്ഷാത്ക്കാരം മാനവ സംസ്ക്കാരത്തിൽ പൗരസ്ത്യ സഭകളുടെ അരാധനാക്രമം കണ്ടെത്തുകയും അതിന്റെ വെളിച്ചത്തിൽ ആ സംസ്ക്കാരത്തെ ഒരേ സമയം പ്രചോദനമായും ആരാധനാക്രമമനുഷ്ഠാനങ്ങളുടെ ഫലമായും അവതരിപ്പിക്കുന്നു. ആരാധാക്രമപാരമ്പര്യങ്ങളിലുള്ള ഈ നാനാത്വം യാതൊരുവിധത്തിലും സഭയുടെ ഐക്യത്തെ തകർക്കുന്നില്ല. മറിച്ച് അതിനെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്.

പൗരസ്ത്യസഭകളുടെ ആരാധനാക്രമപ്രാർത്ഥനകൾ വലിയ സാമൂഹ്യമാനം പ്രദർശിപ്പിക്കുന്നവയാണ്. നമ്മുടെ ആരാധനാക്രമം ദൈവത്തിന്റെ സഹായം തേടാനും അവിടുന്നിൽ ആശ്രയം കണ്ടെത്താനും മാത്രമല്ല സഭാഗോത്രത്തോട് തന്മയീഭവിക്കാനും അവിടുത്തെ അജഗണത്തോട് ഒന്നുചേരാനും വിശ്വാസികളെ സഹായിക്കുന്നു.

b. ആരാധനാക്രമവും വിശ്വാസവും

ആരാധനാക്രമപ്രാർത്ഥനകൾ ആധികാരികമായ വിശ്വാസരഹസ്യങ്ങളോട് ചേർന്നുപോവുകയും അതിന്റെ പൂർണ്ണതയിൽ അതിനെ പ്രകടിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഒരു ആരാധനാസമൂഹമെന്ന നിലയിലുള്ള തന്റെ വ്യക്തിത്വത്തെ വ്യക്തമായി ആരാധനാക്രമത്തിൽ കണ്ടെത്തുകയും അതിനെ ജീവിതം വഴി പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിലാണ് സഭയാണ് വി. കുർബാനയെ നിർമ്മിക്കുന്നത് എന്നും ഇതേ വിശ്വാസസത്യത്തോട് യോജിച്ചുകൊണ്ടുതന്നെ വി.കുർബാന സഭയെ നിർമ്മിക്കുന്നു /പടുത്തുയർത്തുന്നു എന്നു പറയുന്നത്. ലിയോൺസിലെ ഇരണേവൂസ് ഇപ്രകാരം പറയുന്നു. “നമ്മുടെ

www.malankaralibrary.com

ഹൃദയവിചാരങ്ങൾ വി. കുർബാനയോട് ചേർത്തു വയക്കുമ്പോൾ വി.കുർബാന നമ്മുടെ ഹൃദയവിചാരങ്ങളെ ആഴപ്പെടുത്തുന്നു/സ്വീകരിക്കുന്നു."

പൗരസ്ത്യ ആരാധനാക്രമം പരിപൂർണ്ണമായും ത്രിത്വൈകമാണ്.

മനുഷ്യാവതാരകേന്ദ്രീകൃതമായ ക്രിസ്തുദർശനം: നമ്മുടെ രക്ഷയ്ക്ക് ഉപകരണമായിത്തീർന്ന മിശിഹായുടെ മനുഷ്യത്വത്തോട് അഗാധമായ ഭക്തി പ്രകടിപ്പിച്ചുകൊണ്ട് വളരെ സംതുലിതമായ ഒരു മിശിഹാവിജ്ഞാനീയത്തെ പൗരസ്ത്യസഭകൾ ഇതര സമൂഹങ്ങൾക്ക് സംഭാവന ചെയ്യുന്നു.

രഹസ്യാത്മകത : ദൈവത്തിന്റെ പരിശുദ്ധിയേയും അവിടുത്തെ അപരിമേയത്വത്തേയും സൂചിപ്പിക്കുകയും നിലനിർത്താനുമായി രഹസ്യങ്ങൾ എന്ന് ഉപയോഗിച്ചിരിക്കുന്നത് സഭയുടെ ആദ്യകാലപ്രാർത്ഥനകളിൽ നമുക്ക് ഇപ്രകാരം കാണാനാകും ഞങ്ങൾ അങ്ങയോട് ആവശ്യപ്പെടുന്നില്ല. (അങ്ങയെ സ്തുതിക്കാനും നന്ദിപറയാനുമുള്ള ശക്തി ഒഴികെ മറ്റൊന്നും) എന്തെങ്കിലും വാങ്ങിക്കാൻ വേണ്ടിയല്ല നാം ദൈവാലയത്തിലേക്ക് പോകുന്നത്.

ആരാധനാ സമൂഹം വ്യവസ്ഥാപിതമായ ചട്ടക്കൂടിനാൽ ക്രമീകരിക്കപ്പെട്ടതാണ്. എല്ലാകാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുവിൻ (1 കൊരി. 14:40). ആരാധനയർപ്പിക്കാനായി വരുന്ന സമൂഹം അതിനായ സജ്ജമാക്കപ്പെട്ടിരിക്കണം. പൗരസ്ത്യ സഭകളുടെ കനോൻ നിയമം ഇപ്രകാരം അനുശാസിക്കുന്നു. "തങ്ങളുടെ സ്വയാധികാരസഭയുടെ നിബന്ധനകൾക്കനുസരിച്ച് ദൈവാരാധന നടത്തുന്നതിനും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായി തങ്ങളുടെ ആദ്ധ്യാത്മിക ജീവിതരീതി പിന്തുടരുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്. (CCEO 17) ഒരേ ശരീരത്തിലുള്ള വ്യത്യസ്തങ്ങളായ അവയവങ്ങൾ പോലെയാണ് ആരാധനയിൽ ഓരോ വിശ്വാസിയും സഭാസമൂഹത്തോട് ചേരുന്നത്. പല അവയവങ്ങൾ ഒന്നു ചേർന്ന് ഒരു ശരീരത്തിന് ജീവനും ചൈതന്യവും പകരുന്നതുപോലെ അനേക വിശ്വാസികൾ ഒന്നുചേർന്ന് ആരാധനാസമൂഹമായി മാറുന്നു. (1 കൊരി.12, 1231) പൗരസ്ത്യസഭകൾ തങ്ങളുടെ ആരാധക്രമപൈതൃകത്തെ തങ്ങളുടെ വ്യക്തിത്വത്തിന്റെ സ്രോതസ്സായി പരിഗണിക്കുന്നു. പടിഞ്ഞാറൻ/ലത്തീൻ പാരമ്പര്യങ്ങളാൽ പലപ്പോഴും സ്വാധീനിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൗരസ്ത്യസഭകൾ തങ്ങളുടെ ആരാധനാക്രമപൈതൃ കത്തിൽ ഉറച്ചുനിന്നുകൊണ്ട് മുന്നേറുകയും തങ്ങളിൽ നിന്നുത്ഭവിച്ചിട്ടുള്ള പുതിയ പാരമ്പര്യങ്ങളോട് ചേർന്നു പോവുകയും ചെയ്തിട്ടുണ്ട്. തങ്ങൾക്കിടയിലേക്ക് കടന്നുവന്ന വിഭാഗീയതയുടെ വിത്തുകളെ ദൂരെയകറ്റാനും കൂടുതൽ ആധികാരികതയോടും ഊർജ്ജസ്വലതയോടും കൂടി തങ്ങളുടെ ആരാധനാക്രമ പാരമ്പര്യത്തെ പുനരുദ്ധരിക്കുകയും തങ്ങളുടെ പാരമ്പര്യങ്ങളുടെ ഉറവിടമായി അതിനെ മനസ്സിലാക്കുകയും ചെയ്തതു വഴിയാണ് ഈ സഭകൾക്ക് ഇതിന് സാധിച്ചത്. അധികാര കേന്ദ്രങ്ങളിലുള്ളവരുടെ ഇടപെടലുകൾ വഴി നൽകുന്ന സംരക്ഷണത്തേക്കാൾ ആരാധനാക്രമ പാരമ്പര്യങ്ങളെ സംരക്ഷിക്കുന്നതിന് കൂടുതൽ ഉപകരിക്കുക വൈദീകരിലൂടെ ദൈവജനത്തിന് കൊടുക്കുന്ന ആരാധനാ ക്രമപരമായ മതബോധനവും അതുവഴി ആരാധനാക്രമത്തോട് നൈസർഗികമായ അടുപ്പം കാണിക്കാൻ അവരെ ഒരുക്കുക എന്നതുമാണ്. പാരമ്പര്യങ്ങളുടെ അത്യഗാധമായ സമ്പന്നതയും തനിമയും വീണ്ടെടുക്കുന്നതിനും ജീവിക്കുന്നതിനും സന്ന്യാസാശ്രമങ്ങളുടെ സാന്നിധ്യം വളരെയേറെ ഉപകരിക്കുന്നു.

## 11. ആരാധനാക്രമനവീകരണത്തിനായുള്ള തത്വങ്ങൾ

പടിഞ്ഞാറൻ സഭകളിലെന്നപോലെ പൗരസ്ത്യ സഭകളിലും ആരാധനാക്രമനവീകരണത്തിൽ പാലിക്കേണ്ട ഒന്നാമത്തെ വ്യവസ്ഥ അതാത് സഭകളുടെ തനതായ വ്യക്തിത്വത്തെ പരിപൂർണ്ണമായും കണ്ടെത്തുക എന്നതാണ്. അവയുടെ സമ്പന്നതയെ തിരിച്ചറിയുക വഴി അവയുടെ ആധികാരികത നഷ്ടപ്പെടുത്താൻ ഇടയാക്കിയ വസ്തുതകളെ കണ്ടുപിടിക്കാനും ദൂരീകരിക്കാനും

www.malankaralibrary.com

സാധിക്കും. ഇത്തരം ജാഗ്രത പുലർത്തൽ ഒരിക്കലും നവീകരണശ്രമങ്ങളെക്കാൾ ഒട്ടും താഴെയല്ല മറിച്ച് മുൻപേ നടക്കേണ്ടതാണ്.

ആരാധനാക്രമം-ആരാധനാക്രമസദൃശ പാരമ്പര്യങ്ങളുടെയും സ്വാധീനഫലമായി ഉരുത്തിരിഞ്ഞുവരുന്ന വിപുലീകരണങ്ങളും രീതികളും തങ്ങളുടെ പാരമ്പര്യത്തിന് എത്ര അപരിചിതമാണെങ്കിൽ പോലും ഒരു പരിധിവരെ അവയെ സ്വീകരിക്കേണ്ടതായുണ്ടെന്നും, അതേ സമയം തന്നെ ചില രീതികൾ ജനങ്ങൾക്കിടയിൽ പ്രചുരപ്രചാരം നേടിയതാണെങ്കിലും അവയെ തിരുത്തേണ്ടതായി വരുമെന്നും ആരാധനാക്രമനവീകരണത്തെ സംബന്ധിച്ച് അർമേനിയൻ പാത്രിയർക്കീസിന് 1989 ആഗസ്റ്റ് 2ന് അയച്ച കത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു.

ഏതൊരു നവീകരണശ്രമത്തിനും മുൻപ് സൂക്ഷ്മമായ പഠനം നടത്തിയിരിക്കണം. "ശരിയായ പാരമ്പര്യം സംരക്ഷിക്കുന്നതിനും എങ്കിലും നിയമാനുസൃതമായി പുരോഗതിക്ക് വഴി തുറക്കുന്നതിനും വേണ്ടി, ആരാധനാക്രമത്തിന്റെ ഓരോ ഭാഗത്തെ സംബന്ധിച്ചും പുനരവലോകനം ചെയ്യുന്നതിന് കൃത്യമായ ദൈവശാസ്ത്രപരവും ചരിത്രപരവും അജപാലനപരവുമായ സൂക്ഷ്മപരിശോധന ആദ്യമേ നടത്തേണ്ടിയിരിക്കുന്നു" (രെ 23).

**ആരാധനക്രമനവീകരണത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ**

a. പുരാതനമായ ഒരു ആരാധനക്രമാനുഷ്ഠാനം നവീകരിക്കുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായുണ്ട്. പുതുതായി കൂട്ടിച്ചേർക്കപ്പെടുന്ന ഘടകങ്ങൾ സാഹചര്യങ്ങളുമായി അനുരൂപപ്പെട്ടുപോകാൻ പര്യാപ്തമായിരിക്കണം. വി.ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഈ സാഹചര്യങ്ങളെ മനസ്സിലാക്കാനും വിശദീകരിക്കാനും സാധിക്കണം. കൂടാതെ ഇവ സഭാപിതാക്കൻമാരുടെ വ്യഖ്യാനങ്ങൾ, ഇതിനുമുൻപ് നടത്തപ്പെട്ടിട്ടുള്ള ആരാധനാക്രമ പരിഷ്ക്കാരങ്ങൾ, ദിവ്യരഹസ്യപ്രബോധനങ്ങൾ എന്നിവയോട് ചേർന്ന് പോവുകയും വേണം. ഇപ്പോൾ നടപ്പിൽ വരുത്താൻ പോകുന്ന പരിഷ്ക്കാരം ആരാധനാക്രമത്തിന്റെ പ്രതീകാത്മകഭാഷയുമായി സമരസപ്പെടുന്നതാണോയെന്നും അതാത് സഭകൾക്ക് പൊതുവായ ആരാധനാക്രമശൈലികളോടും സകല ആചാരങ്ങളോടും പൊരുത്തപ്പെട്ടു പോകുന്നതാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

വിവിധ സഭകൾ തമ്മിലുള്ള മതാന്തരബന്ധത്തിന് ഉലച്ചിൽ തട്ടാതെ സൂക്ഷിക്കണം. ആരാധനാക്രമനവീകരണശ്രമങ്ങളിൽ എപ്പോഴും നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളുടെ ആരാധനാക്രമശൈലികളെയും അനുഷ്ഠാനങ്ങളെയും പരിഗണിക്കുകയും അവയെ ബഹുമാനിക്കുകയും പഠിക്കുകയും ഇപ്പോൾ നിലനിൽക്കുന്ന അകൽച്ച ഒരിക്കലും വർദ്ധിക്കാൻ ഇടയാകാതെ വരത്തക്കവിധം മാത്രം അവയെ നടപ്പിലാക്കാൻ ശ്രദ്ധിക്കണം.

b. ആരാധനാക്രമവും സാംസ്ക്കാരികാനിരൂപണവും- വിശ്വാസത്തിന്റേയോ സമൂഹത്തിന്റെ മുഴുവൻ നന്മയേയോ സ്പർശിക്കാത്ത കാര്യങ്ങളിൽ ആരാധനാക്രമത്തിൽപോലും കർക്കശമായ ഐകരൂപ്യമുള്ള രീതി അടിച്ചേർപ്പിക്കാൻ തിരുസ്സഭ ആഗ്രഹിക്കുന്നില്ല. നേരെമറിച്ച് വിവിധ മാർഗ്ഗങ്ങളുടെയും ജനപദങ്ങളുടെയും ആത്മീയോത്ക്കർഷവും കഴിവുകളും ബഹുമാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. (ടഇ 37) സാംസ്ക്കാരികാനുരൂപണത്തിന്റെയും ലക്ഷ്യം ഒരിക്കലും ഒരു പുതിയ രീതിയുടെ രൂപീകരണമല്ല മറിച്ച് മാതൃരീതിയുടെ വ്യതിരിക്തതയെ ചോദ്യം ചെയ്യാത്ത തരത്തിലുള്ള കൂട്ടിച്ചേർക്കലുകൾ വഴി/ കടമെടുക്കലുകൾ വഴി ഓരോ സംസ്ക്കാരത്തിന്റെയും ആവശ്യകതകളെ പരിഗണിക്കുക എന്നതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന രീതികളിൽ നിന്നും നൈസർഗികമായി ഇവ വളർന്നു വരണം.

www.malankaralibrary.com

# യാമപ്രാർത്ഥനകൾക്ക് ഒരു ആമുഖം

നിർവ്വചനം

പ്രത്യേക സമയങ്ങളിൽ (യാമങ്ങളിൽ) ചൊല്ലാനായി തിരുസ്സഭ ഔദ്യോഗികമായി നല്കിയിരിക്കുന്ന പ്രാർത്ഥനകളാണ് യാമപ്രാർത്ഥനകൾ. തന്നോട് നിരന്തരം സംഭാഷിക്കുന്ന തന്റെ മണവാട്ടിയുടെ (സഭയുടെ) സ്വരത്തോട് ചേർന്ന് മിശിഹാ തന്റെ പിതാവിന് സമർപ്പിക്കുന്ന സ്തുതിപ്പുകളാണിവ. സഭയിൽ രൂപം കൊള്ളുകയും, സഭയിൽ നിരന്തരം ഉപയോഗിക്കപ്പെടുകയും, മണവാട്ടി എന്ന നിലയിൽ തന്റെ മണവാളനോട് (ക്രിസ്തുവിനോട്) സംഭാഷിക്കാൻ അവളെ സഹായിക്കുകയും, ഭൗമികതീർത്ഥാടനം നടത്തുന്ന വിശുദ്ധയായ തീർത്ഥാടക, മാനവരക്ഷയ്ക്കായി നിലകൊള്ളുന്ന നിത്യരക്ഷയുടെ കൂദാശ എന്നീ നിലകളിലുള്ള തന്റെ പ്രാധാന്യത്തെക്കുറിച്ച് തിരുസ്സഭയെ ഓർമ്മിപ്പിക്കുകയും ചെയ്യുന്ന പ്രാർത്ഥനകളായതിനാലാണ് ഇവയെ ഔദ്യോഗിക പ്രാർത്ഥനകൾ എന്ന് വിളിക്കുന്നത്. മിശിഹായോടും മിശിഹാരഹസ്യങ്ങളോടും വളരെ അഭേദ്യമായ ബന്ധം ഈ പ്രാർത്ഥനകൾക്കുണ്ട്. പ്രാർത്ഥനയുടെ കാര്യത്തിൽ മണവാളനായ മിശിഹാ തന്നെയാണ് സഭയുടെ ഏറ്റവും വലിയ മാതൃക. 'പുതിയതും സനാതനവുമായ ഉടമ്പടിയുടെ ഉന്നതപുരോഹിതനായ മിശിഹാ മനുഷ്യസ്വഭാവം സ്വീകരിച്ചുകൊണ്ട് സർവ്വയുഗങ്ങളിലും സ്വർഗ്ഗീയ വസതികളിൽ ആലപിക്കപ്പെടുന്ന അതേ സ്തോത്രഗീതം ഈ ഭൗമികപ്രവാസത്തിലും അവതരിപ്പിച്ചു. മനുഷ്യരൂപം മുഴുവനേയും അവിടുന്ന് തന്നോട് സംയോജിപ്പിച്ചുകൊണ്ട് ഈ ദീർഘസ്തുതികീർത്തനാലാപനത്തിൽ തന്നോട് ഒന്നാക്കിത്തീർക്കുന്നു' (SC 83).

വ്യത്യസ്തനാമങ്ങൾ: താഴെപ്പറയുന്ന പേരുകളിൽ യാമപ്രാർത്ഥനകൾ അറിയപ്പെടുന്നുണ്ട്: യാമപ്രാർത്ഥനകൾ, സ്തുതിയുടെ ബലി, ആത്മീയബലി, ദൈവികപ്രാർത്ഥനകൾ, കാനോനനമസ്കാരം, ദൈവസ്തുതികൾ എന്നിവയാണവ.

യാമപ്രാർത്ഥനകളുടെ ലക്ഷ്യം: ദൈവസ്തുതികളാലപിക്കുന്നതിലൂടെ എല്ലാ യാമങ്ങളേയും വിശുദ്ധീകരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം (SC 88). ദൈവസ്തുതികൾ ആലപിച്ചുകൊണ്ട് മിശിഹാരഹസ്യങ്ങളെ ഓരോ കാലത്തിന്റെയും ചൈതന്യത്തിൽ ധ്യാനിച്ചുകൊണ്ടു ദിനരാത്രങ്ങളെ പരിപൂർണ്ണമായി പവിത്രീകരിക്കാനുതകുന്ന രീതിയിലാണ് അതിനെ സംവിധാനം ചെയ്തിരിക്കുന്നത് (SC 84).

***യാമപ്രാർത്ഥനകളുടെ യഹൂദ-പൗരസ്ത്യസുറിയാനിയമപശ്ചാത്തലങ്ങൾ:***

യഹൂദപശ്ചാത്തലത്തിൽ ദൈനംദിന ആരാധനകൾ ആരംഭിച്ചിരുന്നത് സായാഹ്നം മുതൽ സായാഹ്നം വരെയായിരുന്നു. ചാന്ദ്രകലണ്ടറിനെ അടിസ്ഥാനപ്പെടുത്തിയ ആരാധനാവത്സരമായിരുന്നു അവർ ഉപയോഗിച്ചിരുന്നത്. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും മോചനം നേടി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായി തങ്ങൾ മാറിയ ആ സായാഹ്നത്തിലെ കടന്നുപോകൽ/പെസഹാ അനുഭവമാണ് സായാഹ്നത്തോടനുബന്ധിച്ച് തങ്ങളുടെ പ്രാർത്ഥനകളെ ക്രമീകരിക്കാൻ അവരെ പ്രേരിപ്പിച്ചത്. സായാഹ്നത്തിൽ തന്നെത്തന്നെ നമുക്കായ് ബലിയർപ്പിച്ച മിശിഹായെ അനുസ്മരിച്ചുകൊണ്ടാണ് പൗരസ്ത്യസഭകളും സായാഹ്നത്തിൽ തങ്ങളുടെ ആരാധനാദിനം ആരംഭിക്കുന്നത്. ദിവസത്തിൽ 7 തവണ യഹൂദർ പ്രാർത്ഥിച്ചിരുന്നു (സങ്കീ 118,164). ദൈവാലയത്തിന്റെ പ്രഭാത-പ്രദോഷ ബലികളെ അനുസ്മരിച്ചുകൊണ്ട് രാവിലെ, വൈകുന്നേരം, മൂന്ന്, ആറ്, ഒൻപത് യാമങ്ങളിൽ സിനഗോഗിൽ വച്ചും (സങ്കീ 55,17, ദാനി 6,10) രാത്രിയിൽ ഉറങ്ങുന്നതിന് തൊട്ടുമുൻപും അർദ്ധരാത്രിയിലും (നിയമ 6,7; സങ്കീ 118,62) അവർ പ്രാർത്ഥിച്ചിരുന്നു.

1. ദൈവാലയം: രാവിലെ 9 മണിക്കും (3-ാം മണിക്കൂർ) ഉച്ചകഴിഞ്ഞ് 3 മണിക്കും (9-ാം മണിക്കൂർ) ജറുസലേം ദൈവാലയത്തിൽ പതിവായി ബലികൾ അർപ്പിക്കപ്പെട്ടിരുന്നു.

www.malankaralibrary.com

ആദിമക്രൈസ്തവർ യഹൂദർ ആയിരുന്നതിനാൽ പ്രാർത്ഥനകൾക്കായി പതിവായി ദൈവാലയത്തിൽ പോയിരുന്നു (ലൂക്കാ 24,53; അപ്ര പ്രവ 2,46).

2. സിനഗോഗ്: ബി.സി. 586-ൽ ജറുസലേം ദൈവാലയം നശിപ്പിക്കപ്പെട്ടതിനുശേഷം സംജാതമായ ആത്മീയ ശൂന്യതയിൽ നിന്നാണ് സിനഗോഗ് എന്ന പ്രാർത്ഥനാഭവനങ്ങൾ ജന്മമെടുക്കുന്നത്. എ.ഡി. 70-ൽ ജറുസലേം ദൈവാലയം പരിപൂർണ്ണമായി നശിപ്പിക്കപ്പെടുന്നതുവരെ ദൈവാലയത്തിനു പകരമായി ഒരിക്കലും സിനഗോഗുകൾ കരുതപ്പെട്ടിരുന്നില്ല. ദൈവാലയത്തിന്റെ സ്ഥാനം പിടിച്ചെടുക്കുന്നതിനു പകരം യഹൂദരുടെ ആത്മീയ ജീവിതത്തിൽ ദൈവാലയത്തിനുള്ള പ്രാധാന്യത്തെ ഊന്നിപ്പറയുകയാണ് സിനഗോഗുകൾ ചെയ്തത്. പുനർനിർമ്മിക്കപ്പെട്ട ദൈവാലയത്തിന്റെപരിസരങ്ങളിലും വിദൂരങ്ങളിലും ദരിദ്ര ഗ്രാമങ്ങളിലും സിനഗോഗുകൾ ഉണ്ടായിരുന്നു. പ്രാർത്ഥിക്കാനും വി. ലിഖിതങ്ങൾ ശ്രവിക്കാനുമായിട്ടാണ് യഹൂദർ ഇവിടെ സമ്മേളിച്ചിരുന്നത്. പഞ്ചഗ്രന്ഥിയിൽ നിന്നും പ്രവചനഗ്രന്ഥങ്ങളിൽ നിന്നുള്ള വായനകളും ഷേമ, തെഫില്ല (അമിദാ) എന്നീ പ്രാർത്ഥനകളുമടങ്ങുന്നതായിരുന്നു സിനഗോഗിലെ ശുശ്രൂഷ.

3. ഭവനങ്ങൾ: യഹൂദരുടെ മതാത്മകജീവിതത്തിൽ ഭവനങ്ങളും പ്രാർത്ഥനയുടെ ഇടങ്ങളായിരുന്നു. ജറുസലേം ദൈവാലയത്തിലെ ബലികളിൽ പങ്കെടുക്കാൻ സാധിക്കാത്തവർ അതിനുപകരമായി അതേ സമയത്ത് ഭവനങ്ങളിൽ പ്രാർത്ഥിച്ചിരുന്നതായി കാണാം (എസ്രാ 9,5; ദാനി 9,21; ന്യായാ 9,1; ലൂക്കാ 1,10). രാത്രിയിൽ ഉറങ്ങുന്നതിനു മുൻപും രാവിലെ ഉണർന്നതിനുശേഷവും അവർ ഭവനങ്ങളിൽ ഷേമാ പ്രാർത്ഥന ചൊല്ലിയിരുന്നു. ഇതേ ശൈലി പിന്തുടർന്ന ആദിമക്രൈസ്തവ സമൂഹവും ഒരേ മനസ്സോടെ പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടിയിരുന്നു. (അപ്ര പ്രവ 1,14). അവർ സ്വകാര്യവ്യക്തികളുടെ ഭവനങ്ങളിൽ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചിരുന്നു (അപ്ര പ്രവ 2,1; 4,6; 4,2331; 12,5). ജറുസലേം ദൈവാലയത്തിന്റെ നാശത്തിനുശേഷം യഹൂദരും ക്രൈസ്തവരും തമ്മിലുള്ള അകൽച്ച വർദ്ധിക്കുകയും തത്ഫലമായി സിനഗോഗുകളിൽ നിന്ന് ക്രൈസ്തവർ പുറത്താക്കപ്പെടുകയും, ഇത് തങ്ങൾക്ക് പ്രാർത്ഥിക്കുവാനായി ഭവനങ്ങൾ കണ്ടുപിടിക്കാനും പിന്നീട് ദൈവാലയങ്ങൾ നിർമ്മിക്കാനും ക്രൈസ്തവരെ പ്രേരിപ്പിച്ചു.

*പുതിയനിയമ പശ്ചാത്തലം*

### പ്രാർത്ഥനയിൽ മുഴുകിയിരുന്ന ഈശോയെക്കുറിച്ചുള്ള സൂചനകൾ

അവിടുന്ന് ദൈവസ്തുതികളുടെ കീർത്തനങ്ങളെ ഭൂമിക്ക് പരിചയപ്പെടുത്തുക മാത്രമല്ല ചെയ്തത്. തന്റെ ജീവിതകാലത്തുടനീളം പ്രാർഥിച്ചുകൊണ്ട് പ്രാർത്ഥനയുടെ മഹത്തായ മാതൃക അവിടുന്ന് നൽകി. ജോർദാനിൽ വച്ച് തന്റെ മാമോദീസായ്ക്ക് ഒരുക്കമായി അവിടുന്ന് പ്രാർത്ഥിച്ചു (ലൂക്കാ 3, 21-22). തന്റെ പരസ്യജീവിതത്തിന് ഒരുക്കമായി (മത്താ 4,1-2) തന്റെ ശിഷ്യന്മാർക്കുവേണ്ടി (യോഹ 17,6-27), പീഡാനുഭവത്തിന് മുമ്പ് (മത്താ 26,36-44) രാത്രിയുടെയും പകലിന്റെയും വ്യത്യസ്ത യാമങ്ങളിൽ പ്രാർത്ഥിച്ചു. നാലാം യാമത്തിൽ (മത്താ 14,23; മർക്കോ 6,46) അതിരാവിലെ (മർക്കോ 1,35), രാത്രിമുഴുവൻ (ലൂക്കാ 6,12) പരസ്യമായി (ലൂക്കാ 4,16) രഹസ്യമായി (ലൂക്കാ 4,45) രൂപാന്തരീകരണത്തിന് മുമ്പ് (ലൂക്കാ 9,29) എല്ലാം അവിടുന്ന് പ്രാർത്ഥിച്ചതായി കാണാം.

### പ്രാർത്ഥിക്കാനുള്ള മിശിഹായുടെ ആഹ്വാനം

എന്താണ് പ്രാർഥനയെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും അവിടുന്ന് തന്റെ ശിഷ്യരെ പഠിപ്പിച്ചു: എളിമയോടെ പ്രാർത്ഥിക്കണം (ലൂക്കാ 18,9-14), എപ്പോഴും പ്രാർത്ഥിക്കണം (ലൂക്കാ 21,36), പ്രത്യാശയോടെ പ്രാർത്ഥിക്കണം (ലൂക്കാ 11,5-13), അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന് മുമ്പ് (മർക്കോ 7,34). പ്രാർത്ഥനയും ഉപവാസവും തമ്മിലുള്ള ബന്ധം (മർക്കോ 9,29).

### മിശിഹായുടെ പ്രാർത്ഥനകൾ

www.malankaralibrary.com

തന്റെ ശത്രുക്കൾക്ക് മറുപടി നൽകാനും (സങ്കീ 110,1) തന്നെ ഒറ്റിക്കൊടുക്കുന്നവനെ സൂചിപ്പിക്കാനും (സങ്കീ 41,9) കുരിശിൽ കിടന്നുകൊണ്ട് പിതാവിനെ വിളിക്കാനും (സങ്കീ 22,1) തന്റെ ആത്മാവിനെ സമർപ്പിക്കാനും (സങ്കീ 31) തന്നെത്തന്നെ വെളിപ്പെടുത്താനും (സങ്കീ 2,28) അവിടുന്ന് സങ്കീർത്തനങ്ങൾ ഉപയോഗിച്ചു. സങ്കീർത്തനഗ്രന്ഥം ഈശോയുടെ പ്രാർത്ഥനാ പുസ്തകം എന്നാണ് അറിയപ്പെടുന്നത്.

പുതിയനിയമ പശ്ചാത്തലത്തിലെ പ്രാർത്ഥനയുടെ ദൈവശാസ്ത്രം പൂർണമായും മിശിഹായുടെ ജീവിതശൈലിയെ കേന്ദ്രീകരിച്ചുള്ളതാണ്. ആദിമക്രിസ്ത്യാനികൾ മിശിഹായുടെയും ശിഷ്യന്മാരുടെയും മാതൃക പ്രാർത്ഥനാപൂർവ്വം പിന്തുടർന്ന് പോന്നു. പരിശുദ്ധാത്മാവിനാൽ നിറയുന്നതിനായി അവർ പ്രാർത്ഥനാപൂർവം ഊട്ടുശാലയിൽ കാത്തിരുന്നു. വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, പ്രാർത്ഥന, അപ്പം മുറിക്കൽ, എന്നിവയിൽ താല്പര്യപൂർവ്വം പങ്കുചേർന്നു (അപ്പ പ്രവ 2,42). അപ്പസ്തോലന്മാരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കാലത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് അവർ തങ്ങളുടെ പ്രാർത്ഥനാശൈലിയിൽ നവീകരണങ്ങൾ വരുത്തി. ആത്മാവിൽ കർത്താവിനെ സ്തുതിക്കുകയും അവിടുത്തേക്ക് കൃതജ്ഞത അർപ്പിക്കുകയും ചെയ്യുക (റോമ 8,15; 1കോറി 12,3) തുടങ്ങിയ നിർദ്ദേശങ്ങൾ അവരെ പ്രാർത്ഥനയിൽ വളർച്ച നേടാൻ സഹായിച്ചു. ദേവാലയത്തിലും സിനഗോഗുകളിലും പോയി പതിവായി പ്രാർഥിച്ചിരുന്ന അപ്പോസ്തോലന്മാരുടെ മാതൃക അവർ അനുകരിച്ചു. അവർ പത്രോസിനും യോഹന്നാനും വേണ്ടി പ്രാർത്ഥിച്ചു (അപ്പ പ്രവ 4,24-30) മറിയത്തിന്റെ ഭവനത്തിൽ വച്ച് പത്രോസിന്റെ മോചനത്തിന് വേണ്ടി പ്രാർത്ഥിച്ചു (അപ്പ പ്രവ 12,12). അവർ നന്ദിപറഞ്ഞു മദ്ധ്യസ്ഥത യാചിച്ചു; ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (1 തെസ 5,17). അവർ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി ഒരേ മനസ്സോടെ പ്രാർത്ഥിച്ചു (1 തിമോ 2,8). അവർ ആത്മീയഗീതങ്ങളും കീർത്തനങ്ങളും സങ്കീർത്തനങ്ങളും ആലപിച്ചുകൊണ്ട് പ്രാർത്ഥിച്ചു (എഫേ 5,19).

**മിശിഹായുടെ പ്രാർത്ഥനയിൽ പ്രത്യക്ഷപ്പെടുന്ന ഘടകങ്ങൾ**

1. സ്തുതി: “പിതാവേ അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തിയാലും” (യോഹ 12,28; 17,1). തനിക്കുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങൾക്കും വേണ്ടി ഈശോ പിതാവിനെ സ്തുതിക്കുന്നു. ഈ സ്തുതികളോട് ഒരു പ്രാർത്ഥന കൂടി അവിടുന്ന് കൂട്ടിച്ചേർക്കുന്നു “പുത്രനെ മഹത്വപ്പെടുത്തിയാലും”.

2. കൃതജ്ഞതാപ്രകാശനം: ശിശുക്കൾക്ക് എല്ലാം വെളിപ്പെടുത്തിയതിനാൽ ഈശോ പിതാവിന് കൃതജ്ഞതയർപ്പിക്കുന്നു (മത്താ 11,25). തന്റെ പ്രാർത്ഥന ശ്രവിച്ചതിനും (യോഹ 11,41) നന്ദി പറയുന്നു. അപ്പം വർദ്ധിപ്പിക്കുന്നതിന് മുമ്പ് അവിടുന്ന് പിതാവിന് നന്ദി പറയുന്നു (യോഹ 6,11). അവസാനമായി, തന്റെ അന്ത്യ അത്താഴവേളയിൽ കൃതജ്ഞതയർപ്പിച്ചശേഷമാണ് അപ്പം ശിഷ്യന്മാർക്ക് കൊടുക്കുന്നത് (മർക്കോ 14,23). ഈ രീതിയിൽ, പ്രാർത്ഥനയിൽ കൃതജ്ഞതാപ്രകാശനത്തിനുള്ള പ്രസക്തിയെ ഈശോ വെളിപ്പെടുത്തുന്നു.

3. മദ്ധ്യസ്ഥപ്രാർത്ഥനകൾ: ശിഷ്യന്മാർക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ച് അവിടുന്ന് പ്രാർത്ഥിക്കുന്നു (യോഹ 17,9). ‘തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു മരണത്തിൽ നിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു.‘ (ഹെബ്രാ 5,7). ‘തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കാൻ അവന് കഴിവുണ്ട്. എന്നേക്കും ജീവിക്കുന്നവനായ അവൻ അവർക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. (ഹെബ്രാ 7,25).

4. യാചനാപ്രാർത്ഥനകൾ:ഗെത്സമൻ തോട്ടത്തിൽ വച്ച് ഈശോ തീവ്രമായ യാചന നടത്തുന്നു. ‘ പിതാവേ ഈ പാനപാത്രം…..” (ലൂക്കാ 22,42) കൂടാതെ കുരിശിൽ

www.malankaralibrary.com

കിടന്നുകൊണ്ട് ' എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു'' (മത്താ 27,46; സങ്കീ 22,1), അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു (ലൂക്ക 23,46; സങ്കീ 31,5).

5. സങ്കീർത്തനങ്ങൾ: സങ്കീ 110,1; 41,9; 22,1;31,5; 118,22; 2,28.

ഈശോ രാത്രിയുടെ യാമങ്ങളിൽ

1. ഈശോ സായാഹ്നങ്ങളിൽ (റംശ) ഒന്നാം യാമം (6 മണി) - പത്രോസിന്റെ ഭവനത്തിൽ (മത്താ 8,14-16) കടലിനെയും കാറ്റിനെയും ശാന്തമാക്കുന്നു (മർക്കോ 4,35) അപ്പം വർദ്ധിപ്പിക്കുന്നു (ലൂക്ക 9,12-13) ഈശോയുടെ ശരീരം കുരിശിൽ നിന്നിറക്കുന്നു (മത്താ 27,57) പത്ത് അപ്പസ്തോലന്മാർക്ക് ഉത്ഥാനശേഷം പ്രത്യക്ഷപ്പെടുന്നു (യോഹ 20,19).

2. ഈശോ രാത്രികാലങ്ങളിൽ (9 മണി- മൂന്നാം യാമം - ശൂബ്ആ): ലാസറിന്റെ വീട്ടിൽ വച്ച് അത്താഴം കഴിക്കുന്നു (യോഹ 12,1-3) അന്ത്യ അത്താഴം (മത്താ 26,20) ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു. (യോഹ 13,45).

3. ഈശോ അർദ്ധരാത്രിയിൽ (ആറാം യാമം, 12 മണി, ലെലിയ): തിരുപ്പിറവി (ലൂക്ക 2,8-14), ഇടയന്മാരുടെ സന്ദർശനം (16) ഈജിപ്തിലേക്കുള്ള പലായനം (മത്താ 2,14) നിക്കോദേമൂസിന്റെ സന്ദർശനം (യോഹ 3,1-2) ഏകനായി പ്രാർത്ഥിക്കുന്നു (ലൂക്ക 6,12).

4. ഈശോ പ്രഭാതകാലത്ത് (പുലരിക്കുമുമ്പ്, ഒമ്പതാം യാമം, 3 മണി - ഖാലാദ് ശഹ്റ) ഗത്സേമൻ തോട്ടത്തിലെ തീവ്രവേദന, പടയാളികൾ പിടിക്കുന്നു, പത്രോസിന്റെ തള്ളിപ്പറച്ചിൽ (ലൂക്ക 22,54; മത്താ 26,70), ഈശോ ഏകനായി പ്രാർത്ഥിക്കുന്നു (മർക്കോ 1,35), കടലിനുമീതെ നടക്കുന്നു (മത്താ 14,25), രൂപാന്തരീകരണം (ലൂക്ക 9,32), മഗ്ദലനാമറിയത്തിന് പ്രത്യക്ഷപ്പെടുന്നു (മർക്കോ 16,9; ലൂക്ക 24,1).

ഈശോ ദിവസത്തിന്റെ വ്യത്യസ്ത യാമങ്ങളിൽ

1. പ്രഭാതത്തിൽ (6മണി, ഒന്നാം മണിക്കൂർ, സപ്രാ) സാൻഹെദ്രീൻ സംഘത്തിന്റെ മുമ്പിൽ (ലൂക്ക 22,66), പന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ (മത്താ 27, 1-2), പത്രോസിനും മറ്റ് ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെടുന്നു (യോഹ 21,4-7).

2. ഈശോ മൂന്നാം മണിക്കൂറിൽ (9മണി, ഖുഥാ): സാബത്ത് ദിനത്തിൽ സിനഗോഗിൽ (ലൂക്ക 4,16). പെന്തക്കുസ്ത (അപ്പ പ്രവ 2,15) ഈശോയെ മരണത്തിന് വിധിക്കുന്നു.

3. ഈശോ ആറാം മണിക്കൂറിൽ (12 മണി, എന്ദാനാ): സമരിയാക്കാരിസ്ത്രീയുമായി സംഭാഷണം (യോഹ 4,6-7) കുരിശുമരണം, അന്ധകാരം വ്യാപിക്കുന്നു (ലൂക്ക 23,44).

4. ഈശോ ഒമ്പതാം മണിക്കൂറിൽ (3 മണി, തേശാ) (കുന്തം കൊണ്ട് പാർശ്വം പിളർക്കപ്പെടുന്നു, അവിടുത്തെ മരണം സ്ഥിരീകരിക്കുന്നു). (മർക്കോ 15, 31-32).

പ്രാർത്ഥനയുടെ ദൈവശാസ്ത്രം

ആരാധനാക്രമപരമായ എല്ലാ ആഘോഷങ്ങളും മതാത്മകമായ എല്ലാ പ്രകടനങ്ങളും ഏതെങ്കിലുമൊക്കെ ദൈവാനുഭവത്തെ ആചാരപരമായും കർമ്മബന്ധപരമായും ആഘോഷിക്കുന്നതാണ്. ആ ദൈവാനുഭവത്തെ വിശദീകരിക്കുന്നതിനും വർത്തമാനകാലവുമായി അതിനെ ബന്ധപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ അനുഭവത്തിൽ നിന്നും ഒരു ആരാധനാക്രമസമ്പ്രദായം (cult) ജന്മമെടുക്കുന്നത്. യഹൂദർ ആചരിച്ചുപോന്ന പെസഹാതിരുന്നാൾ ഇതിനൊരു ഉദാഹരണമാണ്. ദൈവം നല്കിയ ആ മഹത്തായ വിമോചനത്തെ അനുസ്മരിക്കുന്നതിനായി അവർ ആചരിച്ചുപോന്ന പെസഹാ ആചരണത്തോട് ചേർത്ത് സമാഗമകൂടാരം, ദൈവാലയം, ബലിപീഠം എന്നിവയെ ബന്ധിപ്പിച്ച് അവർ ആ വലിയരക്ഷയെ അനുസ്മരിച്ചുപോന്നു. പുതിയനിയമത്തിൽ ദൈവശാസ്ത്രത്തിന്റെ എല്ല തത്ത്വങ്ങളും മിശിഹാ എന്ന വ്യക്തിയിൽ കേന്ദ്രീകരിക്കപ്പെടുകയും സംഗ്രഹിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പഴയനിയമത്തിലെ കൂടാരവും ബലിപീഠവും ദൈവാലയവുമെല്ലാം പുതിയനിയമത്തിൽ സ്വയം ബലിയായ്ത്തീർന്ന പുത്രൻ എന്ന വ്യക്തിക്ക് വഴി

www.malankaralibrary.com

മാറുന്നു. ബൈബിൾ പണ്ഡിതരുടെ അഭിപ്രായത്തിൽ ഈശോയുടെ രക്ഷാകരപദ്ധതിയിലെ വിവിധ രഹസ്യങ്ങളെ ഇന്ന് ലോകത്തിന് മുമ്പിൽ സന്നിഹിതമാക്കുന്നത് ആരാധനാക്രമമാണ്. ഒരു യാഥാർത്ഥ്യവുമായി അഭേദ്യം ബന്ധപ്പെടുത്തി നില്ക്കുന്ന അനുഭവത്തെ പുതുക്കുന്നതിനും വിശദീകരിക്കുന്നതിനും വരും തലമുറകൾക്ക് കൈമാറുന്നതിനുമായി അടയാളങ്ങളുടേയും പ്രതീകങ്ങളുടേയും വാക്കുകളുടേയും സഹായത്തോടെ രൂപീകൃതമായിരിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ വഴി മിശിഹാസംഭവത്തെ നാം നമ്മുക്ക് വേണ്ടിയും വരും തലമുറകൾക്ക് വേണ്ടിയും സന്നിഹിതമാക്കുന്നു. പ്രാർത്ഥനയിലൂടെ, പ്രത്യേകിച്ച് യാമപ്രാർത്ഥനയിലൂടെ ദൈവത്തെ എങ്ങനെ കണ്ടുമുട്ടാം എന്നതിലുപരി ദൈവം എപ്രകാരമാണ് നമ്മെ സ്പർശിച്ചത് എന്നും എപ്രകാരമാണ് നാമോരോരുത്തരേയും തന്നോട് ഒന്നാക്കിയത് എന്നതിനെ ആഘോഷിക്കുകയാണ് നാം ചെയ്യുന്നത്. മിശിഹായിൽ പൂർത്തിയായ രക്ഷാകരരഹസ്യങ്ങളെ പരസ്യമായി ആഘോഷിക്കുന്നതിനായി ദൈവത്തിന് കൃതജ്ഞത പ്രകാശിപ്പിക്കുകയും അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന വേദി എന്ന നിലയിൽ യാമപ്രാർത്ഥനകളിലൂടെ ഈ രക്ഷയുടെ അനുഭവം നമ്മിൽ ദൃഢപ്പെടുകയും ദൈവത്തിന്റെ തിരുനാമത്തിന്റെ നിത്യമായി പുകഴ്ചയ്ക്കും മഹത്വത്തിനുമായി ഇത് മറ്റുള്ളവരിലേക്ക് കൈമാറ്റപ്പെടുകയും അതുവഴി സഭ പടുത്തുയർത്തപ്പെടുകയും ചെയ്യുന്നു.

യാമപ്രാർത്ഥനകളുടെ ഉത്ഭവചരിത്രം

ഒന്നാം നൂറ്റാണ്ടിൽ: ഡിഡാക്കെ (50-70 എ.ഡി.) ആദിമസഭയിൽ പാലിച്ചുപോന്ന പ്രാർത്ഥനാസമ്പ്രദായത്തെക്കുറിച്ചുള്ള ഏറ്റവും പഴക്കമേറിയതും എന്നാൽ വ്യക്തവുമായ വിവരണം ഇതിന്റെ 8-ാം അദ്ധ്യായത്തിലുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന 'എന്തെന്നാൽ ശക്തിയും മഹത്ത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു' എന്ന സ്തുതിവചനം കൂട്ടിച്ചേർത്ത് ദിവസവും 3 തവണ (യഹൂദർ ഷേമ പ്രാർത്ഥന ചൊല്ലുന്നതിനു പകരമെന്നോണം) ചൊല്ലാൻ ഈ അദ്ധ്യായം ആവശ്യപ്പെടുന്നതായി കാണാം.

റോമിലെ വി. ക്ലെമന്റ് (92-101): 'നിശ്ചിത സമയങ്ങളിൽ/യാമങ്ങളിൽ' പ്രാർത്ഥനകൾ നടത്തണം എന്നത് സംബന്ധിച്ച് ഏറ്റവും പുരാതനമായ തെളിവ് അദ്ദേഹം കോറിന്തോസുകാർക്കെഴുതിയ ഒന്നാമത്തെ ലേഖന(96)ത്തിൽ കൊടുത്തിരിക്കുന്ന പരാമർശമാണ്. 'നിശ്ചിതസമയങ്ങളിൽ ചെയ്യുവാനായി നമ്മുടെ കർത്താവ് നമ്മോട് കല്പിച്ചിരിക്കുന്നവയെല്ലാം നാം ക്രമമായി ചെയ്യണം'. അശ്രദ്ധമോ അലസമോ ആയ രീതികളിലല്ലാതെ നിശ്ചിതമായ സമയങ്ങളിലും മണിക്കൂറുകളിലും അവിടുത്തേക്ക് ബലികളും ശുശ്രൂഷകളും സമർപ്പിക്കാനുമാണ് കർത്താവ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത് കൂടാതെ ഓരോ യാമത്തിനും അദ്ദേഹം ബൈബിളധിഷ്ഠിതമായ അർത്ഥങ്ങൾ നല്കുന്നു. രാത്രി കർത്താവിന്റെ മരണത്തിന്റെയും ദിനം കർത്താവിന്റെ ഉയിർപ്പിന്റെയും പ്രതീകമാണെന്ന് അദ്ദേഹം വിശദീകരിക്കുന്ന.ു

(രണ്ടാം നൂറ്റാണ്ട്) (പ്ലീനി 112): ബിഥീനിയായുടെ ഗവർണ്ണറായിരുന്ന അദ്ദേഹം റോമൻ ചക്രവർത്തിയായ ട്രാജന് അയച്ച റിപ്പോർട്ടുകളിൽ 'ക്രിസ്ത്യാനികൾ ആരാധിക്കുന്നതിന്റെ ഭാഗമായി കീർത്തനങ്ങൾ ആലപിക്കുകയും പ്രാർത്ഥിക്കുകയും അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

രക്തസാക്ഷിയായ വി. ജസ്റ്റിൻ: ആദിമക്രൈസ്തവരുടെ പ്രാർത്ഥനാസമ്പ്രദായത്തിൽ ഉപയോഗിച്ചിരുന്ന ഘടകങ്ങളെക്കുറിച്ച് നമ്മുക്ക് അറിവ് തരുന്നത് വി. ജസ്റ്റിന്റെ

www.malankaralibrary.com

കൃതികളാണ്. പ്രകീർത്തനങ്ങളുടെ ആലാപനം, വി. ഗ്രന്ഥവായനകൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ എന്നിവ ഇതിലുൾപ്പെടുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.

(മൂന്നാം നൂറ്റാണ്ട്): അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ്: മൂന്നാം നൂറ്റാണ്ടിൽ ഈജിപ്തിൽ നിലവിലിരുന്ന ക്രൈസ്തവപ്രാർത്ഥനാശൈലിയെക്കുറിച്ചാണ് വി. ക്ലെമന്റ് സാക്ഷ്യം നല്കുന്നത്. അദ്ദേഹത്തിന്റെ കൃതിയായ സ്ട്രോമാറ്റ 7,7; 40,3 എന്നിവ പ്രാർത്ഥനകൾ നടത്തിയിരുന്ന നിശ്ചിത സമയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. 'ജ്ഞാനവാദികൾ ജീവിതകാലം മുഴുവൻ പ്രാർത്ഥനക്കായി ഉഴിഞ്ഞുവെച്ചിരിക്കുന്നതുപോലെയല്ല നാം പ്രാർത്ഥനകൾ നടത്തുവാനായി 3,6,9 എന്നീ മണിക്കൂറുകൾ അതിനായി നിശ്ചയിച്ചിരിക്കുന്നു'. കൂടാതെ രാവിലെ എഴുന്നേറ്റതിനുശേഷവും വിശ്രമത്തിനായി പോകുന്നതിന് മുമ്പ് രാത്രിയിലും അർദ്ധരാത്രിയിലും ഭക്ഷണത്തിന് മുമ്പും ശേഷവും പ്രാർത്ഥിക്കണമെന്ന് വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു (സ്ട്രോമാറ്റ 7, 49: 3-4). കിഴക്കിനഭിമുഖമായി നിന്ന് പ്രാർത്ഥിക്കുന്നതിനെക്കുറിച്ചുള്ള ആദ്യസൂചന തന്ന സഭാപിതാവും ഇദ്ദേഹമാണ് (സ്ട്രോമാറ്റ 7,43: 6-7). അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സൂര്യന്റെ ഉദയസ്ഥാനമായ കിഴക്ക് നീതിസൂര്യനായ (മലാക്കി 3,20) ക്രിസ്തുവിന്റെയും ദിക്കാണ്. കിഴക്കുനിന്നും വന്ന രക്ഷകനായ (മത്താ 2,2) അവിടുന്ന് യുഗാന്ത്യത്തിലെ ന്യായാധിപനായി വരുന്നതും കിഴക്കുനിന്നുമായിരിക്കും (മത്താ 24,27). രാത്രിയിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നതിന് യുഗാന്ത്യോ•ുഖമായ അർത്ഥം അദ്ദേഹം നല്കുന്നു. സുറിയാനി സാഹിത്യം മാലാഖമാരെ വിളിക്കുന്നത് ഒരിക്കലും ഉറങ്ങാതിരുന്ന് ദൈവത്തിന് നിരന്തരം സ്തുതികളും കീർത്തനങ്ങളും അർപ്പിക്കുന്ന ജാഗരൂകർ അല്ലെങ്കിൽ കാവൽക്കാർ എന്നാണ്. രാത്രിയിൽ ജാഗരണമനുഷ്ഠിക്കുന്ന ഓരോ സന്ന്യാസിയും മാലാഖമാരെപ്പോലെ വർത്തിക്കുകയും അന്ധകാരത്തെ അതിജീവിക്കാൻ ശക്തരായിത്തീരുകയും ചെയ്യുന്നു. അവർ ദിവസത്തിന്റെ എന്നപോലെ പ്രകാശത്തിന്റെ മക്കളാണ്. ഒരിക്കലും അന്ധകാരത്തിന്റേതല്ല (1തെസ 5, 5). ഇപ്രകാരം സന്ന്യാസജീവിതം അവരുടെ ഇടമുറിയാത്ത പ്രാർത്ഥനയുടെയും മാതൃകാപരമായ അഗാധവിരക്തിയുടെയും ഫലമായി മാലാഖമാർക്ക് തുല്യമായ ജീവിതമായി രൂപാന്തരപ്പെടുന്നു.

അപ്പസ്തോലിക പാരമ്പര്യം (Apostolic Tradition): AD 215 നോട് അനുബന്ധിച്ച് റോമിലെ മെത്രാനായിരുന്ന മാർ ഹിപ്പോളിറ്റസ് ഗ്രീക്ക് ഭാഷയിൽ എഴുതിയ കൃതിയാണ് ഇതെന്ന് കരുതപ്പെടുന്നു. ഇതിന്റെ ഇരുപത്തിയഞ്ചാമദ്ധ്യായം ആദിമസഭയിൽ സായാഹ്നങ്ങളിൽ നടത്തിയിരുന്ന അപ്പംമുറിക്കൽ ശുശ്രൂഷയെക്കുറിച്ച് വിവരണം നൽകുന്നു. ഇതിന്റെ തന്നെ 35-ാം അദ്ധ്യായം 7 യാമങ്ങളിലുള്ള (രാത്രി വിശ്രമത്തിന് മുൻപ്, അർദ്ധരാത്രിയിൽ കോഴി കൂവുന്ന സമയത്ത്, ഉറക്കമുണരുമ്പോൾ, 3,6,9 മണിക്കൂറുകൾ) പ്രാർത്ഥനകളെക്കുറിച്ചും പ്രഭാതത്തിൽ ദൈവാലയത്തിൽ വച്ച് നൽകപ്പെട്ടിരുന്ന പൊതുവായ പ്രബോധനത്തെക്കുറിച്ചും വിവരിക്കുന്നു. അപ്പംമുറിക്കൽ ശുശ്രൂഷയിൽ സായാഹ്നദീപത്തിന്റെആശീർവാദം, അത്താഴം, വിശുദ്ധ കുർബാന എന്നിവ ഉണ്ടായിരുന്നു. മിശിഹാ പ്രഭാതത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ തങ്ങളും വരും പ്രഭാതത്തിൽ ഉണർന്നെഴുന്നേൽക്കും എന്ന പ്രതീക്ഷയോടെ ഉറങ്ങാൻ പോകുന്നതിനു മുൻപ് അവർ പ്രാർത്ഥിച്ചിരുന്നു. അർദ്ധരാത്രിയിൽ മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിൽ അവിടുത്തെ കണ്ടുമുട്ടുമെന്ന യുഗാന്ത്യോ•ുഖമായ പ്രത്യാശയോടെ അവർ എഴുന്നേറ്റ് കൈകൾ കഴുകി പ്രാർത്ഥിച്ചിരുന്നു. അർദ്ധരാത്രിയിൽ ഒരു വലിയ ആർപ്പുവിളിയുണ്ടായി "ഇതാ മണവാളൻ പുറത്തുവന്ന് അവനെ എതിരേൽക്കുവിൻ" (മത്താ 25,6). കോഴി കൂവുന്ന പ്രഭാത കാലത്ത് എഴുന്നേറ്റ് പ്രാർത്ഥിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ദിവസത്തിന്റെ യാമങ്ങൾ ആരംഭിച്ചിരുന്നത് ഉണർന്നെഴുന്നേറ്റിനുശേഷം നടത്തിയിരുന്ന പ്രാർത്ഥനയോടെയാണ്.

www.malankaralibrary.com

ഉറക്കമുണർന്ന ഉടൻതന്നെ അവർ കൈകൾ കഴുകുകയും മറ്റെല്ലാ ജോലികളും ആരംഭിക്കുകയും ചെയ്യുന്നതിന് മുമ്പ് പ്രാർത്ഥിച്ചിരുന്നു. ദൈവാലയത്തിൽ പൊതുവായ പ്രബോധനം നൽകിയിരുന്നെങ്കിൽ പ്രഭാത പ്രാർഥനയ്ക്ക് പകരം അതിൽ എല്ലാവരും പങ്കെടുത്തിരുന്നു. പൊതുവായപ്രബോധനം ഇല്ലായിരുന്നുവെങ്കിൽ പകരമായി അവർ ബൈബിൾ വായിച്ചിരുന്നു. മൂന്നാം മണിക്കൂറിൽ ഈശോ ക്രൂശിക്കപ്പെട്ടതിനാൽ ആ സമയത്ത് അവർ പ്രാർത്ഥിച്ചിരുന്നു ആറാംമണിക്കൂറിൽ ഈശോ കുരിശിൽ ആണികളാൽ തറയ്ക്കപ്പെട്ടപ്പോൾ ദിവസം വിഭജിക്കപ്പെടുകയും അന്ധകാരം വ്യാപിക്കുകയും ചെയ്തതിനാൽ ആ സമയത്ത് അവിശ്വാസികളായ യഹൂദരുടെ കണ്ണ് തുറപ്പിക്കുന്നതിനായി എല്ലാ സൃഷ്ടികളെയും അന്ധകാരത്തിൽ ആഴ്ത്തുകയും പ്രാർത്ഥിക്കുകയും ചെയ്തവന്റെ സ്വരം അനുകരിച്ച് ശക്തമായ ഒരു പ്രാർത്ഥന ചൊല്ലണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു ഒമ്പതാം മണിക്കൂറിൽ ഈശോ കുരിശിൽ മരിച്ചതിനെ അനുസ്മരിച്ചുകൊണ്ട് അവർ പ്രാർത്ഥിച്ചിരുന്നു

തെർത്തുല്യൻ: അലക്സാണ്ഡ്രിയയിലെ വിശുദ്ധ ക്ലെമന്റ് നൽകുന്നതു പോലെ തെർത്തുല്യനും കിഴക്കിന് അഭിമുഖമായി നിന്ന് പ്രാർത്ഥിക്കുന്നതിന്റെ ദൈവശാസ്ത്രം വിശദീകരിക്കുന്നുണ്ട് (Apology 16; Ad Nationes 1, 13). കൂടാതെ പ്രാർത്ഥനയിൽ ഉപയോഗിച്ചിരുന്ന കർമ്മങ്ങളെക്കുറിച്ചും ഉപവാസത്തെക്കുറിച്ചും അദ്ദേഹം തന്റെ കൃതികളിലൂടെ വിവരിക്കുന്നുണ്ട്. ആദിമക്രൈസ്തവർ ആചരിച്ചുപോന്ന പരമ്പരാഗതശൈലിയിലുള്ള അനുദിന പ്രാർത്ഥനാശൈലിയെക്കുറിച്ച് വളരെ മനോഹരമായ വിവരണം അദ്ദേഹം തന്റെ കൃതികളിലൂടെ നൽകുന്നുണ്ട്.അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ രാവിലെയും വൈകുന്നേരങ്ങളിലും ഉള്ള പ്രാർത്ഥന നിർബന്ധമാണ്. കൂടാതെ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ വർഷിക്കപ്പെട്ട സമയമായതുകൊണ്ട് മൂന്നാം മണിക്കൂറിലും, പത്രോസ് പ്രാർത്ഥിക്കുന്നതിനായി മട്ടുപ്പാവിലേക്ക് പോയ സമയമായതിനാൽ 6-ാം മണിക്കൂറിലും, പത്രോസും യോഹന്നാനും പ്രാർത്ഥിക്കാനായി ദൈവാലയത്തിലേക്ക് പോയ സമയമായതുകൊണ്ട് 9-ാം മണിക്കൂറിലും പ്രത്യേകമായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. കൂടാതെ ഭക്ഷണം കഴിക്കുന്നതിനുമുൻപും, കുളിക്കുന്നതിന് മുൻപും, അതിഥികളെ സ്വീകരിക്കുമ്പോഴുമെല്ലാം പ്രാർത്ഥിക്കണമെന്നും ഇത്തരം സന്ദർഭങ്ങളിൽ സങ്കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നുവെന്നും അദ്ദേഹം സൂചനകൾ നല്കുന്നുണ്ട്. രാത്രിയിൽ ഉറക്കമുണർന്ന് പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും സന്ധ്യാദീപം തെളിക്കുന്ന തിരക്കർമ്മത്തോടെ ആരംഭിച്ചിരുന്ന അപ്പംമുറിക്കൽ ശുശ്രൂഷയെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. ദൈവാലയത്തിലെ ബലികളുടെ അതേ സ്ഥാനത്ത് അർപ്പിക്കപ്പെടുന്നവ പ്രാർത്ഥനകളായതിനാൽ യാതൊരു കാരണവശാലും പ്രഭാതത്തിലെയും പ്രദോഷത്തിലുമുള്ള പ്രാർത്ഥനകൾ മുടക്കരുത് എന്നും അദ്ദേഹം പഠിപ്പിക്കുന്നു.

ഒരിജൻ: കിഴക്കിന് അഭിമുഖമായി നിന്ന് പ്രാർത്ഥിക്കുന്ന രീതിയെക്കുറിച്ച് ഒരിജനും സാക്ഷ്യം നല്കുന്നുണ്ട് (On Prayer 32). പിൽക്കാലത്ത് ഭദ്രാസനപാരമ്പര്യത്തിൽ രൂപം കൊണ്ട റംശാ പ്രാർത്ഥനയുടെ കേന്ദ്രമായി നിലകൊണ്ട 140-ാം സങ്കീർത്തനം പ്രാർത്ഥനയിൽ ഉപയോഗിച്ചിരുന്നു എന്ന് ആദ്യമായി സാക്ഷ്യപ്പെടുത്തുന്നത് ഒരിജെൻ ആണ്. രാത്രി, സായാഹ്നം, ഉച്ച, രാവിലെ എന്നിങ്ങനെ 4 തവണയുള്ള പ്രാർത്ഥനയെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. ' ഇടവിടാതെ പ്രാർത്ഥിക്കുവിൻ' (1തെസ 5,17) എന്ന വാക്യത്തിന്റെ അടിസ്ഥാനത്തിൽ ദിവസവും നാലുനേരം പ്രാർത്ഥിക്കണമെന്നും അതുവഴി വിശുദ്ധരുടെ ജീവിതം ഇടമുറിയാതെ ഒരു പ്രാർത്ഥനയായി മാറ്റാമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. അതിഭയാനകമായ അപകടാവസ്ഥയിൽ മൂന്നുനേരം പ്രാർത്ഥിച്ച ദാനിയേലിനെപ്പോലെ (ദാനി 12,2) ഏറ്റവും കുറഞ്ഞത് 3 തവണയെങ്കിലും ദിവസേന പ്രാർത്ഥിക്കണമെന്ന് ഒരിജെൻ പഠിപ്പിക്കുന്നു. പ്രഭാതത്തിലെയും പ്രദോഷത്തിലെയും പ്രാർത്ഥനകളുടെ

www.malankaralibrary.com

മാതൃകയായി ദാവീദിനെയും (സങ്കീ 5,3; 140,2) ഉച്ചസമയങ്ങളിലെ പ്രാർത്ഥനയുടെ മാതൃകയായി പത്രോസിനെയും (അപ്പ. പ്ര 10,9) അർദ്ധരാത്രിയിൽ നടത്തേണ്ട പ്രാർത്ഥനയുടെ മാതൃകയായി പൗലോസിനെയും (അപ്പ. പ്രവ. 16, 25) അദ്ദേഹം നിർദ്ദേശിക്കുന്നു.

സിപ്രിയാൻ: വടക്കേ ആഫ്രിക്കൻ സഭയിൽ ഉപയോഗത്തിലിരുന്ന പ്രാർത്ഥനാസമ്പ്രദായത്തെക്കുറിച്ച് തെർത്തുല്യൻ നല്കുന്ന സാക്ഷ്യങ്ങളെ സിപ്രിയാൻ ശരിവെക്കുന്നു. പ്രഭാതം നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ സമയമായതിനാൽ ആ സമയത്ത് നാം പ്രാർത്ഥിക്കണം. സൂര്യാസ്തമയസമയത്തും നാം പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥനകൾ ശ്രവിച്ച് യഥാർത്ഥസൂര്യനായി ഈശോ അടുത്ത പ്രഭാതത്തിൽ നമ്മുടെ അടുത്തേക്ക് വരേണ്ടതുണ്ട്. രാത്രിയിലും പകൽ മുഴുവൻ സമയവും ഉപവാസത്തിലും പ്രാർത്ഥനയിലും ദൈവാലയത്തിൽ ജീവിതം കഴിച്ചുകൂട്ടിയ അന്നയുടെ മാതൃക അനുസ്മരിച്ചുകൊണ്ട് നാം രാത്രിയിലും പ്രാർത്ഥിക്കണം. സത്യവെളിച്ചത്തിന്റെ മക്കളായ നാം രാത്രിയെ പകലായിത്തന്നെ കരുതണം. കാരണം കർത്താവിന്റെ പ്രകാശത്തിൽ നടക്കുന്നവർ അന്ധകാരശക്തികളെ ഭയപ്പെടേണ്ടതില്ല.

പൗരസ്ത്യ സുറിയാനി യാമപ്രാർത്ഥനകളുടെ ഉത്ഭവം

നാലാം നൂറ്റാണ്ട്: റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ എ.ഡി. 313ൽ പുറപ്പെടുവിച്ച മിലാൻ വിളംബരം വഴി സഭ സ്വതന്ത്രയായി. രൂപതകളും പ്രവിശ്യകളും സ്ഥാപിതമായി. പലപ്പോഴായി സമ്മേളിച്ച സൂനഹദോസുകൾ വഴി വിശുദ്ധപാരമ്പര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കൈമാറ്റപ്പെട്ടു. വൻതോതിൽ പള്ളികളും ബസിലിക്കകളും പണിതുയർത്തപ്പെട്ടു. സന്യാസസമൂഹങ്ങളും ആശ്രമങ്ങളും ക്രിസ്തീയജീവിതശൈലിയുടെ ഭാഗമായി കടന്നുവന്നു. അനുദിനപ്രാർത്ഥനാശൈലി ക്രിസ്തീയജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറി. ഇത് വ്യത്യസ്തസമയങ്ങളിൽ ചൊല്ലുവാനുള്ള യാമപ്രാർത്ഥനകളുടെ രൂപീകരണത്തിന് വഴിതെളിച്ചു. ഭദ്രാസനപാരമ്പര്യം, ഈജിപ്തിലെ സന്യാസാശ്രമപാരമ്പര്യം, നാഗരിക-സന്യാസാശ്രമപാരമ്പര്യം തുടങ്ങിയ മൂന്നു ഉറവിടങ്ങളിൽ നിന്നുമാണ് നാമിന്നു കാണുന്ന രൂപത്തിലുള്ള യാമപ്രാർത്ഥനകൾ വികസിച്ചത്. ചരിത്രപരമായി 3 കാലഘട്ടത്തിലോ ഒന്നിനുപുറമേ മറ്റൊന്നായി വികസിച്ചു വന്ന മൂന്ന് പശ്ചാത്തലങ്ങളോ അല്ല ഇവ. മറിച്ച് സഭയുടെ വ്യത്യസ്തമായ ഇടങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്ത പ്രാർത്ഥനാശൈലികളായിരുന്നു ഇവ. ആദ്യ രണ്ടു പാരമ്പര്യങ്ങളും നാലാം നൂറ്റാണ്ടിന്റെ പകുതിയോടെ നിലവിൽ വരുകയും ഈ രണ്ടു പാരമ്പര്യങ്ങളുടെയും കൂടിച്ചേരലിന്റെ ഫലമായി അതേ നൂറ്റാണ്ടിൽ തന്നെ മൂന്നാമത്തെ പാരമ്പര്യവും ജന്മമെടുത്തു.

ഭദ്രാസന പാരമ്പര്യം (Cathedral Tradition): ക്രൈസ്തവർ ധാരാളമായി അധിവസിച്ചിരുന്ന ഒരു പട്ടണത്തിലെ മെത്രാനെയും മെത്രാന്റെ ഭദ്രാസന ദൈവാലയത്തേയും കേന്ദ്രീകരിച്ച് വികാസം പ്രാപിച്ച പാരമ്പര്യത്തെയാണ് കത്തീഡ്രൽ പാരമ്പര്യം എന്ന് വിളിക്കുന്നത്. ഇവിടെ നടത്തിയിരുന്ന പ്രാർത്ഥനകൾക്ക് ഒരു സാമൂഹ്യമാനവും സഭാത്മകമാനവും ഉണ്ടായിരുന്നു. മെത്രാൻ, വൈദികർ, ഡീക്കന്മാർ, ഗായകർ, വായനക്കാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രാർത്ഥനാശുശ്രൂഷ പരികർമ്മം ചെയ്തിരുന്നത്. ഗീതങ്ങൾ, സങ്കീർത്തനാലാപം, പ്രതിവചനകീർത്തനങ്ങൾ, ധൂപം, പ്രകാശം, പ്രദക്ഷിണങ്ങൾ, തിരുവസ്ത്രങ്ങൾ, മണികൾ, ഐക്കണുകൾ, വിശുദ്ധജലം തളിക്കൽ തുടങ്ങിയ ഘടകങ്ങൾ എല്ലാം ഇതിൽ ഉൾച്ചേർന്നിരുന്നു. ഓരോ യാമത്തിന്റേയും ദൈവശാസ്ത്ര പശ്ചാത്തലത്തിന് അനുയോജ്യമായ സങ്കീർത്തനങ്ങളെ തിരഞ്ഞെടുത്ത് ഉപയോഗിച്ചിരുന്നു. വെറുമൊരു വചനശുശ്രൂഷമാത്രമായിരുന്നില്ല ഇത്. മറിച്ച് കൃതജ്ഞതാപ്രകാശനത്തിന്റെയും മദ്ധ്യസ്ഥപ്രാർത്ഥനയുടെയും സ്തുതിയർപ്പണത്തിന്റെയും തിരുക്കർമ്മമായിരുന്നു ഇത് . ജീവിതത്തിന്റെ എല്ലാ

www.malankaralibrary.com

തുറകളിൽ നിന്നും വരുന്ന മനുഷ്യന്റെ എല്ലാ വികാരങ്ങളെയും ദൈവസന്നിധിയിൽ എത്തിക്കുക എന്നതായിരുന്നു മദ്ധ്യസ്ഥപ്രാർത്ഥനകളുടെ ലക്ഷ്യം. പ്രഭാതപ്രാർത്ഥന മുഖ്യമായും ദൈവത്തിന് സ്തുതിയും പുകഴ്ചയും കൃതജ്ഞതയും അർപ്പിക്കാനുള്ളതായിരുന്നു. ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ടും ദൈവത്തിന്റെ കടാക്ഷത്തിനായി സമർപ്പിച്ചുകൊണ്ടും പുതിയദിവസം ആരംഭിക്കുക എന്നത് ക്രിസ്തീയ ജീവിതശൈലിയുടെ ഭാഗമായിരുന്നു. സന്ധ്യാപ്രാർത്ഥന ദൈവം ആ ദിവസം മുഴുവൻ നല്കിയ നൻമകൾക്ക് നന്ദി പറയുവാനും സംഭവിച്ചുപോയ തെറ്റുകൾക്ക് മാപ്പ് ചോദിക്കുന്നതിനും ദിനത്തിന് വിരാമമിടാനുള്ള അവസരമായിരുന്നു. കൂടാതെ അത് പാപരഹിതമായ ഒരു രാത്രി വിശ്രമത്തിനും ദൈവാനുഗ്രഹം നിറഞ്ഞ മറ്റൊരു പ്രഭാതത്തിനും വേണ്ടിയുള്ള യാചന കൂടിയായിരുന്നു. ഈ പ്രാർത്ഥനകളിൽ പ്രകാശം സവിശേഷമായൊരു സ്ഥാനം അലങ്കരിച്ചിരുന്നു. പ്രഭാതത്തിൽ സൂര്യനും സന്ധ്യാപ്രാർത്ഥനയിൽ സന്ധ്യാദീപവും മിശിഹായുടെ പ്രതീകമായി കരുതപ്പെട്ടു. ഈ പ്രാർത്ഥനകളെല്ലാം പൊതുവായ പ്രാർത്ഥനകളാകാൻ കാരണം അവയുടെ ശക്തി നിർഗ്ഗളിച്ചിരുന്നത് ക്രിസ്തുവിന്റെ മൗതികശരീരത്തിൽ നിന്നുമായതുകൊണ്ടാണെന്ന് വി. ജോൺ ക്രിസോസ്റ്റവും അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനും അഭിപ്രായപ്പെടുന്നു.

പൗരസ്ത്യപാശ്ചാത്യസഭകളിൽ കത്തീഡ്രൽ/ഭദ്രാസനപാരമ്പര്യം നിലനിന്നിരുന്നുവെന്നതിന് ധാരാളം തെളിവുകൾ ലഭ്യമാണ്. പാലസ്തീനായിലെ പാരമ്പര്യത്തെക്കുറിച്ച് (കേസറിയായിലെ എവുസേബിയോസും) പ്രഭാതപ്രാർത്ഥനയിൽ 62-ാം സങ്കീർത്തനവും സന്ധ്യാപ്രാർത്ഥനയിൽ 140-ാം സങ്കീർത്തനവും ഉപയോഗിച്ചിരുന്നുവെന്ന് ഈജിപ്തിൽ വി. അത്തനേഷ്യസും (സന്യാസിമാരും ദൈവജനവും ഭദ്രാസനദൈവാലയത്തിലെ പ്രാർത്ഥനകളിൽ പങ്കുചേർന്നിരുന്നുവെന്ന്) സാക്ഷ്യം നല്കുന്നു. നമുക്ക് ലഭ്യമായിട്ടുള്ള തെളിവുകളിൽ ഏറ്റവും വിശ്വസനീയവും ശക്തവുമായതാണ് അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻ എന്ന കൃതി. സന്ധ്യാപ്രാർത്ഥന, കോഴി കൂവുന്ന നേരത്തുള്ള ജാഗരണ പ്രാർത്ഥന തുടങ്ങിയവയുടെ സമയം, ഘടന, മറ്റ് വിശദാംശങ്ങൾ എന്നിവ ഈ കൃതിയിൽ കാണാം. സഞ്ചാരിണിയായ എജേരിയ എന്ന ഭക്ത സ്ത്രീയുടെ യാത്രാവിവരണങ്ങളുടെ ഇരുപത്തിനാലാം അദ്ധ്യായം ജറുസലേമിലെ സിറിലിന്റെ ഭരണകാലത്ത് അവിടത്തെ ഭദ്രാസനദേവാലയത്തിൽ നടന്നിരുന്ന സായാഹ്നപ്രാർത്ഥനയുടെയും രാത്രിയിലെ ജാഗരണപ്രാർഥനയുടെയും പ്രഭാതപ്രാർത്ഥനയുടെയും ആറാംമണിക്കൂറിലെയും ഒൻപതാം മണിക്കൂറിലെയും പ്രാർത്ഥനകളെക്കുറിച്ച് ഒരു വിശദമായ ദൃക്സാക്ഷിവിവരണം നൽകുന്നുണ്ട്. അതുപോലെതന്നെ വിവിധ ആരാധനക്രമകാലങ്ങളോട് ചേർന്ന് അവിടെ ആഘോഷിച്ചിരുന്ന വിവിധ തിരുനാളുകളെക്കുറിച്ച്, ആരാധനക്രമകർമ്മങ്ങളെക്കുറിച്ച് ഈ ഗ്രന്ഥം വ്യക്തമായ ചിത്രം നൽകുന്നുണ്ട്.

സന്യാസാശ്രമപാരമ്പര്യം: ഭദ്രാസന പാരമ്പര്യത്തിന് സമാന്തരമായി മറ്റൊരു പാരമ്പര്യം ഈജിപ്ത്, തെബെയ്ഡ്, പാലസ്തീന, മെസപ്പൊട്ടോമിയ സിറിയ, കപ്പദോച്ചിയ എന്നിവിടങ്ങളിലെ സന്യാസാശ്രമങ്ങളിൽ രൂപം പ്രാപിക്കുന്നുണ്ടായിരുന്നു. ഉപവാസവും പ്രാർത്ഥനയും ധ്യാനവും വഴി ദൈവത്തെ കൂടുതൽ ഫലപ്രദമായി തേടാൻ ആഗ്രഹിച്ചവരായിരുന്നു ഈ സന്യാസികൾ. സങ്കീർത്തനങ്ങളും ഗീതങ്ങളും ആലപിച്ചുകൊണ്ട് ദൈവത്തെ നിരന്തരം സ്തുതിക്കാനുള്ള ഒരു വിളിയായിരുന്നു സന്യാസം. ജീവിതത്തിന്റെ എല്ലാ വശങ്ങളെയും രാത്രിയുടെയും പകലിന്റെയും എല്ലാ ശ്രമങ്ങളെയും വിശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവർ വിശുദ്ധഗ്രന്ഥങ്ങളെ നിരന്തരം ധ്യാനിച്ചിരുന്നത്. അവർ അനുഷ്ഠിച്ചുപോന്ന യാമപ്രാർഥനകളിൽ പ്രഭാതത്തിലെയും സായാഹ്നത്തിലെയും പ്രാർഥനകൾ മാത്രം പൊതുവായിരുന്നു. ആദ്യകാലത്തെ സന്യാസിമാർ ആരും അഭിഷിക്തരല്ലായിരുന്നതിനാൽ അവരുടെ പ്രാർഥനകൾ പൂർണ്ണമായും

www.malankaralibrary.com

ആരാധനക്രമപരമായിരുന്നു എന്ന് പറയാനാവില്ല. മറ്റു പ്രാർത്ഥനകൾ എല്ലാം അവർ തനിയെയാണ് ചൊല്ലിയിരുന്നത്. നിരന്തരം പ്രാർത്ഥിക്കുക എന്നതായിരുന്നു സന്യാസത്തിന്റെ മുദ്രാവാക്യം. എങ്കിലും പിന്നീട് പാശ്ചാത്യസന്യാസാശ്രമത്തിന്റെ പിതാവായ വിശുദ്ധ ബെനഡിക്ടിലൂടെ പ്രാർത്ഥിക്കുക-പ്രവർത്തിക്കുക (ൃീമ ലഭ ഹമയ്ൃീമ) അത് പ്രവർത്തനത്തിലേക്ക് കൂടി വ്യാപിച്ചു. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഭദ്രാസനപാരമ്പര്യവും സന്യാസാശ്രമപാരമ്പര്യവും തമ്മിൽ കൂടിച്ചേരുകയും തൽഫലമായി രണ്ട് പാരമ്പര്യങ്ങളുടേയും നല്ല വശങ്ങൾ ചേർന്ന് പുതിയൊരു പാരമ്പര്യത്തിന് വഴിതുറന്നു. വിശുദ്ധരായ സന്യാസിമാരുടെ അനുഗ്രഹം തേടി ജനങ്ങൾ ആശ്രമങ്ങളിലേക്ക് നിത്യസന്ദർശനം നടത്തിയതും സന്യാസിമാർ നഗരങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും കുടിയേറിപ്പാർത്തതും ഈ കൂടിച്ചേരലിന് വഴിതെളിച്ചു. ഇവയുടെ കൂടിച്ചേരൽ വഴി താഴെ പറയുന്ന തലങ്ങളിൽ മാറ്റങ്ങൾ ഉളവായി.

- 7 യാമങ്ങളിലുള്ള പ്രാർത്ഥനകൾക്ക് ഇത് രൂപം നൽകി.
- 2 പാരമ്പര്യങ്ങളും തങ്ങൾക്ക് പ്രത്യേകമായി ഉണ്ടായിരുന്ന ആരാധനക്രമപരമായ സവിശേഷതകൾ കൈമാറി.
- രാത്രി ഉറങ്ങാൻ പോകുന്നതിനു മുമ്പായി നന്ദിപറഞ്ഞ് പ്രാർഥിക്കുന്നതിനായി സന്യാസിമാർ പുതിയൊരു പ്രാർത്ഥന കൂടി അവരുടെ കർമ്മത്തോട് കൂട്ടിച്ചേർത്തു.
- സന്ധ്യാദീപം തെളിക്കൽ, 140ാം സങ്കീർത്തനത്തിന്റെ ഉപയോഗം, ധൂപം, മധ്യസ്ഥപ്രാർഥനകൾ എന്നിവ സന്യാസിമാരും വിശുദ്ധ ഗ്രന്ഥങ്ങളുടെ പാരായണം, സ്തുതിഗീതങ്ങൾ, പ്രതിവചനകീർത്തനങ്ങൾ എന്നിവ ഭദ്രാസനപാരമ്പര്യവും തങ്ങളുടെ പൈതൃകത്തോട് കൂട്ടിച്ചേർത്തു.

പൗരസ്ത്യസഭയിലെ ഭദ്രാസന-നാഗരികപാരമ്പര്യം: മോസൂളിലെ ടൈഗ്രീസ് നദിയുടെ രണ്ട് കരകളിലുമായി വ്യാപിച്ചുകിടന്നിരുന്ന സെലൂഷ്യ സ്റ്റെസിഫോണിന്റെ പാത്രിയർക്കീസായിരുന്ന കൽദായ പാത്രിയർക്കീസിന്റെ ഭദ്രാസനദൈവാലയമായിരുന്ന കോഹെയിൽ (Kohe)വച്ചാണ് പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ ഭദ്രാസനപാരമ്പര്യം വികാസം പ്രാപിച്ചത്. ഇതിനെ സംശയാതീതമായി തെളിയിക്കാൻ ഉതകുന്ന രേഖകൾ ഇന്നോളം നമുക്ക് ലഭ്യമല്ലെങ്കിലും ചില സൂചനകളും തെളിവുകളും നമ്മുടെ മുൻപിലുണ്ട്. 410ൽ വിളിച്ചു ചേർക്കപ്പെട്ട സെലൂഷ്യ സ്റ്റെസിഫോൺ സിനഡിന്റെ പതിനഞ്ചാം കാനോന വിശ്വാസികളോട് പ്രഭാതത്തിലെയും സന്ധ്യാസമയത്തെയും പ്രാർത്ഥനകളിൽ ദൈവാലയത്തിൽ വന്ന് സംബന്ധിക്കാൻ ആവശ്യപ്പെടുന്നുണ്ട്. കൊഹെയിലെ പാത്രിയർക്കീസായിരുന്ന ഈശോയാബ് മൂന്നാമനാണ് (647-658) രണ്ട് പാരമ്പര്യങ്ങളെയും സംയോജിപ്പിച്ച് നാം ഇന്നുപയോഗിക്കുന്ന പ്രാർത്ഥനാ രൂപത്തിന് ജ°ം നൽകിയത്. കൂടാതെ മിശിഹാരഹസ്യങ്ങളെ അതിന്റെ പൂർണ്ണതയിൽ ധ്യാനിക്കുന്നതിനായി 9 കാലങ്ങൾ അടങ്ങിയ ഒരു ആരാധനക്രമവത്സരം അദ്ദേഹം ചിട്ടപ്പെടുത്തുകയും അതിലേക്ക് വിശുദ്ധരുടെ ഓർമ്മദിനങ്ങളും തിരുനാളുകളും കൂട്ടിച്ചേർക്കുകയും ചെയ്തു. ഹുദ്ര എന്നാണ് ഈ കലണ്ടർ അറിയപ്പെടുന്നത് ഇതിന്റെ അവതാരിക എഴുതിയത് ബേത് കോഹെയുടെ ആശ്രമാധിപനായിരുന്ന റമ്പാൻ ബിർക്ക് ഈശോ ആണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും ഭദ്രാസനപാരമ്പര്യത്തിലെ യാമപ്രാർത്ഥനയുടെ രൂപീകരണം നടന്നത് ആറാം നൂറ്റാണ്ടിന്റെ അവസാനത്തിലോ ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണെന്ന് തീർച്ചപ്പെടുത്താൻ കഴിയും

പൗരസ്ത്യസഭയിലെ സന്യാസാശ്രമ പാരമ്പര്യം:

പൗരസ്ത്യ സുറിയാനി സന്യാസാശ്രമപാരമ്പര്യം ഉടലെടുത്തത് മൊസൂളിലുള്ള മലനിരകളിൽ സ്ഥാപിതമായിരുന്നു ദയറ എല്ലയാത്ത എന്ന ആശ്രമവും വടക്ക് കിഴക്കേ കരയിലെ വനഭൂമിയിൽ ഉണ്ടായിരുന്നു ബേത്ത് ആബെ എന്ന ആശ്രമവും ആയിരുന്നു ഇവ. ദയറ എല്ലയാത്തയിലെ അംഗമായിരുന്നതിനാൽ ഈശോയാബ്

www.malankaralibrary.com

മൂന്നാമന് ഇവിടെ വസതി ഉണ്ടായിരുന്നു. കൂടാതെ ആ സമൂഹത്തിലെ എല്ലാവരെയും അദ്ദേഹത്തിന് നല്ല പരിചയവും ഉണ്ടായിരുന്നു. ഇവിടെ നിന്നും സന്യാസിമാർ നഗരങ്ങളിലേക്ക് ചേക്കേറാൻ ആരംഭിച്ചപ്പോൾ പാലിച്ചിരുന്ന ആരാധനക്രമാനുഷ്ഠാനങ്ങളും ജനങ്ങളിലേക്ക് എത്തി.

ഈശോയാബ് മൂന്നാമൻ: അദ്ദേഹം മൊസൂളിലെ മെത്രാനായിരുന്നു. പിന്നീട് ആർബേലിന്റെയും മൊസ്സൂളിന്റെയും മെത്രാപ്പോലീത്ത ആയി ഉയർത്തപ്പെട്ടു. തുടർന്ന് സെലൂഷ്യ സ്റ്റെസിഫോണിന്റെ പാത്രിയർക്കീസായി അദ്ദേഹം അവരോധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രധാന സംഭാവനകൾ താഴെപ്പറയുന്നവയാണ്.

ഹൂദ്ര (ചക്രം) എല്ലാ ഞായറാഴ്ചകളിലേയും വലിയ നോമ്പിലേയും നിനവേക്കാരുടെ ഉപവാസത്തിന്റെയും ദിനങ്ങളിലെ വായനകൾ ഇതിലുൾപ്പെടുന്നു. 1250-ൽ ഹൂദ്ര നവീകരണത്തിന് വിധേയമാവുകയും അതിലെ നെസ്തോറിയനിസവുമായി ബന്ധമുണ്ടെന്ന് സംശയിക്കപ്പെടുന്ന ഭാഗങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടുവരെ (ഉദയംപേരൂർ സൂനഹദോസ് വരെ) ഈ കലണ്ടറാണ് മാർത്തോമ ക്രിസ്ത്യാനികളായ നമ്മുടെ പൂർവികർ ഉപയോഗിച്ചിരുന്നത്. 1302-ലെ വത്തിക്കാൻ സുറിയാനി 22, 1600-ലെകേംബ്രിഡ്ജ് 00. 1. 17, വത്തിക്കാൻ സുറിയാനി 852 എന്നീ മൂന്നു രേഖകൾ ഇതിന് സാക്ഷ്യം നൽകുന്നു. 1968-ൽ പുനരുദ്ധാരണപ്രവർത്തനങ്ങൾ നമ്മുടെ ആരാധനക്രമത്തിൽ അരങ്ങേറുകയും കാലത്തിന് അനുസൃതമായ പ്രാർത്ഥനകൾ വിശുദ്ധ കുർബാനക്രമത്തോട് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു.

മാമോദീസായെക്കുറിച്ചുള്ള പഠനം,

പാപമോചനക്രമം,

സന്യാസിമാരുടെ തിരുപ്പട്ട ശുശ്രൂഷക്രമം

ഈ 4 കൃതികളും രചിക്കുന്നതിനായി അക്കാലത്ത് നിലവിലുണ്ടായിരുന്ന എല്ലാം സുപ്രധാന രേഖകളും കയ്യെഴുത്ത്പ്രതികളും അദ്ദേഹം ശേഖരിച്ചു. എല്ലാ ഞായറാഴ്ചകളിലും ഉയർപ്പ് തിരുന്നാൾ പോലെ മാറ്റമുള്ള തിരുനാളുകൾ എന്നിവ അടങ്ങിയ ഹൂദ്ര. സ്ഥിരസ്വഭാവമുള്ള തിരുനാളുകൾ (തിരുപ്പിറവി), ആശ്രമങ്ങളിൽ ഉപയോഗിച്ചിരുന്ന ജാഗരണ പ്രാർത്ഥനകൾ എന്നിവ അടങ്ങിയ ഗാസ്സ, സാധാരണദിനങ്ങൾക്ക് വേണ്ടി ഹൂദ്രയിൽ നിന്നും അടർത്തിയെടുത്ത ഞായറാഴ്ച വായനകളുടെ പ്രാഗ്രൂപങ്ങൾ അടങ്ങിയ കസ്കോൾ എന്നിവയാണ് അദ്ദേഹം പഠനത്തിനായി ഉപയോഗിച്ചത്. വിശുദ്ധരുടെ ഓർമ്മദിവസങ്ങളും രക്തസാക്ഷികളുടെ സ്മരണാദിനങ്ങളും ഭദ്രാസന പാരമ്പര്യത്തിലും സന്യാസാശ്രമപാരമ്പര്യത്തിനും വ്യത്യസ്തങ്ങളാകയാൽ ഇത് പരിഹരിക്കുന്നതിനായി വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ഒരു പുതിയ പട്ടിക അദ്ദേഹം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ സംഭാവനയായി കണക്കാക്കപ്പെട്ടിരിക്കുന്നത് 9 കാലങ്ങളിലായി മിശിഹാരഹസ്യങ്ങളെ അവതരിപ്പിച്ചുകൊണ്ട് രൂപകൽപന ചെയ്ത ആരാധനക്രമവത്സര കലണ്ടർ ആണ്. ഇതിലെ അവസാനത്തെ കാലമായ പള്ളിക്കൂദാശക്കാലം അദ്ദേഹത്തിന്റെ വ്യക്തിപരമായ സംഭാവനയാണ്. യാമപ്രാർഥനകളിൽ ഉപയോഗിക്കുന്നതിനായി പഴയനിയമത്തിലെ 3 ഗീതങ്ങൾ, ദൈവത്തിന്റെ വിജയകീർത്തനം (പുറ 15,121) ദൈവത്തിന്റെ വിജയകീർത്തനം, ദൈവത്തെക്കുറിച്ചുള്ള മോശയുടെ കീർത്തനം (32, 1-21), ദൈവത്തെക്കുറിച്ചുള്ള ഗീതം (ഏശ 42,10; 32, 21-43) എന്നിങ്ങനെ മൂന്ന് മർമ്മീസകളും (സങ്കീർത്തനങ്ങളുടെ ഗണം) 150 സങ്കീർത്തനങ്ങളും 57 മർമ്മീസകളുമായി വിഭജിച്ച് ആകെ 60 മർമ്മീസകൾ ഉള്ള സങ്കീർത്തനമാല അദ്ദേഹം നിർമിച്ചു. കൂടാതെ സങ്കീർത്തനങ്ങളുടെ വിഷയം, ഉള്ളടക്കം, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ അവയെ തരംതിരിച്ച് 21 ഹുല്ലലകൾ കൂടി അദ്ദേഹം തയ്യാറാക്കി.

യാമപ്രാർത്ഥന ഗ്രന്ഥങ്ങൾ മലയാളത്തിൽ

അപ്പസ്തോലിക കാലഘട്ടവും അതിനോട് ചേർന്ന ആദ്യ രണ്ടു നൂറ്റാണ്ടുകളും

www.malankaralibrary.com

വാചിക പാരമ്പര്യത്തിന്റെ കാലമായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ പാശ്ചാത്യ-പൗരസ്ത്യ സഭകളിൽ ദൈവശാസ്ത്ര ആരാധനക്രമ പഠനകേന്ദ്രങ്ങൾ ഉയർന്നു വന്നതിന് ശേഷം മാത്രമാണ് ഈ വാചിക പാരമ്പര്യങ്ങൾക്ക് നിയതമായ ലിഖിതരൂപം കൈവന്നത്. തോമാശ്ലീഹായുടെ വരവിന് മുൻപ്തന്നെ മധ്യപൂർവ്വദേശവുമായി കേരളത്തിന് വ്യാപാര ബന്ധമുണ്ടായിരുന്നതിനാൽ പൗരസ്ത്യസുറിയാനിആരാധനാക്രമം ഇവിടെ എത്താൻ കാരണമായി. മലബാറിന് പൗരസ്ത്യ സഭകളുമായി ഉണ്ടായിരുന്ന ആഴമേറിയ ബന്ധത്തെയും പാരമ്പര്യങ്ങളുടെ കൈമാറ്റത്തെയും കുറിച്ച് തെളിവുനൽകുന്ന ധാരാളം രേഖകൾ ഇന്ന് ലഭ്യമാണ്. 250-ൽ വിരചിതമായ അപ്പസ്തോലൻമാരുടെ പ്രബോധനങ്ങൾ (The Doctrine of Apostles) എദേസ്സായിൽ വെച്ച് എഴുതപ്പെട്ട ഈ ഗ്രന്ഥം കേരളത്തിൽ തോമാശ്ലീഹാ പൗരോഹിത്യം സ്ഥാപിച്ചതനെക്കുറിച്ചും കൽദായ സഭയുമായി ഇത് പുലർത്തിപ്പോന്ന ബന്ധത്തെയും കുറിച്ചും  തെളിവുകൾ നൽകുന്നു. കൂടാതെ ഏഴാം നൂറ്റാണ്ടിലോ എട്ടാം നൂറ്റാണ്ടിലോ എഴുതപ്പെട്ട സീർട്ടിന്റെ ദിനവൃത്താന്തം (വല ഇവ്വീശരഹല ീള ടലല്യേ) എഡി 250-നും 300-നും ഇടയിൽ സിറിയൻ മെത്രാനായിരുന്ന ഡേവിഡ് കേരളത്തിൽ വന്നതിനെക്കുറിച്ചും ഇവിടെ സുവിശേഷം പ്രസംഗിച്ചുവെന്നതിനും മതിയായ തെളിവ് നൽകുന്നുണ്ട്. മെത്രാൻമാരുടെ ദൗർലഭ്യതയും ദൈവശാസ്ത്ര പഠന കേന്ദ്രങ്ങളുടെയും, ഗ്രന്ഥങ്ങളുടെയും കുറവും എപ്പോഴും പേർഷ്യൻ സഭയെ ആശ്രയിക്കാൻ കേരള സഭയെ പ്രേരിപ്പിച്ചു. മലബാർ പാരമ്പര്യമനുസരിച്ച് മാർത്തോമാ ക്രിസ്ത്യാനികൾ ദേവാലയത്തിൽവച്ച് നടത്തിയിരുന്നു പ്രഭാതപ്രാർത്ഥനകളിലും സന്ധ്യാപ്രാർത്ഥനകളിലും വൈദികർക്കൊപ്പം പങ്കെടുത്തിരുന്നു.

ഏഴാം നൂറ്റാണ്ടിൽ ഈശോയാബ് മൂന്നാമൻ എഴുതി ഉണ്ടാക്കിയ കയ്യെഴുത്തുപ്രതിയാണ് ഇവിടെയും ഉപയോഗിച്ചിരുന്നത്. ഹുദ്ര, ഗാസ്സ, കസ്ക്കോൾ എന്നിങ്ങനെ പല കൈയെഴുത്തുപ്രതികൾ നിലവിലുണ്ടായിരുന്നതിനാൽ പലസ്ഥലങ്ങളിലും പല രീതികളിൽ പ്രാർത്ഥനകൾ ചൊല്ലാൻ ഇടവന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അന്നത്തെ കർമ്മലീത്താ സുപ്പീരിയർ ആയിരുന്ന കുര്യാക്കോസ് ചാവറ ഏലിയാസച്ചൻ മുന്നോട്ടുവന്നു. അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന ബെർനർദീൻ പിതാവിന്റെ നിർദേശാനുസരണം അദ്ദേഹം ലഭ്യമായ എല്ലാ കൈയെഴുത്തുപ്രതികളും ശേഖരിക്കുകയും ഞായറാഴ്ചകളിലും കടമുള്ള തിരുനാൾ ദിനങ്ങളിലും വിശുദ്ധരുടെ ഓർമദിനങ്ങളിലും സാധാരണ ദിവസങ്ങളിലും ചെയ്യുന്നതിനുവേണ്ടി ഒരു ചെറിയ ഗ്രന്ഥം തയ്യാറാക്കുകയും ചെയ്തു. 1870-ൽ പയസ് ഒൻപതാം മാർപാപ്പ പുതിയ ഒരു പ്രാർത്ഥനാക്രമം തയ്യാറാക്കുന്നതിനായി കല്പിക്കുകയും 1876-ൽ ആഴ്ചയുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയ ഒരു പുതിയ പ്രാർത്ഥനപുസ്തകം പുത്തൻ പള്ളിയിൽ വച്ച് 1876 ൽ പ്രസിദ്ധീകരിക്കപ്പെട്ടു. കേരളത്തിൽ വച്ച് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ ഔദ്യോഗിക ഗ്രന്ഥമായിരുന്നു അത് 1938ൽ ഓറിയന്റൽ കോൺഗ്രിഗേഷൻ 1876-77ലെ ഗ്രന്ഥത്തെ പരിഷ്കരിച്ച് പുറത്തിറക്കിയപ്പോൾ മുതൽ അത് ഔദ്യോഗിക ഗ്രന്ഥമായി മാറി. 1967-ൽ ഡോ. ഹെൻറി ഹ്യൂസ്മാൻ (Dr Henry Husman) റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് യാമപ്രാർത്ഥനകളുടെ രീതികളും രാഗങ്ങളും ചിട്ടപ്പെടുത്തി പ്രസിദ്ധീകരിച്ചു. മലയാളത്തിൽ ഒരു യാമപ്രാർത്ഥനഗ്രന്ഥം തയ്യാറാക്കുന്നതിനായി സീറോ മലബാർ ബിഷപ്പ്സ് കോൺഫറൻസ് 1973-ൽ ആദ്യ സമിതിയെ ചുമതലപ്പെടുത്തുകയും അവർ ആദ്യകരട്രൂപം 1985-ൽ സമർപ്പിക്കുകയും ചെയ്തു. അതിന് ലഭിച്ച തിരുത്തലുകളും നിർദ്ദേശങ്ങളും 1985 നവംബർ 6 ൽ കൂടിയ സീറോ മലബാർ ബിഷപ്പ്സ് കോൺഫറൻസ് അംഗീകരിക്കുകയും 1986 ഡിസംബർ പന്ത്രണ്ടിന് ഇത് അച്ചടിക്കുകയും ചെയ്തു. മാർ ജോസഫ് പൗവത്തിൽ ആയിരുന്നു ഈ കമ്മിറ്റിയുടെ ചെയർമാനായി സേവനം ചെയ്തത്. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന യാമപ്രാർത്ഥനകൾ പരിഷ്കരിച്ച് മൂലരൂപത്തോട് കൂടുതൽ വിശ്വസ്തത പുലർത്തുന്നതാക്കി ലളിതമായ ക്രമം, ആഘോഷമായ ക്രമം, ഏറ്റവും

www.malankaralibrary.com

ആഘോഷമായ ക്രമം എന്നിങ്ങനെ മൂന്നു രീതികളിലും ചിട്ടപ്പെടുത്തി സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി സീറോ മലബാർ സിനഡിന് സമർപ്പിച്ചിരിക്കുകയാണ്.

വ്യത്യസ്ത യാമപ്രാർത്ഥനകളും അവയുടെ ഘടനാപരമായ വിശകലനവും

1. റംശ (സായാഹ്നപ്രാർത്ഥന): പൗരസ്ത്യസുറിയാനി പാരമ്പര്യമനുസരിച്ച് ഒരു ആരാധനാക്രമദിനം ആരംഭിക്കുന്നത് രാത്രിയുടെ ആദ്യയാമത്തോടെയാണ്. രാത്രിയുടെ ആദ്യയാമത്തിൽ പ്രാർത്ഥിക്കപ്പെടുന്ന റംശ ദിവസത്തെ മുഴുവൻ ദൈവത്തിന് സമർപ്പിക്കുകയും ശാന്തമായ സായം കാലത്തിനും ആശ്വാസപ്രദമായ രാത്രിക്കും പ്രതീക്ഷാനിർഭരമായ പ്രഭാതത്തിനും സൽപ്രവൃത്തികൾ നിറഞ്ഞ ദിവസത്തിനും വേണ്ടി യാചിക്കുന്നു.

പ്രാരംഭകർമ്മങ്ങൾ

സമാധാനം/കൈക്കസ്തൂരി കൊടുക്കുന്നതൊഴികെ മറ്റെല്ലാ കാര്യങ്ങളിലും വി. കുർബാനയിലെ അതേ പ്രാരംഭകർമ്മങ്ങളാണ് റംശയിലും ഉള്ളത്. ഒരേ മനസ്സോടെ സമാധാനത്തിൽ പ്രാർത്ഥിക്കണമെന്ന് സമാധാനാശംസ വ്യക്തമാക്കുന്നു. വി. കുർബാനയും റംശയും ഒന്നിച്ച് പരികർമ്മം ചെയ്യുന്ന അവസരങ്ങളിൽ ആദ്യം സമാധാനം നല്കുന്നില്ല. വി. പൗലോസ് സമാധാനാശംസപരമായ വിശുദ്ധ ചുംബനം (റോമ 16,16; 1കോറി 16,20; 2 കോറി 13,12; 1തെസ 5,26) എന്നും വി. പത്രോസ് സ്നേഹചുംബനം (1പത്രോ 5,14) എന്നും അതിനെ വിളിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ സമാധാനാശംസ നിലവിലുള്ളതായി പണ്ഡിതർ അവകാശപ്പെടുന്നു. മിശിഹായിൽ നിന്നും ഒഴുകിയിറങ്ങി സഭയുടെ അധികാരശ്രേണിയിലൂടെ ഓരോ വിശ്വാസിയിലേക്കും പടർന്നിറങ്ങുന്ന ദൈവികജീവന്റെ തൈലമാണ് (അത് വഴി എല്ലാവരേയും ഒന്നിപ്പിക്കുന്ന) ഈ സമാധാനാശംസ.

ദീപം തെളിക്കൽ: ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ സാന്നിദ്ധ്യം അനുസ്മരിപ്പിക്കുന്ന തിരുക്കർമ്മമാണിത്. സായാഹ്നത്തിൽ ചുറ്റുപാടുകളിൽ അന്ധകാരം നിറയുമ്പോൾ അതിനെ ദൂരെയകറ്റുന്നതിനായി സത്യവെളിച്ചമായ മിശിഹാ ആഗതനാകുന്നു. രാത്രിയെ പകലാക്കി മാറ്റാൻ നിത്യവെളിച്ചമായി വിളങ്ങുന്ന അവന് മാത്രമേ സാധിക്കൂ.

അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി: ഈശോയുടെ ജനനവേളയിൽ മാലാഖമാർ പാടിയ കീർത്തനമാണിത്. പുത്രനിലൂടെയും പരിശുദ്ധാത്മാവിലൂടെയും പിതാവായ ദൈവത്തോട് അനുരഞ്ജനപ്പെടുന്നതിന് മർത്യകുലത്തെ ക്ഷണിക്കാനാണ് മിശിഹാ മനുഷ്യാവതാരം ചെയ്തത്. ദൈവം മാനവകുലത്തിന് നല്കിയ ഏറ്റവും മഹത്തായ ആഹ്വാനത്തിന് (മനുഷ്യാവതാരത്തിന്) നന്ദി പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്താനുള്ള ക്ഷണം കൂടിയാണ്. നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന് സ്തുതിയും മഹത്തവും അർപ്പിക്കുക എന്നത് മാനവകുലം മുഴുവന്റെയും കടമയും കർത്തവ്യവുമാണ്. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും മഹത്വപ്പെടുത്താനുള്ള ഏറ്റവും മനോഹരമായ ഗീതമാണിത്. ഈ ഗീതം നമ്മുടെ രക്ഷയുടെ അടിസ്ഥാനങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. തുടർന്നുവരുന്ന 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയ്ക്ക് ഏറ്റവും ഉചിതമായ പ്രതികരണം അതിൽ പൂർണ്ണമായും ഉൾച്ചേർന്നുകൊണ്ട് നല്കാനും ഈ പ്രാർത്ഥന നമ്മെ ഒരുക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ: ഈശോ പഠിപ്പിച്ച പ്രാർത്ഥന എന്ന സവിശേഷത ഇതിനുണ്ട്. ഇടയന്മാരും രാജാക്കന്മാരും മാലാഖമാരുടെ വാക്കുകളേയും നക്ഷത്രത്തേയും അനുസരിച്ച് ദൈവത്തിന്റെ സ്വരത്തിന് കാതോർക്കുന്നതുപോലെ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ട് ദൈവത്തിന്റെ വിളിയോട് ക്രിയാത്മകമായി പ്രതികരിക്കുന്നു. ദൈവത്തിന്റെ പിതൃത്വവും പുത്രന്റെ പുത്രസ്ഥാനവും ഈ പ്രാർത്ഥന ഊന്നിപ്പറയുകയും അതിന്റെ ഫലമായി ദൈവമനുഷ്യ ഐക്യം കൂടുതൽ ദൃഢതരമാവുകയും ചെയ്യുന്നു. "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന് കൂട്ടിച്ചേർക്കുന്നത് (ഏശയ്യ 6,3;

www.malankaralibrary.com

വെളി 4,8) യാമപ്രാർത്ഥനകൾ ചൊല്ലുമ്പോൾ ഭൂമിയിൽ തന്നെ സ്വർഗ്ഗീയ ജറുസലേമിനെ അനുഭവിക്കാൻ സാധിക്കുന്നു എന്നതിന്റെ തെളിവാണ്. അതുവഴി ഈ സ്തുതിപ്പ് ഭൗമികആരാധനയെ സ്വർഗ്ഗീയ ഗണങ്ങളുടെ ആരാധനയോട് ഒന്നാക്കിത്തീർക്കുന്നു.

സ്ലോസ/ പ്രാർത്ഥന: സാധാരണദിവസങ്ങൾക്കുള്ള ഒരു പ്രാർത്ഥനയും തിരുനാളുകൾക്കും ഞായറാഴ്ചകൾക്കുമായി മറ്റൊരു പ്രാർത്ഥനയുമാണ് കൊടുത്തിരിക്കുന്നത്. വർഷം മുഴുവനും ഈ പ്രാർത്ഥന മാറ്റമില്ലാതെചൊല്ലുന്നു. ൩ാം പ്രാർത്ഥനയുടെ ലക്ഷ്യമെന്തൊക്കെയെന്ന് ഈ പ്രാർത്ഥന അടിവരയിടുന്നു. (ആരാധിക്കുക, പുകഴ്ത്തുക, നന്ദി പറയുക)

സങ്കീർത്തനം: ഒരു സങ്കീർത്തനഗണം (മർമ്മീസ) മുഴുവൻ ആലപിക്കുന്നതിനു പകരം കാലത്തിന്റെ ചൈതന്യത്തിനും ദൈവശാസ്ത്രത്തിനും അനുയോജ്യമായ ഒരു സങ്കീർത്തനം ചൊല്ലുന്നു. ദൈവത്തിലുള്ള അഗാധമായ പ്രത്യാശയും ദൈവത്തിന്റെ അനന്തകാരുണ്യവുമാണ് സങ്കീർത്തനങ്ങൾ പൊതുവിൽ പ്രകാശിപ്പിക്കുന്നത്. ആരാധനാ, യാചന, വിലാപം, സ്തുതി, പ്രാർത്ഥന എന്നീ രീതികളിലൂടെ ദൈവത്തോട് വിവധിരീതികളിൽ സംഭാഷിക്കാൻ സങ്കീർത്തനങ്ങൾ അവസരമൊരുക്കുന്നു.

ധൂപാർഷണം: ധൂപാർഷണം പ്രതീകാത്മകമായി രക്ഷയെയും ദൈവസ്നേഹത്തേയും പാപമോചനത്തെയും അവതരിപ്പിക്കുന്നു. ദൈവത്തിന് പ്രസാദകരമായ സുഗന്ധമായും (പുറ 29,18) ആത്മീയബലിയും (സങ്കീ 140,2) സുഗന്ധപൂരിതമായ ബലിയായും/ സമർപ്പണമായും (എഫേ 5,2) പാപങ്ങൾക്കുള്ള പരിഹാരമായും (സംഖ്യ 16,47) അതിവിശുദ്ധസ്ഥലത്ത് ചെയ്യുന്ന ശുശ്രൂഷയായും (ലേവ്യ 16,12) വിശുദ്ധഗ്രന്ഥം ധൂപാർഷണത്തെ അവതരിപ്പിക്കുന്നു. വിശ്വാസികളുടെ ഹൃദയങ്ങളിലെ തി•യെ ധൂപാർഷണം ദൂരീകരിക്കുകയും അവിടെ ന•കൾകൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു. ദൈവസന്നിധിയിലേക്ക് ഉയരുന്ന നമ്മുടെ പ്രാർത്ഥനകളുടെ പ്രതീകം കൂടിയാണ് ദൈവാലയത്തിൽ ഉയരുന്ന ധൂപം. ധൂപാർഷണം പഞ്ചേന്ദ്രിയപരമായ ഒരു അനുഭൂതി ആരാധകർക്ക് നൽകുന്നുണ്ട്. നമ്മുടെ കണ്ണുകൾ ദൈവസന്നിധിയിലേക്ക് ഉയരുന്ന ധൂപത്തെ ദർശിക്കുന്നു. നമ്മുടെ നാസാരന്ധ്രങ്ങൾ അവയുടെ സുഗന്ധത്താൽ നിറയുന്നു. കാതുകൾ മധുരകരമായ പ്രാർത്ഥനാഗീതം ശ്രവിച്ച് ദൈവത്തിന്റെ മഹത്വത്തെ പാടി പുകഴ്ത്തുന്നു. ദൈവത്തിന് സ്തുതിഗീതം ആലപിക്കുന്ന നാവുകൾ അവയുടെ മാധുരി നുണയുന്നു. ചർമ്മം അവിടുത്തെ സ്നേഹസാമീപ്യവും സാന്നിധ്യവും അനുഭവിക്കുന്നു.

സകലത്തിന്റെയും നാഥാ: ഈശോയുടെ കുരിശുമരണ സമയത്ത് തുറക്കപ്പെട്ട പ്രേതാലയങ്ങളിൽ നിന്ന് പുറത്തുവന്ന നീതിമാ•ാർ ആദത്തോട് ചേർന്ന് ആലപിക്കുന്ന ഉത്ഥാനഗീതം ആണിത്. നമ്മുടെ ശരീരങ്ങളുടെ ഉയർപ്പിന്റെ വേളയിൽ നമ്മൾ ആലപിക്കേണ്ട ഗീതമാണിത്. ഈ ഗീതം ആലപിക്കുന്ന സമയത്ത് തുറക്കപ്പെടുന്ന മദ്ബഹവിരിയും ധൂപാർഷണവും പ്രകാശവും രക്ഷാകരചരിത്രത്തിലെ 2 തുറക്കലുകളെ - ഈശോയുടെ മാമ്മോദീസ ഇടവേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടതിനെയും ഈശോയുടെ രണ്ടാമത്തെ ആഗമനത്തിനായി സ്വർഗം തുറക്കപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു.

സ്ലോസ: സകലത്തിന്റെയും നാഥാ എന്ന ഉത്ഥാനഗീതത്തിന്റെ ആശയങ്ങളെ ഒന്നുകൂടി ആരാധക സമൂഹത്തെ ഓർമിപ്പിക്കുന്നു

ഓനീസാദക്ദ്ം (പ്രാരംഭ ഗീതം): 140-ാം സങ്കീർത്തനം ആലപിക്കുന്നതിനു മുമ്പായി അതായത് ദിവസത്തിന്റെ ദൈവശാസ്ത്ര-ആരാധനക്രമപരമായ സ്വഭാവത്തെക്കുറിച്ച് ഈ ഗീതം നമ്മെ ഓർമിപ്പിക്കുന്നു. ദിവ്യരഹസ്യപ്രബോധനപരമായ ഈ ഗീതം തുടർന്നു വരുന്ന സങ്കീർത്തനം കൂടുതൽ വിശ്വാസത്തോടെ ആലപിച്ചുകൊണ്ട് ദൈവത്തിൽ പൂർണമായും ആശ്രയിക്കാൻ നമ്മെ ഒരുക്കുന്നു.

സ്ലോസ: ദൈവത്തിന്റെ അനന്തമായ കരുണയെ, നിരന്തരമായ പരിപാലനയെ

www.malankaralibrary.com

പാടിപ്പുകഴ്ത്താനുള്ള നമ്മുടെ കടമയെക്കുറിച്ച് ഓർമിപ്പിക്കുന്നു.

സങ്കീർത്തനം 140: ദൈവത്തിലുള്ള നമ്മുടെ ആശ്രയം ഊന്നിപ്പറയാനും അനീതിപരമായ എല്ലാ പ്രവർത്തികളിൽനിന്നും പീഡകളിൽനിന്നും നമ്മെ രക്ഷിക്കാൻ ദൈവത്തിന് മാത്രമേ സാധിക്കൂ എന്ന ചിന്തകൾ നമ്മിൽ ഉണർത്തുന്ന സങ്കീർത്തനമാണിത്. ദൈവത്തിനു സ്വീകാര്യമായ സായാഹ്നബലികൾ ഈ ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടി സമർപ്പിക്കുന്ന പുരോഹിതഗണമായി ഈ സങ്കീർത്തനം സഭയെ അവതരിപ്പിക്കുന്നു

സ്ലോസ: ശരീരത്തിന് ആരോഗ്യവും ആത്മാവിന് പ്രത്യാശയും നല്ലവനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു. അതിലൂടെ ചൊല്ലിയ സങ്കീർത്തനത്തിന്റെ അടിസ്ഥാന ആശയങ്ങൾക്ക് ഈ പ്രാർത്ഥന അടിവരയിടുന്നു

ഓനീസാദ് വാസർ (ഗീതം): ആരാധനക്രമകാലത്തിന്റെയും ദിവസത്തിന്റെയും ചൈതന്യം ആരാധനാസമൂഹത്തിന് പകർന്നു കൊടുക്കുന്ന ഗീതമാണിത്. ദൈവത്തിന്റെ അനന്തമായ പരിപാലനയെക്കുറിച്ചുള്ള ഉറപ്പും ദൈവികമായ രക്ഷാകരരഹസ്യങ്ങളെ ആഴത്തിൽ അനുഭവിക്കുന്നതിനും ഈ ഗീതം അനുസ്മരിപ്പിക്കുന്നു. ആരാധനക്രമകാലത്തിന്റെ ചൈതന്യത്തെ ഹൃദയങ്ങളിൽ ആവഹിക്കാനും ഈ ഗീതം സഹായിക്കുന്നു.

സ്ലോസ: രക്ഷാകരരഹസ്യങ്ങളുടെ ഉറവിടവും സ്രോതസ്സും ആയ പരിശുദ്ധ ത്രിത്വത്തിൽ പൂർണ്ണമായി വിശ്വസിക്കാനുള്ള കൃപ യാചിക്കുന്നതിനുള്ള യോഗ്യത പ്രാർത്ഥിക്കുന്നു

വചനശുശ്രൂഷ: വിശുദ്ധ കുർബാന ക്രമത്തിലെ അതേ രീതിയിലാണ് റംശ പ്രാർത്ഥനയിലും വചനശുശ്രൂഷ സംവിധാനം ചെയ്തിരിക്കുന്നത്. ത്രൈശുദ്ധ കീർത്തനം ആലപിച്ചതിനുശേഷം ആഘോഷമായ സുവിശേഷപ്രദക്ഷിണവും വായനയും നടക്കുന്നു. തിരുവചനത്തിൽനിന്നും ദൈവികസ്വരം ശ്രവിച്ച് ജീവിതപരിവർത്തനം നേടാൻ വിശ്വാസികളെ വചനശുശ്രൂഷ പര്യാപ്തരാക്കുന്നു.

ത്രൈശുദ്ധകീർത്തനം: അമർത്യനും സർവ്വശക്തനും അത്യുന്നതനുമായ ദൈവത്തെക്കുറിച്ച് പരിപൂർണ്ണമായൊരു നിർവ്വചനം നല്കുന്ന ഗീതമാണിത്. ദൈവത്തിന്റെ വിശേഷണങ്ങളെക്കുറിച്ച് ധ്യാനിക്കുന്നതിലൂടെ ദൈവത്തിന്റെ വചനം കൂടുതൽ ശ്രദ്ധാപൂർവ്വം ശ്രവിക്കാൻ സമൂഹത്തെ ഒരുക്കുക എന്നതാണ് ഈ ഗീതത്തിന്റെ ലക്ഷ്യം.

സുവിശേഷവായന: പിറ്റേന്ന് പ്രഭാതത്തിലെ ദിവ്യബലിയിൽ വായിക്കേണ്ട സുവിശേഷഭാഗമാണ് റംശയിൽ വായിക്കുന്നത്. റംശാപ്രാർത്ഥനയും വി. കുർബാനയും തമ്മിലുള്ള ബന്ധത്തെ ഇത് വ്യക്തമാക്കുന്നു. ദൈവത്തിന്റെ വചനം ശ്രവിച്ച് സ്വന്തമാക്കുക വഴി നിരന്തരമായി ദൈവത്തെ അനുഭവിക്കാനും ഇതിന്റെ വെളിച്ചത്തിൽ സ്വജീവിതങ്ങളെ ക്രമീകരിക്കാനും അവർക്ക് സാധിക്കുന്നു.

കാറോസൂസ/ മദ്ധ്യസ്ഥപ്രാർത്ഥനകൾ: ഇതിന് മൂന്ന് ഭാഗങ്ങൾ ഉണ്ട്. 1. വലിയനോമ്പിനു പറത്ത്: വലിയ നോമ്പിലൊഴികെയുള്ള അവസരങ്ങളിൽ ചൊല്ലുന്ന മദ്ധ്യസ്ഥപ്രാർത്ഥനകളുടെ ലക്ഷ്യം ദൈവത്തെ സ്തുതിച്ച് മഹത്വപ്പെടുത്തി നമ്മുടെ നിരവധിയായ ആവശ്യങ്ങൾ അവിടുത്തെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുക എന്നതാണ്. ഈ ഭാഗത്തിന്റെ അവസാനത്തിൽ സഹരക്ഷകയായ മറിയത്തിന്റെയും മാർ യൗസേപ്പിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമായുടെയും മാദ്ധ്യസ്ഥ്യം യാചിച്ച് സ്വർഗ്ഗരാജ്യത്തിനിണങ്ങിയ ജീവിതം നയിക്കാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

2. വലിയനോമ്പിൽ: ആദ്യഭാഗം ദൈവത്തെ സ്തുതിക്കുന്നതിനായി നീക്കിവെച്ചിരിക്കുന്നു. തുടർന്ന് മനുഷ്യന്റെ നിരവധിയായ ആവശ്യങ്ങൾ സമർപ്പിക്കുന്നു. അതിനുശേഷം വീണ്ടും ദൈവത്തെ സ്തുതിക്കുന്നു.

വലിയനോമ്പിലെ മദ്ധ്യസ്ഥ പ്രാർത്ഥനകളുടെ രണ്ടാം സ്നെല്ലേ ഉനെവ് (ലോകം മുഴുവനും വേണ്ടി) എന്നാണ് അറിയപ്പെടുന്നത്. സഭയിൽ സമാധാനവും ശാന്തിയും

www.malankaralibrary.com

പുലരുന്നതിനുവേണ്ടിയും പിതാക്കന്മാർ, മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ, സമർപ്പിതർ എന്നിവരുടെ ആരോഗ്യത്തിന് വേണ്ടിയും പ്രാർത്ഥിക്കുന്നു.

3. സാധാരണ ദിവസങ്ങളിലെ രണ്ടാം ഭാഗവും വലിയ നോമ്പിലെ 3-ാം ഭാഗവും ഒരേ പോലെയാണ്. ബാവൂസ എന്നാണിതറിയപ്പെടുന്നത്. കർത്താവേ അങ്ങയോട് ഞങ്ങൾ യാചിക്കുന്നു എന്ന പ്രത്യുത്തരമാണ ചൊല്ലപ്പെടുന്ന പ്രാർത്ഥനകൾക്ക് ആരാധനാസമൂഹം നല്കുന്നത്.

സ്ലോസ: തുടർന്നുവരുന്ന പ്രാര്ത്ഥന ദൈവത്തോട് ധാരാളമായി ആവശ്യങ്ങൾ ഉന്നയിച്ചശേഷം എല്ലാവരുടെയും ആത്മശരീരങ്ങളെ ദൈവത്തിന് സമർപ്പിച്ച് പാപപ്പൊറുതി നേടാനുള്ള ശ്രമമാണ്.

ഹാസ/സഹജപം: തലകുനിച്ച് ആശീർവാദം സ്വീകരിക്കാനുള്ള മ്ശംശാനയുടെ ആഹ്വാനത്തോട് ചേർന്നാണ് ഈ പ്രാർത്ഥന ചൊല്ലുന്നത്. തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പ് കരങ്ങളുയർത്തി തന്റെ ശിഷ്യരെ ആശീർവദിച്ച ഈശോയെ ആണ് ഈ കൈവയ്പ്പു പ്രാർത്ഥന ഓർമ്മിപ്പിക്കുന്നത്.

റംശാപ്രാർത്ഥനയുടെ ഔദ്യോഗികമായ രണ്ടാം ഭാഗമായി കരുതപ്പെട്ടിരുന്ന ഭാഗമാണ് തുടർന്ന് വരുന്നത്. ഓനീസാദ് ബാസാലിക്കേ എന്ന ഗീതം ആലപിച്ചിരുന്ന സമയത്ത് ദൈവാലയത്തിനകത്ത് ഒരു പ്രദക്ഷിണം നടത്തിയിരുന്നു. കൂടാതെ ദുഃഖവെള്ളിയാഴ്ച മുതൽ സ്വർഗ്ഗാരോഹണത്തിരുന്നാൾ വരെ ദൈവാലയത്തിനു പുറത്തുകൂടിയും. കബറിടത്തിനരികിലേക്ക് നടത്തിയിരുന്ന തീർത്ഥാടനത്തിന്റെ ഒരനുകരണമായിരുന്നു ഈ പ്രദക്ഷിണം.

ഓനീസാദ്ബാസാലിക്കേ അല്ലെങ്കിൽ ഓനീസാദ് റംശ (സായഹ്നഗീതം): ഞായറാഴ്ചകളിലും തിരുനാൾ ദിനങ്ങളിലും മാത്രമാണ് ഓനീസാദ് ബാസാലിക്കേ ആലപിച്ചിരുന്നത്. മറ്റ് ദിവസങ്ങളിൽ ഓനീസാദ്റംശ എന്ന സായാഹ്നഗീതം ആലപിച്ചിരുന്നു. ഇവ രണ്ടും ആ ദിവസത്തിന്റെ ആരാധനാക്രമകാലത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷിക്കുന്ന രക്ഷാകരരഹസ്യത്തെക്കുറിച്ച് ധ്യാനിക്കാൻ വിശ്വാസികൾക്ക് അവസരമൊരുക്കുന്നു. 'ബാസാലിക്കേ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം രാജകൊട്ടാരം എന്നാണ് എന്നതിനാൽ ആരാധനാസമൂഹത്തിന്റെ മദ്ധ്യേ സന്നിഹിതനാകുന്ന ക്രിസ്തുരാജന്റെ ജീവിതത്തോടും മരണത്തോടും ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ഒരു ഗീതമാണെന്ന് പറയാം.

സ്ലോസ: ഓനീസാദ് റംശയുടെ/ സായാഹ്നഗീതത്തിന്റെ ചൈതന്യത്തെ പരിപൂർണ്ണമായും ചുരുങ്ങിയ വാക്കുകളിൽ ആരാധനാസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്ന പ്രാർത്ഥനയാണിത്. എല്ലാ ബുധനാഴ്ചകളിലും ഈ സ്ലോസ മാതാവിന്റെ മദ്ധ്യസ്ഥത യാചിക്കാനും വെള്ളിയാഴ്ചകളിൽ ക്രൈസ്തവസമൂഹത്തിൽ നിന്നും വേർപിരിഞ്ഞുപോയവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാനും നീക്കി വച്ചിരിക്കുന്നു.

ആസ്വാസ/ശൂറായ/ പ്രാരംഭഭാഷണം: സങ്കീർത്തനങ്ങളിൽ നിന്നോ ഇതര വിശുദ്ധഗ്രന്ഥഭാഗങ്ങളിൽ നിന്നോ അടർത്തിയെടുത്ത് റംശയിൽ ഉപയോഗിക്കുന്ന ഭാഗമാണിത്. രണ്ടു ഗണമായി ചൊല്ലാവുന്ന രീതിയിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. അതാത് ആരാധനാക്രമകാലത്തിന്റെ ചൈതന്യത്തിൽ ജീവിക്കാനുള്ള ചിന്തകളും പ്രോത്സാഹനങ്ങളുമായിരിക്കും ഇതിന്റെ ഉള്ളടക്കം.

സ്ലോസ: സമാപനശുശ്രൂഷകളുടെ പ്രാരംഭമായുള്ള പ്രാർത്ഥനയാണിത്. സുറിയാനി കർമ്മക്രമത്തിൽ ധാരാളം പ്രാർത്ഥനകളെ കാണാമെങ്കിലും അവയിൽ 7 എണ്ണം മാത്രമാണ് ഇപ്പോഴത്തെ മലയാളം ക്രമത്തിൽ ചേർത്തിട്ടുള്ളത്. ആശീർവാദപ്രാർത്ഥനയ്ക്ക് മുമ്പായി നടത്തുന്ന പൗരോഹിത്യസ്വഭാവം പ്രദർശിപ്പിക്കുന്ന പ്രാർത്ഥനകളാണിത്. റംശാപ്രാർത്ഥനയുടെ മുഴുവൻ ലക്ഷ്യങ്ങളേയും ഒന്നാമത്തെ സ്ലോസ വിവരിക്കുന്നു: പ്രശാന്തമായ സായംകാലവും ആശ്വാസപ്രദമായ രാത്രിയും പ്രതീക്ഷാനിർഭരമായ പ്രഭാതവും സത്പ്രവൃത്തികൾ നിറഞ്ഞ ദിവസവും ജീവിതകാലം മുഴുവൻ ദൈവത്തെ പ്രസാദിപ്പിക്കാനുള്ള

www.malankaralibrary.com

വരങ്ങളും ദൈവത്തോട് ഈ പ്രാർത്ഥനയിലൂടെ ആരാധനാസമൂഹം യാചിക്കുന്നു.

ദ് ഉദ്റാനാ (സഹായാഭ്യർത്ഥന): പരിശുദ്ധ ത്രിത്വത്തെ അഭിസംബോധന ചെയ്തുകൊണ്ട് ആരംഭിക്കുന്ന സഹായാപേക്ഷ തുടർന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേഫിന്റെയും മാർ തോമാശ്ലീഹായുടെയും ഗീവർഗ്ഗീസിന്റെയും വേദസാക്ഷികളുടേയും ഇടവക മദ്ധ്യസ്ഥന്റെയും മല്പാ°നരുടേയും സകലവിശുദ്ധരുടെയും മാദ്ധ്യസ്ഥത യാചിക്കുന്നു. ദൈവത്തിൽ അഭയവും സഹായവും പിശാചിലും അവന്റെ സൈന്യങ്ങളിൽ നിന്ന് സംരക്ഷണവും നിത്യസൗഭാഗ്യത്തിലുള്ള ഓഹരിയും പരി. ത്രിത്വത്തോട് യാചിക്കുന്നു.

മുദ്രവയ്ക്കൽ പ്രാർത്ഥന (ഹുത്താമ): ജീവിതത്തിലേക്ക് കടന്നുവരുന്ന എല്ലാ ഉപദ്രവങ്ങളിൽ നിന്നും ദൈവജനത്തെ സംരക്ഷിക്കുന്നതിനായി വി. സ്ലീവായുടെ അടയാളത്താൽ ദൈവജനത്തെ മുദ്രിതരാക്കുന്ന സമാപനാശീർവാദമാണിത്. തുടക്കത്തിൽ നിത്യപിതാവിന്റെ പ്രകാശമായ മിശിഹായെ അവതരിപ്പിച്ച് വാഴ്ത്തുന്നു. തുടർന്ന് പ്രാർത്ഥനയുടെ മദ്ധ്യസ്ഥത വഴി പാപങ്ങൾ പൊറുക്കണമെന്ന് യാചിക്കുകയും പീഡകളിൽ ആശ്വസിപ്പിക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. മിശിഹായുടെ മനോജ്ഞമായ പ്രകാശത്തിലേക്ക് ആനയിക്കണമെന്ന യാചന റംശപ്രാർത്ഥനയിലൂടെ ഒരു വിശ്വാസി എപ്രകാരമാണ് പ്രകാശം സ്വീകരിച്ച് തുടർന്ന് വരാൻ പോകുന്ന അന്ധകാരത്തെ നേരിടേണ്ടതെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു.

സമാധാനാശംസ/കൈക്കസ്തൂരി/സ്ലാമ: റംശാപ്രാർത്ഥനയിലൂടെ കരഗതമായ വെളിച്ചം പറയുടെ കീഴിൽ വയ്ക്കാനുള്ള തല്ല അത് കൈമാറ്റപ്പെടാനുള്ളതാണ് എന്ന അവസാന ത്തെ തിരുക്കർമ്മമായ സമാധാനാശംസ വ്യക്തമാക്കുന്നു. തുടർന്ന് വരുന്ന ദിവസം മുഴുവനും മിശിഹായെ മറ്റുള്ളവരിലേക്ക് പകരുക എന്നതാണ് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തം എന്ന് ഈ സമാധാനാശംസ ഓർമ്മിപ്പിക്കുന്നു.

2. ശൂബ്ആ

രാത്രിയുടെ രണ്ടാം യാമത്തിൽ ഈജിപ്തിലെ സന്യാസിമാർ ചൊല്ലിയിരുന്ന പ്രാർത്ഥനയാണിത്. ഇന്ന് ഒരു വേറിട്ട പ്രാർത്ഥനയായി ഇതിനെ ഉപയോഗിക്കുന്നില്ലെങ്കിലും വലിയനോമ്പിലും മൂന്നുനോമ്പിലും റംശാപ്രാർത്ഥനയോട് ചേർത്ത് ഇത് ചൊല്ലാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ലളിതമായ ഘടന താഴെക്കൊടുത്തിരിക്കുന്ന രീതിയിലാണ്.

1 സ്ലോസ, 2 ഒരു ഹുല്ലല, 3 ഗീതം, 4 പ്രതിവചനപ്രകീർത്തനം, 5 തെശ്ബെഹ്താ (സ്തുതിഗീതം), 6 കാറോസൂസ (മദ്ധ്യസ്ഥപ്രാർത്ഥനകൾ), 7 ത്രൈശുദ്ധകീർത്തനം, 8 സ്ലോസ

3. ലെലിയ (രാത്രിജപം)

സമാഗതമാകുന്ന പ്രഭാതത്തെ വരവേല്കുന്നതിനായി വിശ്വാസിയെ ഒരുക്കുന്ന പ്രാർത്ഥനയാണ് രാത്രിയുടെ മൂന്നാം യാമത്തിൽ ചൊല്ലുന്ന ലെലിയ. അർദ്ധരാത്രിയിൽ വരുന്ന മിശിഹായെ സ്വീകരിക്കുന്നതിനായി ആദിമക്രൈസ്തവർ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നതിന്റെ ഓർമ്മപുതുക്കൽ കൂടിയാണ് ഈ പ്രാർത്ഥന. നിയതമായ ഒരു ആശീർവാദപ്രാർത്ഥന ഇല്ലാതെ സമാപിക്കുന്ന ലെലിയാ പ്രാർത്ഥന ഇതിനെ തുടർന്ന് വരുന്ന “ഖലാദ് ശഹ്റാ”യും സപ്രായുമായുള്ള ആഴമേറിയ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. “നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ” എന്ന ഡീക്കന്റെ ആഹ്വാനത്തോടെ ആരംഭിക്കുകയും കൃത്യമായ ആശീർവാദപ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്യുന്ന പ്രഭാതപ്രാർത്ഥന (സപ്ര) ലെലിയാ പ്രാർത്ഥനയുടെ യാഥാർത്ഥ തുടർച്ചയും ഔദ്യോഗികമായ മുദ്രവയ്ക്കൽ പ്രാർത്ഥനയുമായും വർത്തിക്കുന്നു. അതുകൊണ്ട് രാത്രികാല പ്രാർത്ഥനകളുടെ (ലെലിയ, ഖലാദ് ശഹ്റ, സപ്രാ)ഒരു തുടക്കവും രാത്രിയിലെ പ്രാർത്ഥനകളുടെ ഒരു ക്രമവും മാത്രമാണ് ലെലിയായിൽ ഉള്ളത്.

പ്രാരംഭകർമ്മങ്ങൾ: റംശയിലെ അതേ ക്രമത്തിലാണ് ലെലിയായും ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ ദൈവശാസ്ത്രപരമായ അർത്ഥങ്ങളും പ്രാധാന

www.malankaralibrary.com

ലക്ഷ്യവും ഒന്നുതന്നെയാണ്.
സമാധാനാശംസ, അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.. ഇവയെല്ലാം വംശയിലെ അതേ ക്രമവും അർത്ഥവും നിലനിർത്തുന്നു. ഇത് യാമപ്രാർത്ഥനകൾ തമ്മിലുള്ള പരസ്പരബന്ധത്തെയും ഐക്യത്തെയും വെളിപ്പെടുത്തുന്നു.
സ്ലോസാ: ഈ പ്രാർത്ഥന ദൈവത്തെ പാപികളുടെ ആലംബവും പീഡിതരുടെ ആശ്വാസവുമെന്ന് അഭിസംബോധന ചെയ്ത് ആരാധനാസമൂഹത്തെ മുഴുവനെയും അലസതയിൽ നിന്ന് ഉണർത്തി ശ്രദ്ധാപൂർവ്വം ദൈവത്തെ ശുശ്രൂഷിക്കാൻ പഠിപ്പിക്കണമെന്ന് പ്രാർത്ഥിക്കുന്നു. രാത്രിയിലെ വിശ്രമം അലസത നിറഞ്ഞതാകാതെ ശ്രദ്ധാപൂർവ്വം ദൈവത്തെ ശുശ്രൂഷിക്കുന്നതിനുള്ള തയ്യാറെടുപ്പും ഊർജ്ജം സംഭരിക്കലുമായി മാറണമെന്ന് ഈ പ്രാർത്ഥന ഓർമ്മിപ്പിക്കുന്നു.
മർമ്മീസ (സങ്കീർത്തനഗണം): ദൈവത്തിലുള്ള ആഴമേറിയ വിശ്വാസം പ്രഖ്യാപിക്കുകയും ദൈവത്തിന്റെ രക്ഷയിലുള്ള പ്രത്യാശയും, ദൈവത്തിലുള്ള പരിപൂർണ്ണ ആശ്രയത്വവും പ്രഖ്യാപിക്കുന്നതിനുവേണ്ടിയാണ് സങ്കീർത്തനങ്ങൾ ആലപിക്കുന്നത്. ഒന്നിലധികം സങ്കീർത്തനങ്ങൾ ചേർന്നുള്ള 'മർമ്മീസ' എന്നറിയപ്പെടുന്ന ഒരു ഗണം സങ്കീർത്തനങ്ങളാണ് ലെലിയായിൽ ഒരു ഗണമായി ആരാധനാസമൂഹം ആലപിക്കുന്നത്.
സ്ലോസാ: മർമ്മീസകളുടെ പിന്നാലെ ചൊല്ലുന്ന ഈ പ്രാർത്ഥന ദൈവത്തിനു മുമ്പിൽ സ്തുതികളർപ്പിക്കാനുള്ള ആരാധനാസമൂഹത്തിന്റെ അയോഗ്യത വ്യക്തമാക്കുന്നു. പാപികളായ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളുകയും അതിൽ സംപ്രീതനായി അങ്ങയുടെ അനന്തമായ അനുഗ്രഹത്തിന് ഞങ്ങളെ അർഹരാക്കണമെന്ന് പ്രാർത്ഥിക്കുന്നു.
ഓനീസാദ് മൗത്വ (നിശാഗീതം): ഇതിന് രണ്ട് ഭാഗങ്ങളുണ്ട്. ആരാധനാക്രമകാലത്തിനനുസരിച്ച് ദിവസവും മാറി വരുന്ന ഒന്നാം ഭാഗവും എല്ലാദിവസവും ആലപിക്കേണ്ട മാറ്റമില്ലാത്ത രണ്ടാം ഭാഗവും. ഒന്നാം ഭാഗം അതാതുകാലത്തിന്റെ ചിന്തകളെ വി. ഗ്രന്ഥങ്ങളുടെയും സഭാപിതാക്കന്മാരുടെയും പിന്തുണയോടെ വിവരിക്കുമ്പോൾ രണ്ടാം ഭാഗം ദൈനംദിന ആവശ്യങ്ങൾക്കും ദൈവത്തിന്റെ ഇടപെടലുകൾക്കും കരുണയ്ക്കും വേണ്ടിയു ള്ള യാചനയാണ്. പീഡകളിൽ നിന്ന് വിമുക്തിയും സമാധാനവും ചൂഷണത്തിൽ നിന്നുള്ള മോചനവും യുദ്ധങ്ങളിൽ നിന്ന് രക്ഷയും സ്വർഗ്ഗത്തിനുള്ള അവകാശവും പാപങ്ങളുടെ മോചനവും തുടങ്ങി നിരവധി ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഈ നിയോഗങ്ങളെല്ലാം പൊതുസ്വഭാവമുള്ളവയാണ്. ഇതിന്റെ അവസാനഭാഗത്ത് പരിശുദ്ധ കന്യകാമറിയത്തിന്റെയും അപ്പസ്തോലന്മാരുടെയും ഇടവമദ്ധ്യസ്ഥന്റെയും മദ്ധ്യസ്ഥത യാചിക്കുന്നു.
സ്ലോസാ: ഭൂമിയിലെ സഭയും സ്വർഗ്ഗീയ സഭയും ഒന്നുചേരുന്ന പ്രാർത്ഥനകളാണ് യാമപ്രാർത്ഥനകളെന്ന് ഈ പ്രാർത്ഥന ഊന്നിപ്പറയുന്നു. മാലാഖമാർ അങ്ങയെ സ്തുതിക്കുന്നു, മനുഷ്യർ അങ്ങയെ പുകഴ്ത്തുകയും സൃഷ്ടികളെല്ലാം അങ്ങയെ ആരാധിക്കുകയും ചെയ്യുന്നു എന്ന വാക്കിലൂടെ.
ശൂബാഹാ - സ്തുതിഗീതം: രാത്രിയിൽ ഉണർന്നിരുന്ന് ദൈവത്തിന് സ്തുതികളർപ്പിക്കുക വഴി നിദ്രയിലാണ്ടിരിക്കുന്ന മുഴുവൻ ലോകത്തിനും വേണ്ടി മദ്ധ്യസ്ഥം വഹിക്കാൻ ആരാധനാസമൂഹത്തിന് സാധിക്കുന്നു. വി. ഗ്രന്ഥത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നെടുത്ത, പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ നിന്നെടുത്തിട്ടുള്ള ആശയങ്ങളെയാണ് പ്രത്യേകിച്ചും അതാത് ആരാധനാക്രമകാലത്തോട് ബന്ധപ്പെട്ട ചിന്തകളെയാണ് ഈ ദൈവസ്തുതിയിൽ നാം അനുസ്മരിക്കുന്നത്.
തെശ്ബെഹൊത്ത (മഹത്വപ്പെടുത്തൽ): ആരാധനാക്രമകാലത്തിന്റെയും

www.malankaralibrary.com

തിരുനാളുകളുടെയും ദൈവശാസ്ത്രചിന്തകൾ സുന്ദരമായി അവതരിപ്പിക്കുന്ന ഗീതമാണിത്.

എങ്കർത്ത/ ലേഖനം: യാമപ്രാർത്ഥനകളും ദൈവവചനവും തമ്മിലുള്ള ആഴമേറിയ ബന്ധത്തെ വെളിപ്പെടുത്തുന്നതാണ് ലേഖനങ്ങളിൽ നിന്നുള്ള വായന. അപ്പസ്തോലന്മാരുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തമമായ ക്രൈസ്തവജീവിതം നയിക്കാൻ ആരാധനാസമൂഹത്തെ സഹായിക്കുന്നു.

കാറോസൂസ (മധ്യസ്ഥപ്രാർത്ഥനകൾ): അനുദിന ആവശ്യങ്ങളെ ദൈവതിരുസന്നിധിയിൽ സമർപ്പിക്കുന്ന ഭാഗമാണിത്. ഇതിന്റെ അവസാനഭാഗത്തുള്ള 3 കാറോസൂസകൾ മാറ്റമില്ലാത്തവയാണ്. അതിൽ ഒന്നാമത്തേത് സഭാധികാരികൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ്. രണ്ടാമത്തേത് ദൈവത്തിന്റെ അനുഗ്രഹസമ്പന്നതയെയും കരുണാസമൃദ്ധിയെയും ഏറ്റുപറയുന്നു. മൂന്നാമത്തേത് നീതിമാൻമാരുടെ വലത്തുഭാഗത്ത് നിൽക്കാനുള്ള വരം സഭയ്ക്ക് വേണ്ടി യാചിക്കുന്നു.

സ്ലോസ : നിയതമായ ഒരു സമാപനപ്രാർത്ഥനയില്ലാത്ത ലെലിയ ഒരു സ്ലോസായിലൂടെ താത്കാലിക വിരാമമിടുകയും തുടർന്നുവരുന്ന പ്രാർത്ഥനകളോടെ തുടരുന്ന നിശാപ്രാർത്ഥനകൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ദൈവം നല്കിയ അനുഗ്രഹങ്ങൾക്കും ഇവിടെ ദൈവത്തിനു നന്ദി പറയുകയും അവിടുത്തെ തൃക്കരം നീട്ടി മക്കളായ ഞങ്ങളെ എല്ലാവരേയും അനുഗ്രഹിക്കണമേയെന്ന പ്രാർത്ഥനയോടെ ലെലിയ അവസാനിക്കുന്നു.

4. ഖലാദ് ശഹ്റ

രാത്രിയുടെ നാലാം യാമത്തിൽ ചൊല്ലിയിരുന്ന ഈ പ്രാർത്ഥന നന്മയേയും തിന്മയേയും തിരിച്ചറിയാനും എല്ലാവിധ പ്രലോഭനങ്ങളിൽ നിന്നും അകന്നുനിൽക്കാനുള്ള വരത്തിനായി പ്രാർത്ഥിക്കുന്നു. ലെലിയായുടെ തുടർച്ചയായ ഖലാദ് ശഹ്റയും മുദ്രവയ്ക്കൽ പ്രാർത്ഥനയില്ലാതെ സപ്രായിലേക്ക് വാതിൽ തുറക്കുകയാണ് ചെയ്യുന്നത്. ഞായറാഴ്ചകളിലും തിരുനാൾ ദിനങ്ങളിലും ജാഗരണപ്രാർത്ഥന അനുഷ്ഠിച്ചിരുന്ന ദിവസങ്ങളായിരുന്നു. വലിയ നോമ്പിലൊഴികെ സാധാരണദിവസങ്ങളിൽ ജാഗരണപ്രാർത്ഥന നടത്തിയിരുന്നില്ല. ഇതിന്റെ പ്രധാനഘടകങ്ങൾ താഴെപ്പറയുന്നവയാണ്. 1 സ്ലോസ, 2 സങ്കീർത്തനം, 3 നിശാഗീതം, 4 പ്രതിവചനസങ്കീർത്തനം, 5 തെശ്ബെഹൊത്ത, 6 കാറോസൂസ, 7 സ്ലോസ

5. സപ്രാ (ഞായറാഴ്ചകളിലും തിരുനാൾ ദിനങ്ങളിലും)

സ്ലോസ: ഡീക്കന്റെ ആഹ്വാനത്തിന് ശേഷമാണ് സ്ലോസ കടന്നുവരുന്നത്. ദൈവത്തിന്റെ പ്രകാശത്താൽ നിറയാനുള്ള സന്നദ്ധതയും അവിടുത്തെ രണ്ടാമത്തെ ആഗമനത്തിൽ സന്തോഷിക്കാനുള്ള ആഗ്രഹവും വി. രഹസ്യങ്ങളിൽ (വി. കുർബാന) യോഗ്യതയോടെ പങ്കെടുക്കുവാനുള്ള വരവും ഇവിടെ പ്രാർത്ഥിക്കുന്നു.

സങ്കീർത്തനങ്ങൾ: വി. ബേസിലിന്റെ അഭിപ്രായത്തിൽ സന്തോഷഭരിതമായ ഹൃദയത്തോടെ വേണം ഓരോ ദിവസവും ആരംഭിക്കാൻ. ഇതിനായി സ്തുതിയും മഹത്ത്വവും പ്രത്യാശയും ആശ്രയത്വവും നിറഞ്ഞു തുളുമ്പുന്ന സങ്കീർത്തനങ്ങളാലപിക്കുക എന്നതിനേക്കാൾ എളുപ്പവഴി വേറെയില്ല. ഓരോ സങ്കീർത്തനത്തെയും പരിചയപ്പെടുത്തുന്ന കാനോനകൾ അവയുടെ ഉള്ളടക്കം എന്താണെന്ന് ഒറ്റവാക്കിൽ നമുക്ക് പറഞ്ഞ് തരുന്നു.

സങ്കീർത്തനം 100: തീർത്ഥാടകർ ആലപിച്ചിരുന്ന ഈ സങ്കീർത്തനം പ്രകാശത്തിന്റെ സൃഷ്ടാവും ദാതാവുമായ ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനും നമ്മെ ക്ഷണിക്കുന്നു. കൂടാതെ ദൈവത്തിന്റെ ഭവനത്തിൽ/ അങ്കണത്തിൽ പ്രവേശിക്കുന്നതിന്റെ യോഗ്യതകളായി കൃതജ്ഞതയർപ്പണത്തിന്റെയും സ്തുതിയർപ്പണത്തിന്റെയും മനോഭാവങ്ങളെ ഈ സങ്കീർത്തനം പരിചയപ്പെടുത്തുകയും ചെയ്യുന്നു.

www.malankaralibrary.com

സ്ലോസ: സകലത്തിന്റെയും സ്രഷ്ടാവും പ്രകാശം നല്കുന്നവനുമായ ദൈവത്തിന് സ്തുതിയും സ്തോത്രവുമർപ്പിക്കുന്ന പ്രാർത്ഥന.

സങ്കീർത്തനം 91: ദൈവത്തിൽ ശരണപ്പെടുന്നവർക്ക് അവിടുന്ന് ഉറപ്പുനൽകുന്ന അഭയവും സങ്കേതവും ഈ സങ്കീർത്തനം വിവരിക്കുന്നു. അവിടുത്തെ സംരക്ഷണം പ്രശംസനീയവും സ്തുതിക്ക് അർഹവുമാണ്. കാരണം ശത്രുവിന്റെ കെണികളിൽ നിന്ന് അവിടുന്ന് നമ്മെ രക്ഷിക്കുകയും തന്റെ തൂവലുകളുടെ അടിയിൽ നമ്മെ കാത്തുസൂക്ഷിക്കുകയും മഹത്ത്വവും സുരക്ഷിതത്വവും തന്റെ ആരാധകർക്ക് നല്കുകയും ചെയ്യുന്നു.

സ്ലോസ: കർത്താവിൽ അഭയം തേടിയവരാരും നിരാശരായിട്ടില്ലെന്ന് ഏറ്റുപറഞ്ഞുകൊണ്ട് 91-ാം സങ്കീർത്തനത്തിന്റെ വെളിച്ചത്തിൽ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ ഒന്നുകൂടി സ്തുതിക്കുന്നു.

സങ്കീർത്തനം 104: എല്ലാറ്റിന്റെയും സ്രഷ്ടാവാണ് ദൈവം. അവിടുത്തെ മഹത്ത്വം അപാരമാണ്. മഹത്ത്വവും തേജസ്സും അവിടുത്തെ വസ്ത്രങ്ങളാണ്. പ്രകാശം ദൈവത്തിന്റെ മേലങ്കിയും മേഘങ്ങൾ രഥങ്ങളും അഗ്നി ശുശ്രൂഷകരുമാണ്. ഈ ദൈവത്തെ പാടിപ്പുകഴ്ത്താനാണ് 104-ാം സങ്കീർത്തനം ക്ഷണിക്കുന്നത്.

സ്ലോസ : ഈ പ്രാർത്ഥന ദൈവത്തെ പ്രകാശത്തിന്റെ സ്രഷ്ടാവും ഇരുളിനെ ക്രമപ്പെടുത്തുന്നവനും സകല സൃഷ്ടികളെയും ആനന്ദിപ്പിക്കുന്നവനുമാണെന്ന് ഓർമ്മിപ്പിക്കുന്നു.

സങ്കീർത്തനം 93 (150 ഐച്ഛികം) സങ്കീർത്തനം 116 എന്നിങ്ങനെ മൂന്ന് സങ്കീർത്തനങ്ങളെ ഒന്നുചേർത്ത് ആലപിക്കുന്നു. ദൈവത്തിന്റെ ശക്തി, മഹത്ത്വം, സുസ്ഥിരമായ ഭരണം തുടങ്ങിയവയെല്ലാം ഇവിടെ ഏറ്റുപറയുന്നു. 150-ാം സങ്കീർത്തനം മേൽപ്പറഞ്ഞ എല്ലാകാര്യങ്ങൾക്കും വേണ്ടി ദൈവത്തെ സ്തുതിക്കാനുള്ള ക്ഷണമാണ്. സങ്കീർത്തനാലാപനത്തിന്റെ സമാപനം പോലെയാണ് സങ്കീർത്തനം 116 കടന്നുവരുന്നത്. ഏറ്റവും ചെറിയ ഈ സങ്കീർത്തനം എല്ലാ സങ്കീർത്തനങ്ങളുടെയും ലക്ഷ്യം കർത്താവിനെ സ്തുതിക്കുക, പുകഴ്ത്തുക എന്നതാണെന്ന് ഒരിക്കൽക്കൂടി ആരാധകരെ ഓർമ്മിപ്പിക്കുന്നു.

സ്ലോസ: സങ്കീർത്തനാലാപനത്തെ സമാപിക്കപ്പിന്ന പ്രാർത്ഥനയാണിത്. ഈശോയെ നിത്യമായ പ്രകാശമെന്നും പിതാവിന്റെ തേജസ്സെന്നും സംബോധന ചെയ്ത് ഈശോയിലൂടെ പൂർത്തിയായ രക്ഷാകരരഹസ്യങ്ങളെ അനുസ്മരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി ലോകത്തിലുദിക്കുകയും നിത്യജീവന്റെ ആശാകിരണങ്ങൾ വീശുകയും ചെയ്ത ഈശോയെ ഇവിടെ അനുസ്മരിക്കുന്നത് തീർച്ചയായും ദൈവശാസ്ത്രപരമായി വളരെ ഉചിതമാണ്. തുടർന്നുവരുന്ന പ്രഭാതഗീതത്തിൽ കാലമനുസരിച്ചുള്ള രക്ഷാകരരഹസ്യങ്ങളുടെ അനുസ്മരണത്തിനൊരുക്കം കൂടിയായ ഈ പ്രാർത്ഥന നിലകൊള്ളുന്നു. അതിനെത്തുടർന്നുവരുന്ന പ്രകാശത്തിന്റെ ഗീതങ്ങളും മിശിഹായെത്തന്നെയാണ് അവതരിപ്പിക്കുന്നത്.

ഓനീസാദ് സപ്ര/ പ്രഭാതഗീതം: രണ്ടു ഭാഗങ്ങളിലായുള്ള ഈ ഗീതം ആദ്യഭാഗത്ത് കാലമനുസരിച്ച് അനുസ്മരിക്കുന്ന മിശിഹാ രഹസ്യത്തേക്കുറിച്ചുള്ള വിചിന്തനങ്ങളും രണ്ടാം ഭാഗത്ത് ദൈവത്തിന്റെ കരുണയും സംരക്ഷണയും ഐശ്വര്യവും യാചിക്കുന്നു.

സ്ലോസ: മിശിഹായിലൂടെ പൂർത്തിയായ ദൈവികവെളിപാടിനെ അനുസ്മരിച്ചുകൊണ്ട് സൃഷ്ടികളെല്ലാം അവിടുത്തെ രണ്ടാമത്തെ ആഗമനം കാത്തിരിക്കുന്നുവെന്നും സ്വർഗ്ഗീയ ഓർശ്ലേമിൽ വിശുദ്ധർക്കൊപ്പം നിത്യസൗഭാഗ്യമനുഭവിക്കുവാൻ ഞങ്ങളെ അർഹരാക്കണമേയെന്നും ഇവിടെ പ്രാർത്ഥിക്കുന്നു.

പ്രകാശത്തിന്റെ ഗീതം: വി. എഫ്രേം എഴുതിയ ക്രിസ്തുവിജ്ഞാനീയത്തിന്റെ കലവറയായ ഈ ഗീതം മിശിഹായെ രക്ഷയുടെ വെളിച്ചമായി അവതരിപ്പിക്കുന്നു. ഈ

www.malankaralibrary.com

വെളിച്ചം പാപത്തിന്റെയും മരണത്തിന്റെയും ഇരുളിനെ കീഴടക്കുന്നു. വളരെ പ്രത്യേകമായൊരു രചനാശൈലി അവലംബിച്ചാണ് പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന വി. എഫ്രേം ഈ ഗീതം രചിച്ചത്. ഇതിന്റെ ഓരോ പല്ലവിയും ആരംഭിക്കുന്നത് 'ഈശോമിശിഹാ' എന്ന വാക്കിലെ ഓരോ അക്ഷരങ്ങളെയും ക്രമമായി പാലിച്ചുകൊണ്ടാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുന്ന ദൈവജനത്തിന്റെ കാത്തിരിപ്പിനെ അതിമനോഹരമായ ഈ ഗീതം അവതരിപ്പിക്കുന്നു.

പ്രകാശത്തിന്റെ രണ്ടാം ഗീതം: സത്യജ്ഞാനവും അജ്ഞതയാകുന്ന ഇരുളിനെ അകറ്റുന്ന രക്ഷയുടെ വെളിച്ചവുമായ മിശിഹായെ പുകഴ്ത്തുന്ന രണ്ടാമത്തെ ഗീതം രചിച്ചത് നർസായി ആണ്. ആദ്യത്തെ മൂന്ന് ഭാഗങ്ങൾ മിശിഹായുടെ സുവിശേഷത്തെ ദൈവത്തെക്കുറിച്ചുള്ള അവികലമായ ജ്ഞാനമായി അവതരിപ്പിക്കുന്നു. ഈ ഗീതം ആര്യൻ പാഷണ്ഡതയെ ചെറുക്കുന്നതിനുവേണ്ടിയാണ് രചിക്കപ്പെട്ടത്. അവസാനത്തെ എട്ടുഭാഗങ്ങൾ മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിൽ അവിടുത്തെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ യാചിക്കുന്നു.

ബാലന്മാരുടെ കീർത്തനം/ ബാറെക് കൊലഹോൻ: തീച്ചൂളയിലെ അഗ്നിജ്വാലകൾക്കിടയിൽ നിന്നുകൊണ്ട് ദൈവത്തെ സ്തുതിച്ച മൂന്നു ബാലന്മാരുടെ (ദാനി 3,23) കീർത്തനമാണിത്. പ്രപഞ്ചത്തിലെ സർവ്വജീവജാലങ്ങളുടേയും സൃഷ്ടാവായ ദൈവത്തെ സ്തുതിക്കുന്നതിനായി ഈ ഗീതം ക്ഷണിക്കുന്നു. അവസാനത്തെ മൂന്നു പാദങ്ങൾ യുഗാന്ത്യോന്മുഖമായ ക്രൈസ്തവജീവിതദർശനങ്ങൾ പങ്കുവയ്ക്കുന്നു.

മഹത്വഗീതം (തെശ്ബെഹ്ത്താ): മൊപസ്തുവെസ്തിയയിലെ തെയദോർ രചിച്ച ക്രിസ്തുവിജ്ഞാനീയ സംബന്ധിയായ ഈ ഗീതം ബാല•ാരുടെ കീർത്തനത്തിന്റെ അതേ ശൈലി പിന്തുടരുന്നു. നിത്യനായ ദൈവം, രാജാക്ക•ാരുടെ രാജാവ്, അത്യുന്നതന്റെ പുത്രൻ, ദൈവത്തിന്റെ കുഞ്ഞാട്, പാപവിമോചകൻ, അമർത്ത്യൻ, ബലവാൻ തുടങ്ങി നിരവധി നാമവിശേഷങ്ങൾ കർത്താവിനെ സ്തുതിക്കാനായി ഉപയോഗിച്ചിരിക്കുന്നു.

സ്ലോസ: തുടർന്നുവരുന്ന സ്ലോസ പരിശുദ്ധിയെക്കുറിച്ചുള്ള ഒരു ധ്യാനം തന്നെയാണ്. ദൈവവും ദൈവത്തിന്റെ ആലയവും ദൈവത്തെ സ്തുതിക്കുന്ന സ്വർഗ്ഗവാസികളും പരിശുദ്ധരാണ് എന്ന് ഈ പ്രാർത്ഥന അനുസ്മരിപ്പിക്കുന്നു. തുടർന്ന് ദൈവത്തെ ആരാധിക്കുന്നവരുടെ ഹൃദയമാകുന്ന ദൈവാലയത്തെയും മനസ്സാക്ഷിയെയും പവിത്രീകരിക്കണമെന്നും പാപങ്ങൾ മോചിക്കണമെന്നും പ്രാർത്ഥിക്കുന്നു.

സഹജപം/ ഹാസ: സഹായഭ്യർത്ഥന പ്രാർത്ഥനയുടെ തൊട്ടുമുമ്പ് സപ്രായിൽ ചൊല്ലിയ മുഴുവൻ സങ്കീർത്തനങ്ങളേയും ഒറ്റവാക്കിൽ ഈ സഹജപം ക്രോഡീകരിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹം ആപത്തുകളിൽ നിന്നു രക്ഷ, പരിപാലനയുടെ തണലിലുള്ള സംരക്ഷണം ഇവയെല്ലാം ഒരിക്കൽക്കൂടി ദൈവത്തോട് ഏറ്റവും സംക്ഷിപ്തമായ രൂപത്തിൽ യാചിക്കുന്നു.

ദ്ഉദ്റാന/ സഹായാഭ്യർത്ഥന: റംശയിലെ അതേ പ്രാർത്ഥന തന്നെയാണ് ഇവിടെ ഉപയോഗിക്കുന്നത്.

മുദ്രവയ്ക്കൽ പ്രാർത്ഥന/ഹുത്താമ: കുരിശടയാളത്തോടും ഔദ്യോഗികമായ ആശീർവാദത്തോടും കൂടി പ്രഭാതപ്രാർത്ഥനയെ മുദ്രവയ്ക്കൽ പ്രാർത്ഥന പര്യവസാനിപ്പിക്കുന്നു. ദൈവത്തിന് സ്തുതി, മാലാഖമാർക്ക് വണക്കം, സാത്താന് ലജ്ജ, സ്ലീവായ്ക്ക് വന്ദനം, തിരുസ്സഭയ്ക്ക് മഹത്വം തുടങ്ങിയ വാക്കുകളിലൂടെ ഈ പ്രാർത്ഥന സപ്രാ പ്രാർത്ഥനയുടെ യഥാർത്ഥ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നു. ഇതിന്റെ രണ്ടാം ഭാഗം മരിച്ചവരുടെ പുനരുത്ഥാനം, അനുതാപികളുടെ പൊറുതി, തടവുകാരുടെ മോചനം, രോഗികളുടെ ആരോഗ്യം, പാപികളോട് കരുണ, എല്ലാ ജീവജാലങ്ങൾക്കും അനുഗ്രഹം എന്നീ നിയോഗങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ച്

www.malankaralibrary.com

ദൈവജനത്തെ ആശീർവദിക്കുന്നു.
കൈക്കസ്ത്തൂരി/സമാധാനാശംസ: മിശിഹായുടെ സമാധാനം നമ്മുടെ ചുറ്റുമുള്ളവർക്ക് പകരുക എന്ന ദൗത്യത്തെ ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട് ദൈവജനം പരസ്പരം സമാധാനം ആശംസിക്കുന്നു.
സപ്രാ സാധാരണദിവസങ്ങളിൽ
പതിവുപോലെ തന്നെ ഡീക്കന്റെ ആഹ്വാനത്തോടെ ആരംഭിക്കുന്നു.
സ്ലോസാ: സൃഷ്ടികൾ ആനന്ദത്തോടെയാണ് ആരാധിക്കാൻ വന്നിരിക്കുന്നതെന്നും അനന്തവും അഗ്രാഹ്യവുമായ സൃഷ്ടികർമ്മത്തെ അനുസ്മരിക്കാനാണ് അവർ വന്നിരിക്കുന്നതെന്നും ഈ പ്രാർത്ഥന ദൈവസന്നിധിയിൽ ഉണർത്തിക്കുന്നു. ദൈവത്തിന്റെ പരിപാലനയെ ഇത് ഏറ്റുപറയുന്നു. ദൈവത്തെ സൃഷ്ടികൾക്ക് കാരണഭൂതനും ആത്മാക്കളുടെ സംരക്ഷകനുമായി ഇത് സംബോധന ചെയ്യുന്നു.
സങ്കീർത്തനം 100 (ഞായറാഴ്ചകളിലെ അതേ സങ്കീർത്തനം)
സ്ലോസ
സങ്കീർത്തനം 91
സ്ലോസ
സങ്കീർത്തനം 104 എല്ലാം ഞായറാഴ്ചകളിൽ ഉപയോഗിക്കുന്നവ തന്നെ.
തുടർന്നുവരുന്ന ഐശ്ചികമായ സങ്കീർത്തനം 148 ദൈവത്തെ സ്തുതിക്കാനുള്ള ശക്തമായ ഒരു ആഹ്വാനമാണ്. പതിവുപോലെ 116-ാം സങ്കീർത്തനം ഈ സങ്കീർത്തനാലാപനത്തിന് തിരശ്ശീലയിടുന്നു.
സകലത്തിന്റേയും നാഥാ:
സാധാരണദിവസങ്ങളിൽ മാത്രമേ ഈ ഉത്ഥാനഗീതം ആലപിക്കാവുള്ളൂ. ആദിമകാലത്ത് ഞായറാഴ്ചകളിൽ മാത്രമാണ് വി. കുർബാന അർപ്പിക്കപ്പെട്ടിരുന്നത്. കുർബാനയർപ്പണം ഇല്ലാത്ത ദിവസങ്ങളിൽ കുർബാനയർപ്പണത്തിന്റെ ചൈതന്യം നിലനിർത്തുന്നതിനുവേണ്ടിയാണ് ഈ ഗീതം ആലപിച്ചിരുന്നത്.
സ്ലോസാ: ദൈവത്തെ ഉന്നതനായും ശരീരങ്ങളെ ഉയിർപ്പിക്കുന്നവനായും ആത്മാക്കളുടെ രക്ഷകനായും അവതരിപ്പിക്കുന്നു. ദൈവത്തെ ആരാധിക്കുവാനും പുകഴ്ത്തുവാനുമുള്ള ദൈവജനത്തിന്റെ കടമയെ ഒരിക്കൽക്കൂടി ഏറ്റുപറയുന്നു.
സങ്കീർത്തനം 51: വലിയനോമ്പുകാലത്ത് പൂർണ്ണമായും മറ്റവസരങ്ങളിൽ ഭാഗികമായും ചൊല്ലുന്ന ഈ സങ്കീർത്തനം അനുരജ്ഞനസ്വഭാവമുള്ളതാണ്. പാപങ്ങൾക്ക് പരിഹാരമായി ദൈവത്തിന്റെ കാരുണ്യം ഈ സങ്കീർത്തനം യാചിക്കുന്നു. തുടർന്നുവരുന്ന വി. എഫ്രേമിന്റെ സ്തുതിഗീതം (തെശ്ബൊഹത്ത) അനുതാപത്തിന്റെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്നതുകൊണ്ട് ഈ പ്രകീർത്തനത്തിന് ശേഷം സ്ലോസ ഒഴിവാക്കിയിരിക്കുന്നു.
തെശ്ബെഹൊത്ത: ആറു പാദങ്ങൾ ഉള്ള ഈ സ്തുതിഗീതം ദൈവത്തെ സ്തുതിക്കുകയും അതേ സമയം അനുതാപത്തിന്റെ ചിന്തകളെ ആരാധകരിൽ എത്തിക്കുകയും ചെയ്യുന്നു. രണ്ടാം ഭാഗം പ്രത്യേകിച്ചു പാപങ്ങൾക്ക് പരിഹാരവും മോചനവും ദൈവത്തോട് യാചിക്കുന്നു.
സ്ലോസാ: ദൈവത്തെ മനുഷ്യവർഗ്ഗത്തിന്റെ ശരണം, സമാധാനത്തിന്റെ തുറമുഖം എന്ന് വിശേഷിപ്പിക്കുന്നു. 51-ാം സങ്കീർത്തനം ആലപിച്ച് ദൈവത്തോട് അനുരജ്ഞനപ്പെട്ടവന് ദൈവത്തെ സംബോധന ചെയ്യാൻ ഉപയോഗിക്കാവുന്ന ഏറ്റവും സുന്ദരമായ വിശേഷണങ്ങളാണിവ. ജീവിതകാലം മുഴുവൻ ദൈവത്തെ സ്തുതിക്കാനുള്ള ഭാഗ്യത്തിനായി ശാന്തിയും സമാധാനവും വർഷിക്കണമെന്ന് പ്രാർത്ഥിക്കുന്നു.
ത്രൈശുദ്ധകീർത്തനം: ഉത്ഥാനഗീതം പോലെ വി. കുർബാനയർപ്പണത്തിന്റെ സ്മരണകളുണർത്താൻ സാധാരണ ദിവസങ്ങളിൽ ആലപിച്ചിരുന്ന ഗീതം. ദൈവം പരിശുദ്ധനും ബലവാനും അമർത്യനുമാണെന്ന് ദൈവജനം ദൈവസന്നിധിയിൽ ഏറ്റുപറയുന്നു.

www.malankaralibrary.com

സ്ലോസ: മുകളിൽ ആലപിച്ച അതേ ആശയത്തെ അടിവരയിടുന്നു. അനുഗ്രഹം വർഷിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുന്നു.

പ്രഭാതഗീതം: ഇതിന്റെ രണ്ട് ഭാഗങ്ങളിൽ ഒന്നാമത്തേത് ദിവസത്തിന്റെയും കാലത്തിന്റെയും ദൈവശാസ്ത്രചിന്തകൾ പകരുന്നു. രണ്ടാം ഭാഗം മൂന്നു യാചനകൾ:- കരുണ, സംരക്ഷണം, ഐശ്വര്യം എന്നിവ യാചിക്കുന്നു.

സ്ലോസ: ദൈവത്തിന്റെയും ദൈവനാമത്തിന്റെയും പരിശുദ്ധിയെ ഏറ്റുപറയുന്നു. ആരാധകരിലേക്ക് ദൈവത്തിന്റെ സ്നേഹമാധുര്യം വർഷിക്കപ്പെടാൻ യാചിക്കുന്നു. ആപത്തുകളിൽ നിന്ന് രക്ഷയും പരിപാലനയുടെ തണലിലുള്ള സംരക്ഷണവും ദൈവത്തോട് യാചിക്കുന്നു.

സഹായാഭ്യർത്ഥന (റംശപ്രാർത്ഥനയിലുള്ള പോലെ)

മുദ്രവയ്ക്കൽ പ്രാർത്ഥന: പീഡയനുഭവിക്കുന്നവർക്ക് ആശ്വാസം, രോഗികൾക്ക് സൗഖ്യം, ദരിദ്രർക്ക് സംരക്ഷണം, പാപികൾക്ക് പശ്ചാത്താപം, മരിച്ചവർക്ക് സ്വർഗ്ഗഭാഗ്യം, നീതിമാ•ാർക്ക് സന്തോഷം എന്നിവ യാചിച്ചുകൊണ്ടും പുതിയ പ്രഭാതം കണ്ട എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കണമെന്ന് യാചിച്ചുകൊണ്ട് കുരിശടയാളത്താൽ ആശീർവദിക്കുന്നു.

സമാധാനാശംസ (റംശയിലേതുപോലെ)

6. വുദാ

വലിയ നോമ്പിലെ ഇടദിവസങ്ങളിൽ/ സാധാരണ ദിവസങ്ങളിൽ 9 മണിക്ക് ചൊല്ലിയിരുന്ന ഈ പ്രാർത്ഥന നിരന്തരമായി പ്രാർത്ഥിക്കുന്നതിന്റെ സത്ഫലങ്ങളെക്കുറിച്ചും അതുവഴി എപ്രകാരം ദിവസത്തിന്റെ നല്ല നിയോഗങ്ങളെ കാത്തുസൂക്ഷിക്കാം എന്നും നമുക്ക് പറഞ്ഞുതരുന്നു. 1 സങ്കീർത്തനം, 2 പ്രതിവചനപ്രാർത്ഥനകൾ, 3 തെശ്ബെഹ്‌ത്ത, 4 ത്രൈശുദ്ധ കീർത്തനം, 5 സമാപനപ്രാർത്ഥനകൾ ഇവയാണ് ഈ പ്രാർത്ഥനയുടെ ഉള്ളടക്കം.

7. എന്ദാനാ

12 മണിക്ക് ചൊല്ലിയിരുന്ന പ്രാർത്ഥന. പ്രഭാതത്തിൽ ലഭിച്ച കൃപകളെ കൂടുതൽ തെളിമയുള്ളതാക്കുന്നതിനും അവയെ നിലനിർത്താനും സഹായിച്ചിരുന്ന പ്രാർത്ഥനയാണിത്. വലിയനോമ്പിലെ സാധാരണ ദിവസങ്ങളിലാണ് ഇവ ചൊല്ലുന്നത്. 1 മൂന്ന് സങ്കീർത്തനങ്ങൾ, ഗീതം, പ്രതിവചനസങ്കീർത്തനം, മദ്ധ്യസ്ഥപ്രാർത്ഥനകൾ, ത്രൈശുദ്ധ കീർത്തനം, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, സമാപനപ്രാർത്ഥനകൾ എന്നിങ്ങനെയാണ് ഈ പ്രാർത്ഥനയുടെ സുപ്രധാന ഘടകങ്ങൾ.

8. തേശ്ശ/ തേശ്ശാ

3 മണിക്ക് ചൊല്ലിയിരുന്ന പ്രാർത്ഥന - ദിവസം മുഴുവനും ആത്മീയമായ ഉണർവ്വ് കാത്തുസൂക്ഷിക്കാൻ വിശ്വാസികളെ സഹായിച്ചിരുന്ന പ്രാർത്ഥന - ഇതിന്റെ ഘടന താഴെപ്പറയുന്നതുപോലെയാണ്. 1/2 സങ്കീർത്തനഗണങ്ങൾ, സ്തുതിഗീതം, സ്ലോസ.

www.malankaralibrary.com

Model Question Paper

Total Marks = 50
Time = One Hour

Answer any Ten questions in one word (10X1=10 marks)

1. Who are the sons of light according to Clement of Alexandria?
2. What is the meaning of the word Hudra?
3. Who composed the first Malayalam text of the Liturgy of the Hours?
4. How many marmithas are there in the text of the Liturgy of the Hours?
5. Meaning of the word Hasa?
6. Who is the author of Mediator Dei?
7. What is “ad Orientam”?
8. What is the full form of CCC?
9. What are efficacious signs of grace, instituted by Christ, and entrusted to the Church?
10. What is “actuosa participatio”?
11. Whose baptism is considered as the fountain head of Christian baptism in Syriac Tradition?
12. Liturgy is not merely a rubrical resource but theology in……………………
13. According to St. Basil how we should start a day?
14. What is the meaning of “Ora et Labora”?

Write One page each on any FOUR of the following questions (4X10=40)

1. Explain the Theology of Sunday
2. Explain lex Orandi, lex Credendi and lex Vivendi
3. Explain the introductory rites of Ramsa
4. Name and explain the time of celebration of the different liturgical Hours
5. How do you explain liturgy as the work of the Father
6. Explain the Jewish background of the Liturgy of the Hours

END

www.malankaralibrary.com